കല്ലറ (വൈക്കം) ഗ്രാമ പഞ്ചായത്ത്

വികസനരേഖ







48-2

കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത്

(വികസന സെമിനാർ)

വികസന രേഖ

ഒമ്പതാം പദ്ധതി – ജനകീയ പദ്ധതി





"ബ്രിട്ടീഷുകാരുടെ നുകത്തിൻ കീഴിൽനിന്ന് ഇൻഡ്യയെ മോചിപ്പിക്കുക എന്നതു മാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽനിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനുപകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താല്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻപോലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർത്ഥം. അധികാരം ഏതാനും വ്യക്തികളിലേക്ക് പകർന്നു കിട്ടുന്നതു കൊണ്ട് യഥാർത്ഥ സ്വരാജ് സ്ഥാപിതമാകുമെന്ന് ഞാൻ കരുതുന്നില്ല. സ്വരാജ് യാഥാർത്ഥ്യമാകുന്നത്, അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെയെതിർക്കാൻ ജനതയാകെ ശക്തി സംഭരിക്കുന്ന അവസരത്തിൽ മാത്രമായിരിക്കും."

– ഗാന്ധിജി




കല്ലറ ഗ്രാമപഞ്ചായത്ത് ഭരണസമിതി







ടി.കെ. ഗോപാലൻ
പ്രസിഡൻറ്



കെ.എൻ. പ്രഭാകരൻ
വൈ. പ്രസിഡണ്ട്




കെ.എൻ. അശോകൻ
സ്റ്റാ. കമ്മിറ്റി ചെയർമാൻ




കെ.ടി. അലക്സാണ്ടർ
വാർഡ് 2




സിസിലിയാമ്മ ജോസഫ്
വാർഡ് 5



മാത്യു തോമസ്
വാർഡ് 6



സരസമ്മ രാമൻ
വാർഡ് 7



എം.പി. പ്രമോദ്
സെക്രട്ടറി




ആലീസ് ജോസഫ്
വാർഡ് 8

മുൻ പഞ്ചായത്തു പ്രസിഡണ്ടുമാർ



കെ.കെ. ശ്രീധരൻ നായർ




ജോസഫ് കുര്യാക്കോസ്



എൻ. പീതാംബരൻ

കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത് ഭൂപടം



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പി.ആർ. നാരായണൻ നായർ

സബ്ബ് എഡിറ്റേഴ്സ്

എം.എസ്. വിജയൻ

പി.കെ. സോമൻ

വി.പി. ഗോപാലകൃഷ്ണൻ നായർ

ഡി.റ്റി.പി. ലേഔട്ട്

ഗ്രാഫിക്സ് സിസ്റ്റംസ്, കോട്ടയം

പ്രിൻറിംഗ്

ഗ്രാഫിക്സ് സിസ്റ്റംസ്

ദി പ്രിൻറ് ഹൗസ്, കോട്ടയം ഫോൺ: 565553

കവർ ഡിസൈൻ

രാജു പ്രണവം കല്ലറ

മാപ്പ് തയ്യാറാക്കിയത്

പരമേശ്വരൻ

രേഖാ ചിത്രം തയ്യാറാക്കിയത്

പ്രശംസ്

പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഇതര ജനപ്രതിനിധികൾ

ബ്ലോക്കു പഞ്ചായത്ത് അംഗം	:	കെ.പി. പ്രതാപൻ
ജില്ലാ പഞ്ചായത്തംഗം	:	സ്റ്റീഫൻ ജോർജ്
നിയമസഭാ പ്രതിനിധി	:	മോൻസ് ജോസഫ് എം.എൽ.എ. (കടുത്തുരുത്തി നിയോജകമണ്ഡലം)
ലോക്സഭാ പ്രതിനിധി	:	രമേശ് ചെന്നിത്തല എം.പി. (കോട്ടയം പാർലമെൻറ് മണ്ഡലം)

ഉള്ളടക്കം

1.	ആമുഖം	8
2.	പഞ്ചായത്ത് പൊതുവിവരണം	11
3.	സാമൂഹ്യസാംസ്ക്കാരിക ചരിത്രം	12
4.	ഭൂപ്രകൃതി ജനപ്രകൃതി	17
5.	വികസന മേഖലകൾ	21
5. 1.	കൃഷിയും ജലസേചനവും	22
5. 2.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	29
5. 3.	വ്യവസായം ടൂറിസം	34
5. 4.	വിദ്യാഭ്യാസം	37
5. 5.	കുടിവെള്ളം പൊതുജനാരോഗ്യം	44
5. 6.	ഗതാഗതം ഊർജ്ജം, മാർക്കറ്റ്	49
5. 7.	പാർപ്പിടം, സാമൂഹ്യക്ഷേമം	55
5. 8.	സംസ്കാരം	61
5. 9.	വനിത	64
5. 10.	സഹകരണം	68
5. 11.	പട്ടികജാതി പട്ടികവർഗ്ഗം	71
5. 12.	വിഭവസമാഹരണം	77
6.	ഉപസംഹാരം	80

വികസന രേഖ തയ്യാറാക്കിയത്

പി.ആർ. നാരായണൻ നായർ

പി.കെ. സോമൻ

പി.എൻ. പ്രതാപൻ

വി.പി. ഗോപാലകൃഷ്ണൻ നായർ

എം.എസ്. വിജയൻ

കെ. ദേവ്

എം.ആർ. ശങ്കരനാരായണൻ

കെ.എൻ. അശോകൻ

എം.പി. പ്രമോദ്

മാത്യു കുളങ്ങര

വികസന രേഖ തയ്യാറാക്കുവാൻ സഹായിച്ചവർ

ജീവൻ
രമ. കെ. നായർ
അമ്പിളി
കെ.എസ്. രവി
ഭാസ്കരൻ പിള്ള
സിന്ധുമോൾ
രാജമ്മ പി.
രാജീവ്
കെ. പ്രകാശ്
മാലിനി
ദിനിൽ കുമാർ
ശ്രീകുമാർ കെ.പി.
പ്രീതാമോൾ
ബീനാമ്മ

വാസന്തി വിജയൻ
സരോജിനി എം.കെ.
വനജാ നാരായണൻ
ശ്രീകല
ഗിരീഷ് എം.എസ്.
പ്രദീപ് കുമാർ റ്റി.വി.
കെ.റ്റി. സന്തോഷ്
വി.വി. മണി
ബേബി വാരപ്പടവിൽ
പി.എൻ. വിജയൻ
ബാബു മോൻ
സി.ബി. സന്തോഷ്
അജി കുമാർ
കെ. എൻ. അശോക് കുമാർ
ശശികുമാർ
ബിജു പി. കെ.

കെ.ആർ.പി. - കെ.പി. ഗോപിനാഥ്



ആമുഖം

അധികാരം ജനങ്ങളിലേക്ക് എന്ന സ്വപ്നം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയിരുന്ന നാൾ മുതൽക്കേ ഉള്ളതാണ്. എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളുടെ പട്ടികയിൽ മാത്രമാണ് പഞ്ചായത്തിരാജിന് സ്ഥാനം ലഭിച്ചത്.

1953 മുതൽ പഞ്ചായത്ത് സമിതികൾ നിലവിലുണ്ടായിരുന്നുവെങ്കിലും പഞ്ചായത്ത് പരിധിയ്ക്കകത്ത് ഉത്പാദനമേഖലകളിൽ നേരിട്ടിടപെട്ടു പ്രവർത്തിക്കുന്നതിനു ആവശ്യമായ അധികാരങ്ങളോ സമ്പത്തോ പഞ്ചായത്തുകൾക്ക് ലഭ്യമായിരുന്നില്ല. ഒരർത്ഥത്തിലും സ്വയംഭരണ സ്ഥാപനങ്ങളാവാൻ അവയ്ക്കു സാധിച്ചില്ല. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നിഷേധിക്കുകയും ഒട്ടും മാറ്റം വരുത്താൻ കഴിയാത്ത വിധത്തിൽ ആസൂത്രണം ചെയ്യപ്പെട്ട നിരവധി കേന്ദ്രപദ്ധതികൾ അടിച്ചേൽപ്പിക്കുകയും ആണുണ്ടായത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥമേധാവികളുടെ ദയാദാക്ഷിണ്യത്തിനു അനുസരണമായാണ് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കുള്ള സ്കീമുകളും ഫണ്ടുകളും അനുവദിക്കപ്പെട്ടിരുന്നത്. തെരഞ്ഞെടുപ്പുകൾ യഥാകാലം നടക്കാതിരുന്നതിനാലും അനിശ്ചിതമായി മാറ്റിവയ്ക്കപ്പെട്ടതിനാലും ഒരേ സമിതിതന്നെ ദീർഘകാലം അധികാരത്തിൽ തുടരുവാനുള്ള സാഹചര്യം ഉണ്ടായിരുന്നു. പഞ്ചായത്ത് പ്രതിനിധികളെ തിരഞ്ഞെടുക്കുവാൻ വോട്ടവകാശം വിനിയോഗിക്കുക എന്നതിലുപരി പഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളിലോ വികസന പ്രവർത്തനങ്ങളിലോ വോട്ടർമാർക്ക് യാതൊരു പങ്കുമുണ്ടായിരുന്നില്ല. അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള അവസരം പോലും നിലവിലില്ലായിരുന്നു.

73-ാം ഭരണഘടനാ ഭേദഗതി ഗ്രാമസഭകളുടെ രൂപീകരണം നിർബ്ബന്ധമാക്കുകയും 241-ാം വകുപ്പ് ഗ്രാമസഭയെ ഗ്രാമത്തിലെ മുഴുവൻ വോട്ടർമാരെ ഉൾക്കൊള്ളുന്നതും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നതുമായ സഭയായി നർവ്വചിക്കുകയും ചെയ്തു. 1994-ലെ കേരളാ പഞ്ചായത്ത് നിയമം നിലവിൽ വന്നതിനെ തുടർന്ന് 1995 ഒക്ടോബർ 2-ന് ഗാന്ധിജയന്തി ദിനത്തിൽ ഗ്രാമപഞ്ചായത്ത് സമിതി നിലവിൽ വന്നു പഞ്ചായത്ത് സമിതി നിലവിൽ വന്ന് 6 മാസത്തിനകം വിളിച്ചു ചേർക്കപ്പെട്ട ഗ്രാമസഭകളിൽ ആദ്യത്തെ സംരംഭമായിട്ടു പോലും മോശമല്ലാത്ത ജനപങ്കാളിത്തം പ്രകടമായിരുന്നു. പഞ്ചായത്തീരാജ് സംവിധാനത്തിൽ ജനങ്ങളിൽ പുതുതായി വന്നുചേർന്ന അവകാശാധികാരങ്ങളും കടമകളും വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു.

കേരള ഗവൺമെൻറും പുതിയതായി രൂപം കൊണ്ട സംസ്ഥാന പ്ലാനിംഗ് ബോർഡും 9-ാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയം അംഗീകരിച്ച് പ്രാവർത്തികമാക്കുന്നതിനും, അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടി ജനകീയാസൂത്രണ പരിപാടി ആവിഷ്കരിക്കുകയും അത് സമയ ബന്ധിതമായി നടപ്പാക്കുന്നതിനു ആവശ്യമായ കർമ്മപരിപാടികൾക്കു രൂപം നൽകുകയും ചെയ്തു.

ആസൂത്രണം മുകളിൽ നിന്നു താഴേയ്ക്കു എന്നുള്ള മാമൂലിനു പകരം അത് ഏറ്റവും താഴേത്തട്ടിൽ നിന്നും - ഗ്രാമസഭകളിൽ നിന്നും തന്നെ തുടങ്ങുന്നതിനും അതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ജനങ്ങളെ പ്രാപ്തരാക്കുന്നതിനും ആവശ്യമായ പരിശീലന പരിപാടികൾ പഞ്ചായത്ത് ജില്ലാതലങ്ങളിൽ സമയബന്ധിതമായി നടത്തപ്പെട്ടു. ആസൂത്രണ പ്രവർത്തനത്തിൽ ഗ്രാമ പഞ്ചായത്തുകളെ സഹായിക്കുന്നതിനുള്ള വിദഗ്ദ്ധ സംഘത്തെ നാട്ടിൽ നിന്നു തന്നെ കണ്ടെത്തുവാനും അവർക്കു വേണ്ട പരിശീലനം നൽകി വികസന റിപ്പോർട്ടും പദ്ധതികളും തയ്യാറാ

ക്കുന്നതിനുള്ള കോർഗ്രൂപ്പാക്കി മാറ്റുന്ന പ്രവർത്തനവും നിർദ്ദേശിക്കപ്പെട്ടു.

1996 സെപ്തംബറിൽ പാലായിൽ വച്ച് നടത്തപ്പെട്ട ജില്ലാ പരിശീലകരുടെ പരിശീലന പരിപാടിയിൽ പഞ്ചായത്തിലെ എട്ടു വാർഡുകളിൽ നിന്നുമായി പഞ്ചായത്ത് സമിതി നാമനിർദ്ദേശം ചെയ്ത ആറു പേരും പഞ്ചായത്ത് പ്രസിഡൻറടക്കം പഞ്ചായത്തുസമിതിയിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തതോടെ ആണ് കല്ലറ പഞ്ചായത്തിൻെറ ജനകീയാസൂത്രണ പരിപാടിയുടെ തുടക്കം കുറിച്ചത്.

1996 സെപ്തം: 22-നു തന്നെ പഞ്ചായത്ത് തല പരിശീലന പരിപാടി നടക്കുകയും 8 വാർഡുകളിൽ നിന്നുമായി മെംബർമാർ നാമനിർദ്ദേശം ചെയ്ത 110 പഞ്ചായത്ത് തല പരിശീലകർ അതിൽ പങ്കെടുക്കുകയും ചെയ്തു. പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ DRP മാരുടേയും LRP മാരുടേയും സഹകരണത്തോടെ 8 വാർഡുകളിലും ജനകീയാസൂത്രണത്തിനായുള്ള വിശേഷാൽ ഗ്രാമസഭകൾ സമയബന്ധിതമായി വിളിച്ചുകൂട്ടുകയും ആ ഗ്രാമസഭകളിൽ വോട്ടർമാർ പന്ത്രണ്ട് വിഷയഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകൾ നടക്കുകയും ചെയ്തു. ചർച്ചകളുടെ അവസാനം എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ അതാതു ഗ്രാമസഭകളിൽ കൺവീനർമാർ വായിച്ച് അവതരിപ്പിക്കുകയും വികസന സെമിനാറിൽ പങ്കെടുക്കുന്നതിന് വിഷയഗ്രൂപ്പടിസ്ഥാനത്തിൽ രണ്ടു പേരെ വീതം തിരഞ്ഞെടുക്കുകയും ചെയ്തു.

1996 നവംബറിൽ ബ്ലോക്കടിസ്ഥാനത്തിൽ നടത്തപ്പെട്ട ജില്ലാ പരിശീലകരുടെ 3 ദിവസത്തെ രണ്ടാംഘട്ട പരിശീലന പരിപാടി കടുത്തുരുത്തിയിൽ വച്ച് നടത്തപ്പെട്ടു. പഞ്ചായത്തിലെ DRP മാരും അംഗങ്ങളും പഞ്ചായത്ത് സെക്രട്ടറിയും ആദ്യവസാനം പരിശീലന പരിപാടിയിൽ പങ്കെടുത്തു. നാളിതുവരെ നടത്തിയിട്ടുള്ള ജനകീയ ആസൂത്രണത്തിൻെറ റിപ്പോർട്ടു കൺവീനർ വായിച്ച് അവതരിപ്പിക്കുകയും ചെയ്തു.

രണ്ടാം ഘട്ട പരിശീലനത്തിനു മുമ്പു തന്നെ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണത്തിനു സ്കാഡുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരുന്നു. പഞ്ചായത്താഫീസിനോടു ചേർന്നു പഞ്ചായത്തിൽ നിന്നും വിട്ടികിട്ടിയ മുറിയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ആഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

വിവശേഖരണം അപൂർണ്ണമെന്നു മനസ്സിലായപ്പോൾ ആദ്യം നടത്തേണ്ടിയിരുന്നതല്ലെങ്കിലും പ്രാഥമിക വിവരസർവ്വേ എല്ലാ വാർഡിലും തുടങ്ങുകയും വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. 25 പേർ വീതം അടങ്ങുന്ന രണ്ട് സംഘങ്ങളായി തിരിഞ്ഞ് പ്രധാന പ്രവർത്തകരും പഞ്ചായത്ത് സമിതി അംഗങ്ങളും തലങ്ങും വിലങ്ങും നടന്ന് പഠന പര്യടന പരിപാടി നടത്തുകയും വിവരം ശേഖരിക്കുകയും ചെയ്തു.

ഒന്നിലധികം തവണ നടന്ന ഉദ്യോഗസ്ഥന്മാരുടെ സമ്മേളനങ്ങൾ, ചർച്ചകൾ, LRP മാരുടെ രണ്ടാംഘട്ട പരിശീലന പരിപാടി, ഗ്രാമസഭാറിപ്പോർട്ടുകളുടെ ചർച്ച, ക്രോഡീകരണം ഇവയ്ക്കു ശേഷം ഓരോ വിഷയത്തിനും ഉത്തവാദപ്പെട്ട പ്രവർത്തകരുടെ നേതൃത്വത്തിൽ ക്രോഡീകരിക്കപ്പെട്ട ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കരട് റിപ്പോർട്ടുകൾ എഴുതി തയ്യാറാക്കി. നീണ്ട മണിക്കൂറുകളിലേ ചർച്ചകൾക്കും സംവാദങ്ങൾക്കും പഠനങ്ങൾക്കും അവലോകനത്തിനും ശേഷം വികസന റിപ്പോർട്ടിന് അന്തിമരൂപം കൊടുക്കുകയും ചെയ്തു.

പഞ്ചായത്തിലെ വന്ദ്യവയോധികർ, വിദഗ്ദ്ധന്മാർ, റിട്ടയേർഡ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, കർഷകർ, തൊഴിലാളികൾ വനിതാക്ഷേമപ്രവർത്തകർ, അങ്ങനെ ജീവിതത്തിൻെറ സമസ്തമേഖലകളുമായി ബന്ധപ്പെട്ടവരിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങളും, ആർജ്ജിക്കാൻ കഴിഞ്ഞ അറിവുകളും - ഇതിൽ കേട്ടറിവുകളും നാട്ടറിവുകളും പെടുന്നു. - ഈ വികസന റിപ്പോർട്ടിൻെറ രൂപീകരണത്തിൽ ഒട്ടൊന്നുമല്ല സഹായിച്ചത്. അതുകൊണ്ട് തന്നെ കൂടുതൽ വിശാലമായ അർത്ഥത്തിൽ ഈ റിപ്പോർട്ട് ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും കൂട്ടായ്മയുടെ ഫലമാണ്.

1996 ഡിസംബർ 21-നു ചേരുന്ന പഞ്ചായത്ത് വികസന സെമിനാറിൽ വിഷയഗ്രൂപ്പ് അടിസ്ഥാനത്തിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നതോടെ ഈ റിപ്പോർട്ടു കൂടുതൽ സമ്പുഷ്ടമാക്കപ്പെടും.

വികസന സെമിനാർ വിഷയാടിസ്ഥാനത്തിൽ കർമ്മ സമിതികൾ രൂപീകരിക്കും. ഈ സമിതികളിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വിദഗ്ദ്ധരും ഉണ്ടായിരിക്കും. 9-ാം പഞ്ചവത്സര പദ്ധതിയിൽ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള 35-40% വരുന്ന ഫണ്ടുകൾ കൊണ്ട് നടപ്പാക്കാനുള്ള സ്കീമുകളും പ്രോജക്ടുകളും തയ്യാറാക്കുന്നത് ഈ കർമ്മസമിതിയായിരിക്കും. അങ്ങനെ തയ്യാറാക്കപ്പെടുന്ന സ്കീമുകളെ സാങ്കേതിക വിദഗ്ദ്ധരും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും ചേർന്ന് പദ്ധതികളാക്കി മാറുന്നതോടെ കല്ലറ


പഞ്ചായത്തിന്റെ വികസന പദ്ധതികൾ ക്രോഡീകരിക്കപ്പെടും. ഇവയിൽ നിന്നും മുൻഗണനാക്രമം നിശ്ചയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ പ്രാവർത്തികമാക്കും.

സംസ്ഥാനത്തിന്റേയും നമ്മുടെ പഞ്ചായത്തിന്റെയും ചരിത്രത്തിൽ ആദ്യമായി പദ്ധതി ആസൂത്രണം മുതൽ നിർവ്വഹണം വരെയുള്ള കാര്യങ്ങളിൽ വോട്ടർമാർക്കു നേരിട്ടിടപെടുന്നതിനുള്ള അവസരം കരഗതമായിരിക്കുകയാണ്. പഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളെക്കുറിച്ച് ചോദിക്കുവാനും, അറിയാനുമുള്ള അവകാശവും അധികാരവും ഗ്രാമസഭകളിലൂടെ ലഭിച്ചിരിക്കുന്നു. ഈ പുതിയ അവകാശ അധികാരങ്ങളുടെ ലഭ്യതയ്ക്കൊപ്പം വന്നു ചേർന്നിട്ടുള്ള കടമകളും ചുമതലയും കൂടിയാകുമ്പോഴേ ജനകീയാസൂത്രണവും വികസനപ്രവർത്തനങ്ങളും ഫലപ്രദമാകുകയുള്ളൂ. ചരിത്രം നമ്മിൽ ഏൽപ്പിച്ചിട്ടുള്ള മഹത്തായ ഈ ദൗത്യം പൂർത്തീകരിക്കുന്നതിനുള്ള കല്ലറ പഞ്ചായത്തിന്റെ ഈ വികസന റിപ്പോർട്ട് നാളെയുടെ യാഥാർത്ഥ്യമാക്കുന്ന ഈ മഹായജ്ഞത്തിൽ നമുക്ക് അണിചേരാം.

പഞ്ചായത്ത് പൊതുവിവരണം



പഞ്ചായത്തിന്റെ പേര്	:	കല്ലറ ഗ്രാമപഞ്ചായത്ത്
വില്ലേജ്	:	കല്ലറ
ബ്ലോക്ക് പഞ്ചായത്ത്	:	കടുത്തുരുത്തി
താലൂക്ക്	:	വൈക്കം
അസംബ്ലി മണ്ഡലം	:	കടുത്തുരുത്തി
വിസ്തീർണ്ണം	:	27.48 ചതുരശ്രകിലോമീറ്റർ
അതിരുകൾ	:	വടക്ക്: കടുത്തുരുത്തി പഞ്ചായത്ത് കിഴക്ക്: മാഞ്ഞൂർ, നീണ്ടൂർ പഞ്ചായത്തുകൾ തെക്ക്: ആർപ്പൂക്കര പഞ്ചായത്ത് പടി: തലയാഴം, വെച്ചൂർ പഞ്ചായത്തുകൾ
ജനസംഖ്യ	:	12991
പുരുഷന്മാർ	:	6529
സ്ത്രീകൾ	:	6462
ജനസാന്ദ്രത	:	472.7
സാക്ഷരർ	:	94%
വാർഡുകൾ	:	8
പ്രസിഡൻറ്	:	ടി.കെ. ഗോപാലൻ
വൈസ് പ്രസിഡൻറ്	:	കെ. എൻ. പ്രഭാകരൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	കെ. എൻ. അശോകൻ



3

സാമൂഹിക സാംസ്കാരിക ചരിത്രം

കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിന്റെ തെക്കു കിഴക്കു ഭാഗത്ത് സ്ഥിതിചെയ്യുന്നതും 27.48 ച. കി. മി. വിസ്തീർണ്ണം വരുന്നതുമായ പ്രദേശമാണ് കല്ലറ ഗ്രാമപഞ്ചായത്ത്. ഈ പ്രദേശത്തിനു കല്ലറ എന്നു പേരുവരുവാൻ വ്യക്തമായ ഐതിഹ്യങ്ങൾ ഒന്നുമില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല് സുലഭമായി ഉണ്ടായിരിക്കുന്നതുകൊണ്ടായിരിക്കാം കല്ലിന്റെ അറ എന്ന അർത്ഥത്തിൽ 'കല്ലറ' ആയത്. അടുത്തകാലം വരെ ഇവിടുത്തെ പുരുഷന്മാരിൽ നല്ലൊരു വിഭാഗം ചെങ്കല്ലുവെട്ടി വലിയ വള്ളങ്ങളിൽ കയറ്റി ചേർത്തല ആലപ്പുഴ വൈക്കം താലൂക്കുകളുടെ വിവിധ ഭാഗങ്ങളിൽ കൊണ്ടുചെന്നു വിൽക്കുന്ന ജോലികളിൽ ഏർപ്പെട്ടിരുന്നു. കല്ലു ചുമന്നു വള്ളത്തിൽ കയറ്റിയിരുന്നതിലധികവും സ്ത്രീതൊഴിലാളികൾ ആയിരുന്നു. അക്കാലങ്ങളിൽ ഈ പ്രദേശത്തെ, വ്യാപാരസ്ഥാപനങ്ങളെല്ലാം തന്നെ ഈ കല്ലു വ്യവസായത്തെ ആശ്രയിച്ചാണു പ്രവർത്തിച്ചിരുന്നത്. അതു കേന്ദ്രീകരിച്ചിരുന്നത് കളമ്പുകാട് തോടിന്റെ ഇരുവശങ്ങളിലുമായിരുന്നു. പുരയിടങ്ങളിലെ ചെങ്കൽ നിക്ഷേപം ഏറെക്കുറെ തീരുകയും ഇത് ഒരു ആദായകരമായ തൊഴിൽ എന്ന നില മാറുകയുംചെയ്തതോടെ മിക്കവരും ഈ രംഗം ഉപേക്ഷിച്ചു. എങ്കിലും 'അന്യപ്രദേശത്ത് പോയി കല്ലുവെട്ടുന്ന തൊഴിലാളികൾ ഇന്നും ഇവിടുണ്ട്. കല്ലറക്കല്ലിന് ഇന്നും സമീപപ്രദേശങ്ങളിൽ പ്രശസ്തിയുണ്ട്.

പതിനഞ്ചാം ശതകം വരെ വടക്കുംകൂർ രാജ്യത്തിന്റെ ഭാഗമായിരുന്നു. ഈ പ്രദേശം വടക്കുംകൂർ രാജാവിന്റെ ആസ്ഥാനം ആദ്യം കടുത്തുരുത്തിയും പിന്നീട് വൈക്കവും ആയിരുന്നു. ഇന്നത്തെ കല്ലറ പഞ്ചായത്തിന്റെ ഭാഗമായ പെരുംതുരുത്ത് പ്രദേശം ഇതേകാലത്ത് തെക്കുംകൂർ രാജാവിന്റെ അധീനതയിലാണെന്ന് അനുമാനിക്കാൻ ന്യായങ്ങളുണ്ട്. കല്ലറപ്രദേശത്തിന്റെ തെക്കേ അതിർത്തിയിൽ ചുങ്കം പിരിച്ചിരുന്നതായും അതിനു നിയുക്തമായ ചുങ്കം പിരിവുകാരൻ ഉണ്ടായിരുന്നതായും പഴമക്കാർ പറയുന്നു. ഈ പ്രദേശം 'ചുങ്കം' എന്നാണ് അറിയപ്പെടുന്നത്.

പിൽക്കാലത്ത് മാർത്താണ്ഡവർമ്മ രാജാവ് തെക്കുംകൂറും, വടക്കുംകൂറും, തിരുവിതാംകൂറിനോടു ചേർത്തപ്പോൾ കല്ലറ പ്രദേശം തിരുവിതാംകൂറിന്റെ ഭാഗമായി. നാട്ടുരാജ്യങ്ങൾ പിടിച്ചടക്കിയതോടൊപ്പം ആ രാജ്യങ്ങളിലെ സർവ്വ വിധ രേഖകളും രാമയ്യന്റെ ഉപദേശപ്രകാരം മാർത്താണ്ഡവർമ്മ നശിപ്പിച്ചതായി പറയുന്നു. എന്തായാലും വടക്കുംകൂറിന്റെയോ തെക്കുംകൂറിന്റെയോ എഴുതപ്പെട്ട ചരിത്രം വളരെ കൂടുതലൊന്നും ലഭ്യമായിട്ടില്ല.

അക്കാലത്ത് ഏതോ ഒരവസരത്തിൽ പട നയിച്ചു വന്ന വേലുത്തമ്പിയും നൂറുകണക്കിനു നായർ പട്ടാളവും കല്ലറ വടക്കുഭാഗത്തുണ്ടായിരുന്ന മുതുകാട്ട് എന്ന ജന്മിഗൃഹത്തിൽ ഒരു ദിവസം താമസിച്ച് വിശ്രമിച്ചശേഷം തിരുച്ചുപോയതായും മുഴുവൻ പട്ടാളക്കാർക്കും ഭക്ഷണവും തോർത്തും മുതുകാട്ടെ അന്നത്തെ കാരണവർ നൽകി സൽക്കരിച്ചതായും ഒരു കഥയുണ്ട്.

പ്രകൃതിദത്തമായി കല്ലറ, തെക്കും വടക്കുമായി വേർപിരിഞ്ഞിട്ടില്ലായിരുന്നെന്നും ഒരൊറ്റ ഭൂപ്രദേശമായിരുന്നുവെന്നും വിശ്വസിക്കാൻ ന്യായങ്ങളുണ്ട്.

തിരുവിതാംകൂർ രാജാവ് ഏറ്റുമാനൂർ ക്ഷേത്രം സന്ദർശിച്ചശേഷം വൈക്കത്തിനു പോകുവാൻ താത്പര്യപ്പെടുകയും അതിനുള്ള ഉപായം ആലോചിക്കുകയും ചെയ്തു. അന്നത്തെ യാത്ര അധികവും വള്ളങ്ങളിലായിരുന്നു. കളമ്പുകാട് എന്ന സ്ഥലനാമത്തിന് ഉപോദ്ബലകമായത് കളമ്പുകാട് എന്ന

പ്രബലമായ ഈഴവ കുടുംബമായിരുന്നത്രേ. രാജാവിനെ എളുപ്പത്തിൽ വള്ളത്തിൽ യാത്രചെയ്ത് വൈക്കത്തെത്തിക്കുന്നതിന് വഴിയൊരുക്കുവാൻ കളമ്പുകാട്ടെ ഈഴവ പ്രമാണിയോട് ആജ്ഞാപിച്ചു. ആജ്ഞ ശിരസാവഹിച്ച് ഒരൊറ്റ രാത്രികൊണ്ട് നൂറുകണക്കിനാളുകളെ കൂട്ടി തോടുവെട്ടിയുണ്ടാക്കിയെന്നും പിറ്റേന്നു രാവിലെ രാജാവ് ഈ തോട്ടിൽക്കൂടി വള്ളത്തിൽ യാത്രചെയ്ത് എളുപ്പത്തിൽ വൈക്കത്തെത്തിയെന്നുമാണ് ഐതിഹ്യം. ചെങ്കൽപ്പാറ വെട്ടിയരിഞ്ഞുണ്ടാക്കിയ ഈ തോടാണ് പിൽക്കാലത്ത് 'കളമ്പുകാട് തോട്' ആയതെന്നു പുരാവൃത്തം.

ഇന്നത്തെ കല്ലറ പഞ്ചായത്തിന്റെ വിസ്തൃതിയുടെ പകുതിയിലധികം വരുന്ന മുണ്ടാർ പ്രദേശം മുൻതലയാഴം പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1950-കളിൽ കുറ്റിക്കാടുകളും കൊണ്ടൽക്കാടുകളും നിറഞ്ഞ വെള്ളക്കെട്ടായിരുന്നു ഈ ചതുപ്പ് പ്രദേശം. ഇതിനോട് ചേർന്നുള്ള കരിയാറ്റിൽ കൂടിയുള്ള വള്ളത്തിൽ യാത്ര അക്കാലത്ത് പേടി സ്വപ്നമായിരുന്നു എങ്കിലും കിഴക്കൻ പ്രദേശങ്ങളിൽ നിന്ന് വൈക്കം, ചേർത്തല, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലേക്കു ആളുകൾ ഇതു വഴിയായിരുന്നു വള്ളത്തിൽ യാത്രചെയ്തിരുന്നത്. കൊച്ചിക്കും ആലപ്പുഴയ്ക്കും മലഞ്ചരക്കുകൾ കൊണ്ടുപോയിരുന്നതും ഇതുവഴിയായിരുന്നു. ഉച്ചകഴിഞ്ഞ് ഈ പ്രദേശത്തു കൂടിയാത്ര ചെയ്യുവാൻ അക്കാലങ്ങളിൽ പലരും ഭയപ്പെട്ടിരുന്നു. പിടിച്ചുപറിക്കാരുടെയും കൊള്ളക്കാരുടെയും പ്രേതഭൂതപിശാചുക്കളുടെയും ആവാസകേന്ദ്രമായി ഇവിടം സമീപ പ്രദേത്തുകാർ കരുതിയിരുന്നു.

കരിയാറ്റിൽ കൂടിയുള്ള യാത്രാവള്ളങ്ങൾക്കു രാത്രികാലങ്ങളിൽ വഴി തെറ്റാതെയിരിക്കുന്നതിന് മുണ്ടാറിന്റെ വടക്കു പടിഞ്ഞാറെ അറ്റത്തെ കരിയാറിനോടു ചേർന്നഭാഗത്ത് ഒരു വിളക്കു മരം രാജഭരണകാലത്ത് സ്ഥാപിച്ചിരുന്നു.

'ഇടനാടൻ' എന്ന ഒരു പുലയ പ്രമാണി കയ്യൂക്കുകൊണ്ട് ഇവിടം അടക്കി വാണിരുന്നതായി കേട്ടറിവുണ്ട്. അയാളും എതിരാളികളുമായുള്ള ഏറ്റുമുട്ടലുകളുടെ കഥകൾ 'ഇടനാടൻ പാട്ട്' എന്ന പേരിൽ ഇവിടെയും പരിസര പ്രദേശത്തും വാമൊഴിയായി പ്രചാരത്തിലുണ്ടായിരുന്നു. ഉള്ളൂരിന്റെ സാഹിത്യ ചരിത്രം ഒന്നാം ഭാഗത്തിൽ ഈ യുവാവ് തണ്ണീർമുക്കം കേന്ദ്രീകരിച്ച് ചുങ്കം പിരിച്ചിരുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ 'ഉൻറാൻ' എന്ന കുപ്രസിദ്ധിയാർജ്ജിച്ച ഒരു മനുഷ്യനായിരുന്നു ഇവിടുത്തെ ആദ്യകാല സ്ഥലവാസിയെന്നും ഒരഭിപ്രായമുണ്ട്. മേൽപ്പടി ഉൻറാനെ സംബന്ധിച്ച് 'വിഷഭൂമി' എന്ന ഒരു സിനിമ മെരിലാൻഡ് സുബ്രഹ്മണ്യ സംവിധാനം ചെയ്ത് നിർമ്മിച്ച് കുണ്ടറ ഭാസി ഉൻറാന്റെ റോളിൽ വേഷമിട്ട് 1970-ൽ പുറത്തിറങ്ങുകയുണ്ടായി. ഈ പടത്തിന്റെ ഷൂട്ടിംഗ് മുണ്ടാറ്റിൽ വെച്ച് നടന്നിട്ടുണ്ട്.

കൊച്ചിക്കാരായ പതിനൊന്നു തുളുബ്രാഹ്മണർ (കൊങ്ങിണി സമുദായം) അടങ്ങുന്ന ഒരു കമ്പനി (സംഘം) കൊച്ചി രാജാവിൽ നിന്ന് മുണ്ടാർ പ്രദേശം പാട്ടത്തിനു വാങ്ങുകയും മാളഞ്ചിറയിലും പരിസരത്തും തൈതെങ്ങുകൾ വച്ചുപിടിപ്പിക്കുകയും ഒന്നാം നമ്പരിൽ മാനേജർമാർ ഒന്നു രണ്ടുപേർ താമസമാക്കുകയും ചെയ്തു. അന്നു മുതലാണ് കമ്പനിക്കരി എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്.

ഇവർ തിരുമല ദേവസ്വത്തിനു പാട്ടാവകാശം കൈമാറുകയും തിരുമല ദേവസ്വത്തിൽ നിന്നും രാജൂ സേട്ട് എന്നയാൾ വാങ്ങുകയും സേട്ടിന്റെ പക്കൽ നിന്നും മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയാർ വാങ്ങുകയും കൊല്ലവർഷം 1101-ൽ മുണ്ടാർ എസ്റ്റേറ്റ് എന്നു നാമകരണം ചെയ്യുകയും ചെയ്തു. പുല്ലുവെട്ടുന്നതിനു മൂന്നു ചക്രം ഒറ്റാലുകൊണ്ട് മീൻ പിടിക്കുന്നതിനു രണ്ടര ചക്രം, വട്ടവലകൊണ്ടു മീൻ പിടിക്കുന്നതിന് ഏഴുചക്രം ഇങ്ങനെ പാസ്സ് ഏർപ്പെടുത്തി ജന്മിഭോഗം പിരിക്കുവാനും തുടങ്ങി. പാസ് കൊടുക്കുന്നതിനും പണം പിരിക്കുന്നതിനും മറ്റുമായി എന്തിനും പോന്ന ചിലരെ കാവലിനും ഏർപ്പെടുത്തി. പുലയസമുദായത്തിലും ഈഴവ സമുദായത്തിലും പെട്ട 13 കുടുംബങ്ങളാണ് മുണ്ടാറിലുണ്ടായിരുന്നത്. വിദൂര സ്ഥലങ്ങളിൽ നിന്നും എത്തിച്ചേർന്ന സമ്പന്ന കൃഷിക്കാർ ഒറ്റയ്ക്കും കൂട്ടായും മുണ്ടാറിന്റെ പലഭാഗങ്ങളിലും അവകാശം വിലയ്ക്കു വാങ്ങി പുറം ബണ്ടുകളുറപ്പിച്ച് നിലത്തിൽ നെൽകൃഷിയും ബണ്ടുകളിൽ തെങ്ങുകൃഷിയും വ്യാപകമാക്കുകയും ചെയ്തു. ഇക്കാലത്തൊക്കെത്തന്നെ കല്ലറ പ്രദേശത്തെ മറ്റു പാടശേഖരങ്ങളും ഭൂമിയാകെത്തന്നെയും സവർണ്ണ ജന്മികളുടെ കയ്യിലായിരുന്നു. 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റു മന്ത്രിസഭ തുടക്കം കുറിച്ചതും പിന്നീട് മാറിമാറിവന്ന വലതു പക്ഷ ഇടതുപക്ഷ മന്ത്രിസഭകളുടെ കാലത്ത് ഏറ്റക്കുറിച്ചിലുകളോടെയെങ്കിലും നടപ്പിലാക്കിയ ഭൂപരിഷ്കരണ നടപടികൾ ഭൂപരിധി നിർണ്ണയം സംബന്ധിച്ച നിയമങ്ങൾ ഇവയെല്ലാം ഭൂമിയുടെ ഉടമസ്ഥതയിലും ഭൂമിയുമായി ബന്ധപ്പെട്ടു ജീവിച്ചിരുന്ന ബഹുഭൂരിപക്ഷം വരുന്ന ജനതയിലും

ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ വരുത്തി. കൃഷിഭൂമി തുണ്ടു തുണ്ടായി വിഭജിച്ചു എന്നതൊഴികെ.

കർഷകത്തൊഴിലാളികളിൽ-അവരിലേറിയ കൂറും പട്ടിക ജാതി പട്ടികവർഗ്ഗത്തിൽ പെടുന്നവരാണ്. - പുതിയ ആത്മവിശ്വാസവും കരുത്തും ഈ സാഹചര്യം പകർന്നു കൊടുത്തു. മഹാ കവി കുമാരനാശാൻ പാടിയതു പോലെ.

'മറ്റുള്ളവർക്കായ് ഉഴാനും നടുവാനും
കറ്റകൊയ്യാനും മെതിക്കാനും'

മാത്രം ജനിച്ചവരല്ല തങ്ങളെന്നും തങ്ങൾക്കും ജനിച്ച മണ്ണിൽ അവകാശം ഉണ്ടെന്നും ഉള്ള പുതിയ അവബോധം കർഷകത്തൊഴിലാളികളുടെ സിരകളിൽ പടർന്നു കയറി.

ഇതിനെത്രയോ മുമ്പു തന്നെ ശ്രീ അയ്യങ്കാളിയുടെയും ശ്രീനാരായണ ഗുരുവിന്റെയും നേതൃത്വത്തിൽ ഉണ്ടായ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ, തിരുവിതാം കൂറിൽ നടന്നു വന്ന ഉത്തരവാദഭരണപ്രക്ഷോഭണം, തീണ്ടൽ തൊടീലിനെതിരായ സമരങ്ങൾ അതിന്റെ ഭാഗമായി നടന്ന വൈക്കം സത്യാഗ്രഹം ഇവയെല്ലാം ഈ പ്രദേശത്ത് പിൽക്കാലത്തുണ്ടായ പുരോഗമന പരമായ മാറ്റങ്ങൾക്കു വിത്തുപാകിയിരുന്നു. വൈക്കം സത്യാഗ്രഹത്തിലെ ഒന്നാമത്തെ വാളൻറിയറായി പങ്കെടുത്ത കല്ലറ കുഞ്ഞാപ്പി എന്ന ഒരു ഹരിജൻ നേതാവുണ്ടായിരുന്നതായി അറിയുന്നു.

ശ്രീ നാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് ധന്യമായിത്തീർന്ന കിഴക്കേ ചോരത്തു ഭവനം പെരുന്തുരുത്തിലുണ്ട് അവിടത്തെ ഒരു കാരണവർ ഉല്ലലയിലെത്തിയ ഗുരുദേവനെ അനേക വള്ളങ്ങളുടെ അകമ്പടിയോടെ സ്വഭവനത്തിൽ ആനയിച്ചതായും ഒരു ദിവസം ആ മഹാപുരുഷൻ അവിടെ താമസിച്ചതായും പഴമക്കാർ പലരും ഓർക്കുന്നു. കല്ലറ പ്രദേശത്തു നിന്നും ദർശനത്തിനും അനുഗ്രഹത്തിനുമായി ചെന്ന ചിലരോട് മദ്യപാനം നിർത്താൻ ഗുരുദേവൻ ഉപദേശിച്ചതായും അന്നു തൊട്ട് അവർ മദ്യപാനം ഉപേക്ഷിച്ചതായും പറയപ്പെടുന്നു.

പൂലയ സമുദായത്തിന്റെ വിവിധ സംഘടനകൾ, സാംബവരുടെയും വിശ്വകർമ്മജരുടെയും സംഘടനകൾ, എസ്.എൻ.ഡി.പി. ശാഖായോഗങ്ങൾ, എൻ.എസ്. കരയോഗങ്ങൾ തുടങ്ങിയ ഒട്ടനവധി സാമുദായിക സംഘടനകളും വിവിധ ക്രിസ്ത്യൻ മതസംഘടനകളും ഇവിടെ പഴയകാലം മുതൽ പ്രവർത്തിക്കുന്നു. സ്വസമുദായാംഗങ്ങളുടെ ഉത്ക്കർഷത്തിനും വളർച്ചയ്ക്കുമുള്ള പ്രവർത്തനങ്ങൾക്കൊപ്പം പഞ്ചായത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി കനപ്പെട്ട സംഭാവനകൾ നൽകുന്നതിനും ഈ സമുദായങ്ങൾ ഒന്നും മടി കാണിച്ചിട്ടില്ല. ഉദാഹരണമായി കല്ലറ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 25 സെൻറ് സ്ഥലം ദാനമായും, കമ്മ്യൂണിറ്റിഹാൾ ഇരിക്കുന്നതുൾപ്പെടെയുള്ള 50 സെൻറു സ്ഥലം നാമമാത്രമായ വിലപറ്റിക്കൊണ്ടു പഞ്ചായത്തിനു വിട്ടുകൊടുത്തതും പഞ്ചായത്ത് ഓഫീസിനു പുറകിൽ കുടുംബക്ഷേമകേന്ദ്രം പണിയുന്നതിന് 15 സെൻറു സ്ഥലം സൗജന്യമായി നൽകിയതും സഹകരണാശുപത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം നൽകിയതും 395-ാം നമ്പർ എൻ.എസ്.എസ്. കരയോഗമാണ്. അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ദേശസേവിനി ഗ്രന്ഥശാല ഇരിക്കുന്ന സ്ഥലവും സോഷ്യൽ വെൽഫെയർ സെൻറർ സ്ഥിതിചെയ്യുന്ന സ്ഥലവും ഇതേ സംഘടന തങ്ങളുടെ ഭരണത്തിലിരിക്കുന്ന പാണ്ഡവർ കുളങ്ങര ദേവസ്വത്തിന്റെ സ്ഥലത്തിൽ നിന്ന് സൗജന്യമായി വിട്ടുകൊടുത്തതാണെന്നും ഉള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്.

-സമീപകാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ 5 സെൻറു സ്ഥലം സൗജന്യമായി നൽകിയത് 121-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖായോഗമാണ്.

മേൽ പ്രസ്താവിച്ച എല്ലാ സമുദായസംഘടനകൾക്കും തന്നെ സ്വന്തം ഉടമസ്ഥതയിലോ, സ്വന്തം ഭരണത്തിൻ കീഴിലോ ക്ഷേത്രങ്ങൾ ഉണ്ടെന്നുള്ളത് ഈ പഞ്ചായത്തിന്റെ ഒരു സവിശേഷതയാണ്.

1900-ാം മാണ്ടിൽ വി. തോമാശ്ലീഹായുടെ നാമധേയത്തിൽ ക്നാനായസമുദായക്കാരുടെ പഴയപള്ളി സ്ഥാപിതമായി. ആ പള്ളിയുടെ കൂദാശയ്ക്കു വന്ന മാക്കീലച്ചനെ കല്ലുകടവിൽ നിന്നും പള്ളിയിലേയ്ക്ക് മഞ്ചലിലെടുത്താണ് ഏതിരേറ്റുകൊണ്ടുവന്നത്. 1975 ഏപ്രിലിൽ ഈ പള്ളിയുടെ പ്ലാറ്റിനം ജൂബിലി വളരെ വിപുലമായ തോതിൽ ആഘോഷിക്കുകയുണ്ടായി. പിൽക്കാലത്ത് ഇതേ സമുദായക്കാരുടെ തന്നെ കല്ലറ പുത്തൻ പള്ളിയും സ്ഥാപിതമായി. പുത്തൻ പള്ളി ഇടവകക്കാരനായ ശ്രീ. ജോസഫ് മാളേക്കൻ ഈ പ്രദേശത്തെ ആദ്യത്തെ നിയമ ബിരുദധാരിയും അഭിഭാഷകനുമായിരുന്നു. ഖാണ്ഡ്യാരൂപതയുടെ മെത്രാൻ ബഹു. എബ്രാഹം വിരുത്തികുളങ്ങര ഈ പഞ്ചായത്തിലെ പ്രഥമ മെത്രാനും പുത്തൻ പള്ളി ഇടവകക്കാരനുമാണ്.

പഞ്ചായത്തിന്റെ ഭാഗമായ മണിയൻ തുരുത്തിൽ പാലാരൂപതയുടെ ഒരു പള്ളിയും തെക്കേ കല്ലറയിൽ ഒരു സി.എസ്.ഐ. പള്ളിയും പെന്തക്കോസ്തുവിഭാഗത്തിന്റെ ഒരു പ്രാർത്ഥനാലയവുമുണ്ട്.

കല്ലറ പഞ്ചായത്തിന്റെ കഴിഞ്ഞ 50 വർഷത്തെ വളർച്ചയുടെ ചരിത്രത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ മഹദ് വ്യക്തിയാണ്. കല്ലറ മന്നം എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. കെ. ആർ. കൃഷ്ണപിള്ള. വിദ്യാഭ്യാസ പ്രവർത്തകൻ, ഗ്രന്ഥശാലാ പ്രവർത്തകൻ, സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിൽ പ്രാത:സ്മരണീയനായ വ്യക്തിയാണ് അദ്ദേഹം. ദീർഘകാലം ഈ പഞ്ചായത്തിന്റെ പ്രസിഡന്റുപദം അലങ്കരിക്കുകയും ഭാരതത്തിലെ ഏറ്റവും നല്ല പത്തു പഞ്ചായത്തുകളിൽ ഒന്ന് എന്ന ബഹുമതി നേടിയെടുക്കുകയും, ഈ പഞ്ചായത്തിന്റെ സർവ്വതോമുഖമായ പുരോഗതിയുടെ ചുക്കാൻ പിടിക്കുകയും ചെയ്ത ശ്രീ. കെ.കെ. ശ്രീധരൻനായർ കല്ലറ പഞ്ചായത്തിൽ എന്നെന്നും സ്മരിക്കപ്പെടുന്ന വ്യക്തിയാണ്. ഈ പ്രദേശത്തിന്റെ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്ന മറ്റു രണ്ടു മഹദ് വ്യക്തികളായിരുന്ന ശ്രീ. പി.ആർ. കൃഷ്ണൻ വൈദ്യരും, ശ്രീ. ഏ.എൻ. വേലുവും.

ആചാര്യവിനോബഭാവെ, ലോക്നായക് ജയപ്രകാശ് നാരായണൻ എന്നീ മഹത്തുക്കൾ അവരുടെ സന്ദർശനംകൊണ്ട് പ്രദേശത്തെ ധന്യമാക്കിയിട്ടുണ്ട്. ഈ പ്രദേശത്തിന്റെ സാംസ്കാരികധാരയെ വളരെയധികം സ്വാധീനിച്ച മഹദ്വ്യക്തിയാണ് സ്വാമിമംഗളാനന്ദ. കല്ലറ ശ്രീശാരദാക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചും മറ്റുമുള്ള അദ്ദേഹത്തിന്റെ പ്രഭാഷണപരമ്പരകൾ സ്മരണീയമാണ്. കൊ.വ. 1122-ൽ ശ്രീ. സി. കേശവനും എ. ജെ. ജോണും ഈ പ്രദേശം സന്ദർശിച്ചു.

കമ്മ്യൂണിസ്റ്റു വേട്ടക്കാലത്ത് പഞ്ചായത്തു പ്രദേശത്തെ ജനങ്ങൾ ക്രൂരമായ പീഡനങ്ങൾക്കിരയായിട്ടുണ്ട്. ഒട്ടനവധി നിരപരാധികൾ കൊടിയ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നു. സുപ്രസിദ്ധസിനിമാതാരം ശ്രീ. സത്യൻ ഇക്കാലത്ത് പോലീസ് സബ് ഇൻസ്പെക്ടറായിരുന്നു. അദ്ദേഹം ഈ കാലയളവിൽ കല്ലറയിൽ വരികയും ഡ്യൂട്ടിയുടെ ഭാഗമായി ഇതിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. സർവ്വശ്രീ. റ്റി.കെ. ഗോപാലൻ തെക്കേടത്തുപറമ്പിൽ, അഴകൻ അമ്പാട്ടുമുക്കിൽ (പീക്കിറി), ദിവംഗതനായ ശ്രീ. ഉലകൻ (മുണ്ടാണിവർക്കി) എന്നിവർ പീഡനവിധേയരായവരിൽപ്പെടുന്നു.

ഭരണപരമായ ചരിത്രം

ഇന്നത്തെ കല്ലറ പഞ്ചായത്തിന്റെ പെരുന്തുരുത്ത് ഒഴികെയുള്ള ഭാഗങ്ങൾ 1953-ൽ മധുരവേലി പഞ്ചായത്തിന്റെ ഭാഗമായിരുന്നു. കടുത്തുരുത്തി പഞ്ചായത്തിൽപ്പെട്ട ആയാംകുടി മധുരവേലി (ദ്വയാംഗമണ്ഡലം) കപിക്കാട്, തലയാഴം പകുതിയുടെ ഭാഗമായിരുന്ന കല്ലറയിലെ മൂന്നു വാർഡുകൾ (4,5,6) ഉൾപ്പെടെ 6 വാർഡുകളും 7 സീറ്റും മധുരവേലി പഞ്ചായത്തിൽ ഉണ്ടായിരുന്നു. ശ്രീ. പി.ജി. നാണുപിള്ള പ്രസിഡന്റും, ശ്രീ. പി.എൻ. കേശവക്കുറുപ്പ് വൈസ് പ്രസിഡന്റും സർവ്വശ്രീ. കെ.പി. കൃഷ്ണപിള്ള കല്ലറ, പി.ജെ. കുട്ടി കല്ലറ, കുര്യൻ വടക്കേത്തൊട്ടിയിൽ, ശ്രീ. മനയ്ക്കൽ ചോതി, ശ്രീ. ജോൺ നെടുന്തുരുത്തിമ്യാലിൽ എന്നിവർ പഞ്ചായത്തു സിമതി അംഗങ്ങളുമായിരുന്നു. ശ്രീ. കെ. കുഞ്ഞുപണിക്കർ ആയിരുന്നു ആദ്യത്തെ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർ.

1956 നവംബർ 1ന് കേരളപ്പിറവി ദിനത്തിൽ മധുരവേലി പഞ്ചായത്തിലെ കല്ലറഭാഗവും, തലയാഴം പഞ്ചായത്തിലെ പുത്തൻ തോടിനു കിഴക്കുള്ള മുണ്ടാർ ഭാഗവും വെച്ചൂർ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന പെരുന്തുരുത്തു ഭാഗവും ചേർത്ത് കല്ലറ വില്ലേജ് നിലവിൽ വന്നു.

1961-ൽ വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനസംഘടിപ്പിക്കുന്നതിനുള്ള ഡിലിമിറ്റേഷൻ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ജനസംഖ്യയിലും വരുമാനത്തിലും ഏറ്റവും പിന്നോക്കം നിന്നിരുന്ന വില്ലേജിനെ ഒരു പഞ്ചായത്താക്കാൻ പ്രസ്തുത കമ്മറ്റിക്ക് അഭിപ്രായമുണ്ടായിരുന്നില്ല. നാട്ടിലെ പലമാന്യവ്യക്തികളുടെയും സമ്മർദ്ദത്തിനേറെയും അശ്രാന്തപരിശ്രമത്തിനേറെയും ഫലമായി കല്ലറ പഞ്ചായത്ത് ഇന്നത്തെ അതിരുകൾക്കുള്ളിൽ അനുവദിച്ചുകിട്ടുകതന്നെ ചെയ്തു.

1963-ൽ പഞ്ചായത്ത് ഓഫീസ് എസ്.എൻ.ഡി.പി. ശാഖായോഗത്തിന്റെ കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിക്കപ്പെട്ടു. ആവർഷം തന്നെ ആദ്യത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്നു. മുണ്ടാറും ഇപ്പോഴത്തെ 2-ാം വാർഡും ചേർന്ന 1-ാം വാർഡ് ദ്വയാംഗമണ്ഡലമായിരുന്നു. സർവ്വശ്രീ. കെ.കെ. ശ്രീധരൻ നായർ പ്രസിഡന്റ്, എ.എൻ. വേലു വൈസ് പ്രസിഡന്റ്, സി.ഒ. കുഞ്ഞുകുഞ്ഞ്, ജോസഫ് കുര്യാക്കോസ്. കെ.വി. കേശവൻ ഭാഗവതർ, ശ്രീമതി ജി. തങ്കമ്മ, യു.എൻ. ഗോപാലൻ, പി.ഒ. ലൂക്കാ എന്നിവർ ഉൾപ്പെടെ ആദ്യത്തെ പഞ്ചായത്തുകമ്മറ്റി നിലവിൽ വന്നു. കല്ലറ


പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി 395-ാം നമ്പർ എൻ സ.എസ്.എസ്. കരയോഗം ദാനമായി നൽകിയ 25 സെൻറു സ്ഥലത്ത് പണിതീർത്ത പുതിയ കെട്ടിടത്തിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം തുടങ്ങി.

1964 ഏപ്രിലിൽ അധികാരമേറ്റ ശ്രീ. കെ.കെ. ശ്രീധരൻനായർ അദ്ധ്യക്ഷനായുള്ള പഞ്ചായത്തു ഭരണസമിതി തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീണ്ടുപോയതിനാൽ ദീർഘകാലം അധികാരത്തിലിരുന്നു. എന്നാൽ രണ്ടാമത്തെ തെരഞ്ഞെടുപ്പിന് രണ്ടുവർഷം മുമ്പ് കമ്മറ്റി അവിശ്വാസം പ്രമേയം കൊണ്ടുവന്നതിനെത്തുടർന്ന് ശ്രീ. ശ്രീധരൻ നായർ പ്രസിഡൻറുപദം ഒഴിയുകയും ശ്രീ. ജോസഫ് കുര്യാക്കോസ് പ്രസിഡൻറ് ആകുകയും ചെയ്തു. രണ്ടുവർഷത്തിനുശേഷം നടന്ന രണ്ടാമത്തെ തെരഞ്ഞെടുപ്പിനെ തുടർന്ന് സർവ്വശ്രീ കെ.കെ. ശ്രീധരൻനായർ പ്രസിഡൻറും, കെ. പത്മനാഭൻ വൈസ് പ്രസിഡൻറും, വി.സി. ഫിലിപ്പ്, സി.കെ. മുരളീധരൻ, കെ.എ. അപ്പച്ചൻ, പി.എൻ. നാരായണൻ നായർ, കെ.കെ. കുര്യാക്കോസ്, ശ്രീമതി പി.എം. മേരി എന്നിവർ മെമ്പറന്മാരുമായുള്ള പഞ്ചായത്തു കമ്മറ്റി നിലവിൽവന്നു. കല്ലറ പഞ്ചായത്ത് 'ജയന്തി പഞ്ചായത്ത്' ആയി തെരഞ്ഞെടുക്കപ്പെടുകയും ഭാരതത്തിലെ ഏറ്റവും നല്ല പത്തു പഞ്ചായത്തുകളിൽ ഒന്ന് എന്ന ബഹുമതി ഈ പഞ്ചായത്തിനെ തേടിയെത്തുകയും ചെയ്തു. ഇതിനെ തുടർന്ന് ഗ്രാമോത്സവത്തിനുവേദിയാകാനും പഞ്ചായത്തിനു കഴിഞ്ഞു. ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നിട്ടുണ്ട്.

മൂന്നാമത്തെ തെരഞ്ഞെടുപ്പിനെ തുടർന്ന് 1988-ൽ നിലവിൽ വന്ന കമ്മറ്റിയിൽ ശ്രീ. എൻ.പിതാംബരൻ പ്രസിഡൻറും ശ്രീ. കെ.ഒ. കോര വൈസ്പ്രസിഡൻറും, ശ്രീമതിമാർ എൽ. ഹൈമവതി, ഫിലോമിനാ തോമസ്, സർവ്വശ്രീ. കെ. പത്മനാഭൻ, എൻ. രാജപ്പൻനായർ, പി.എൻ. പരമേശ്വരൻ, റ്റി.എൻ. വിജയൻ എന്നിവർ മെമ്പറന്മാരുമായിരുന്നു. 1995 ഒക്ടോബർ 2ന് ഗാന്ധിജയന്തിദിനത്തിൽ നിലവിൽ വന്ന കല്ലറ ഗ്രാമപഞ്ചായത്തുസമിതിയുടെ പ്രസിഡൻറ് ശ്രീ. ടി. കെ. ഗോപാലനും വൈസ് പ്രസിഡൻറ് ശ്രീ. കെ. എൻ. പ്രഭാകരനുമാണ്. ശ്രീമതിമാർ സരസമ്മ രാമൻ, ആലീസ് ജോസഫ്, സിസിലിയാമ്മ ജോസഫ്, സർവ്വശ്രീ കെ. എൻ. അശോകൻ, മാത്യു തോമസ്, കെ. ടി. അലക്സാണ്ടർ എന്നിവർ അംഗങ്ങളുമാണ്. ശ്രീ. കെ. എൻ. അശോകൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻകൂടിയാണ്. 3-ാം വാർഡിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻകൂടിയായിരുന്ന ശ്രീ. കെ. ആർ. മുകുന്ദൻനായരുടെ നിര്യാണത്തെത്തുടർന്നു നടന്ന ഉപതെരഞ്ഞെടുപ്പിലാണ് ശ്രീ. കെ. എൻ. അശോകൻ തെരഞ്ഞെടുക്കപ്പെട്ടത്.

4

ഭൂപ്രകൃതി - ജനപ്രകൃതി



പുഴകളും വയലുകളും, മലകളും, കായലുകളും കൊണ്ട് സമ്പന്നമായ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിന്റെ തെക്കേ അറ്റത്തുള്ള പാടശേഖരങ്ങളും തുരുത്തുകളും ഉൾക്കൊള്ളുന്ന പ്രകൃതി രമണീയമായ ഗ്രാമപഞ്ചായത്താണ് കല്ലറ. ഈ ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 27.48 ചതുരശ്ര കിലോമീറ്റർ ആണ്. കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗമനുസരിച്ച് കല്ലറ പഞ്ചായത്തിൽ സമതല പ്രദേശം മാത്രമാണുള്ളത്. ഇതു തന്നെ സമുദ്ര നിരപ്പിൽ നിന്നും ഉയർന്നതെന്നും സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമെന്നും രണ്ടായി തിരിക്കാം. സമുദ്രനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങൾ പാടശേഖരങ്ങളാണ്. ഈ പഞ്ചായത്തിന്റെ ചുറ്റുമായി കടുത്തുരുത്തി മാഞ്ഞൂർ, നീണ്ടൂർ, ആർപ്പൂക്കര, വെച്ചൂർ, തലയാഴം, തലയോലപ്പറമ്പ് എന്നീ പഞ്ചായത്തുകൾ സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2748 ഹെക്ടർ ആണ്. ഇതിൽ 1404 ഹെക്ടർ പുരയിടവും 1258 ഹെക്ടർ വയൽ നിലങ്ങളും 86 ഹെക്ടർ പുറംപോക്ക്, റോഡ് എന്നിവയുമാണ്. മുണ്ടാർ വടക്കേക്കര, കല്ലറ, മണിയന്തുരുത്ത് പറവന്തുരുത്ത്, പെരുന്തുരുത്ത് എന്നീ പ്രദേശങ്ങൾ കല്ലറ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു. ചെറുകുന്നുകളും തുരുത്തുകളും നെൽവയലുകളും കൊണ്ട് മനോഹരമായ ഭൂപ്രദേശമാണിത്.

പഞ്ചായത്തിന്റെ ഏകദേശം 51% ത്തോളം പുരയിടവും 49%ത്തോളം പാടങ്ങളുമാണ്. പഞ്ചായത്തിന്റെ പകുതിയോളം പ്രദേശത്തും കറുത്ത നിറത്തിലുള്ള ചെളിമണ്ണാണ് കാണപ്പെടുന്നത്. ബാക്കി പ്രദേശങ്ങളിൽ ചെമ്മണ്ണ്, മഞ്ഞ കലർന്ന മണ്ണ്, ഇടി മണ്ണ് തുടങ്ങിയവ കാണപ്പെടുന്നു. പഞ്ചായത്തിന്റെ ഒന്നാം വാർഡായ മുണ്ടാർ പ്രദേശം വിസ്തൃതമായ വയൽപ്രദേശം ആണ്. ഈ വയൽ പ്രദേശങ്ങളിൽ അധികവും തരിശിടുന്നതായി കാണുന്നു.

പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പേരുവിവരം

ക്രമ നമ്പർ	പാടശേഖരങ്ങളുടെ പേര്	കൃഷിക്കാരുടെ എണ്ണം
1	പടിഞ്ഞാപ്പുറത്തു വല്യകരി	118
2	മുതിരക്കാലാക്കരി	86
3	കാളത്തോട് പടിത്തിരപ്പള്ളിക്കരി	67
4	പോത്തമ്മാലിക്കരി	63
5	വടക്കുപുറത്തു വല്യകരി	169
6	12-ാം നമ്പർ പുതുക്കരി	33
7	കന്നുകളം	60
8	ഹരിജൻ കോർപ്പറേഷൻ ബ്ലോക്ക്	27
9.	മാമ്പള്ളിക്കരി	24
10	കളത്രക്കരി	36
11	തോട്ടുവേലിക്കരി കുമരോത്തിരി	33
12	പറമ്പൻ കരി, പറമ്പൻ 54	123
13	തട്ടാപറമ്പ്	79
14	9-ാം നമ്പർ ഹരിജൻ ബ്ലോക്ക്	22
15	കങ്ങഴ - 2 (110)	73
16	മുണ്ടോമ്പള്ളി കാരിച്ചാൽ	17
17	കോലത്തുകരി	141
18	കൊടുതുരുത്ത് പുത്തൻകരി എടയാടി	21
19	മഠത്തിപ്പറമ്പ്	25
20	കങ്ങഴ - 9എ, 9ബി	
21	അമ്പാട്ടുമഴുവഞ്ചേരി	20
22	കാളകെട്ടി	25

23	കല്ലറ വടക്കു പടിഞ്ഞാപ്പുറം	76
24	തമ്പാൻ ബ്ലോക്ക്	12
25	7-ാം നമ്പർ മുണ്ടാർ വികസന ബ്ലോക്ക്	16
26	മണകുന്നം	20
27	വടക്കേ പുതുപ്പള്ളി	63
28	വട്ടമറ്റം പടിഞ്ഞാപുറം	19
29	പുലയകോളനി ബ്ലോക്ക്	118
30	മൂശാറ	13
31	10-ാം നമ്പർ മണിമല	3
32	കൊരട്ടി	27
33	ഹരിജൻ കർഷക ബ്ലോക്ക്	41
34	തട്ടാപറമ്പ്	23
35	ഐക്യവിലാസം	20
36	പാഴൂക്കരി തീയത്തിക്കരി	51
37	വെന്തകരി (തെക്ക്)	86
38	കാക്കത്തുരുത്ത് കുറിച്ചീക്കരി	295
39	കോട്ടയം കരി	181
40	ചേനക്കാല	96
41	വെന്തകരി (വടക്ക്)	56
42	ആനച്ചാംകുഴി	120
43	കുഴിപ്പടവ്	98
44	പോട്ടപറിച്ചകരി	60
45	തട്ടാപറമ്പ് (പടിഞ്ഞാറ്)	15
46	80-40 ആലപ്പാട്ടു കണ്ടം	9
47	താമരച്ചാൽ - ചീമനാം കരി	60
48	എക്കമ്മ	58
49	മീനിക്കോണം	48
50	മറ്റത്തിക്കുന്നേക്കരി	51
51	മാന്നാനത്തിക്കരി	18
52	മുണ്ടാർ 6-ാം ബ്ലോക്ക്	40
53	മലേക്കണ്ടം	34
54	പറപ്പിള്ളിച്ചാൽ	14
55	പോട്ടക്കരി പുതിയകരി കാഞ്ഞിരപ്പിള്ളി	22
56	അടിമത്രക്കരി	20
57	വടക്കുന്നപ്പുഴ	11
58	കുന്നത്തുകരി	8
59	അകത്താം തറ	29
60	ചേരിക്കാമൊഴി തേവർക്കണ്ടം	7
61	ബാങ്കുകരി	60
62	പാപ്പാടി	6
63	കോട്ടാപ്പാടം	13

അവലംബം ദ്വിതീയ വിവരശേഖരണം

പട്ടിക 2

രജിസ്റ്റർ ചെയ്യപ്പെടാത്ത ചില പാടങ്ങൾ

നമ്പർ	പാടശേഖർത്തിന്റെ പേര്	കർഷകർ	വിസ്തീർണ്ണം
1	കിണറ്റുകര	9	18.4
2.	കളപ്പുരയക്കൽ കരി	10	27.6
3.	പുതുപ്പള്ളി വാക്കയിൽ	7	14.0
4.	തണ്ടിങ്ങാം കരി	3	7.01
5.	ചിറേക്കണ്ടം	3	5.51
6.	പോഴിത്താഴം	8	10.44
	ആകെ	40	82.96

അവലംബം - ദ്വിതീയവിവരശേഖരണം

സമുദ്രനിരപ്പിൽ നിന്നും അധികം ഉയരത്തിലല്ലാത്ത പുരയിടങ്ങളും സമുദ്രനിരപ്പിൽ നിന്നും താഴന്നു സ്ഥിതിചെയ്യുന്ന വയലുകളുമാണുള്ളത്. വെള്ളം പമ്പു ചെയ്തു കളഞ്ഞതിനുശേഷമാണ് വയലുകളിൽ നെൽ കൃഷി നടത്തുന്നത്. പുരയിടങ്ങളുടെ ശരാശരി ഉയരം അഞ്ചുമീറ്റർ മാത്രമാണ്. കാലവർഷക്കാലത്ത് പഞ്ചായത്തിന്റെ താഴ്ന്ന പ്രദേശങ്ങളായ മുണ്ടാറിലും ഉദിയന്തറയിലും വെള്ളപ്പൊക്കം മൂലമുള്ള കെടുതികൾ സാധാരണമാണ്. ഇവിടങ്ങളിലെ ജനങ്ങളെ അക്കാലത്ത് മാറ്റി പാർപ്പിക്കേണ്ട ചുമതല ശ്രമകരമായിത്തീരാറുണ്ട്. വെള്ളപ്പൊക്ക ഭീഷണികാരണം പല പാടശേഖരങ്ങളും ഒരുപ്പൂകൃഷി മാത്രമായി നടത്തുകയോ തരിശിടുകയോ ചെയ്യുന്നു.

ജല പ്രകൃതി

ജലസമ്പത്തിന്റെ കാര്യത്തിൽ കല്ലറ പഞ്ചായത്തിന്റെ സ്ഥിതി പൂർണ്ണമായും തൃപ്തികരമാണെന്നു പറയുക വയ്യ. പ്രധാനകരയായ കല്ലറയിൽ ഒരിക്കലും വറ്റാത്ത ജലസമ്പത്തുണ്ട്. എന്നാൽ വേനൽക്കാലത്ത് നാല്, അഞ്ച് വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം ഉണ്ടാവാറുണ്ട്. അതുപോലെ എട്ടാം വാർഡിന്റെ താഴ്ന്ന പ്രദേശമായ ഉദിയന്തറ കോളനിയിലും എന്നാൽ വർഷത്തിൽ ഏറിയപങ്കും കുടിവെള്ളപ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് മുണ്ടാർ. വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിപ്പാൻ ഇല്ലത്രേ. എന്ന അവസ്ഥയാണ് മുണ്ടാറിൽ അനുഭവപ്പെടുന്നത്.

പട്ടിക - 3

പ്രധാന തോടുകൾ

നമ്പർ	തോടുകളുടെ പേര്
1	എഴുമാം കായൽ
2	110 - തോട്
3	ദിവാൻ തോട്
4	കോളനിത്തോട്
5	കൊടുതുരുത്ത് - കരിയാർ
6	കളമ്പുകാട് തോട്
7	മുല്ലമംഗലം മുടക്കാലി തോട്
8	മണിയന്തുരുത്ത് - മണിയാപറമ്പ് തോട്
9	പെരുന്തുരുത്ത് - പുത്തൻ തോട്
10	പെരുന്തുരുത്ത് - കൈപ്പുഴക്കരി തോട്
11	മണിയന്തുരുത്ത് - കൈപ്പുഴ പള്ളിത്താഴം തോട്
12	വാലേത്താഴം - കോലത്തുകരികെട്ട് തോട്

അവലംബം പ്രാഥമിക വിവരശേഖരണം.

ജൈവവൈവിധ്യം .

സമതല പ്രദേശങ്ങളിൽ കാണപ്പെടുന്ന മിക്കവാറും എല്ലാത്തരം സസ്യജാലങ്ങളും പക്ഷിമൃഗാദികളും ഇവിടെ കാണപ്പെടുന്നു. സ്വാഭാവികമായി വളർന്നു വരുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റി മറ്റു സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനാൽ. ആഞ്ഞിലി, പ്ലാവ്, പുളി, പാല, ആൽ, കാഞ്ഞിരം, മാവ് തുടങ്ങിയ വൃക്ഷങ്ങൾ തൊടികളിൽ വിരളമായിക്കൊണ്ടിരിക്കുന്നു. റബ്ബറും തെങ്ങും വ്യാപകമാവുന്നു. പാടശേഖരങ്ങളിൽ ആഫ്രിക്കൻ പായൽ, കുളവാഴ, കുളപ്പായൽ, മുള്ളമ്പായൽ, ആമ്പൽ തുടങ്ങിയ ജലസസ്യങ്ങൾ ധാരാളമായുണ്ട്. ജലാശയങ്ങളിൽ കരിമീൻ, കാരി, കൂരി, ചെമ്പല്ലി, കണമ്പ്, വരാൽ തുടങ്ങിയ മത്സ്യങ്ങൾ ധാരാളമായി കാണപ്പെടുന്നു. എന്നാൽ കാരി, കൂരി തുടങ്ങിയ ചെതുമ്പലുകൾ ഇല്ലാത്ത മത്സ്യങ്ങൾക്ക് അജ്ഞാതമായ ഏതോ രോഗം പിടിപെട്ടിരിക്കുന്നു.

ജനപ്രകൃതി.

പ്രാഥമിക വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ജനസംഖ്യ 12991 ആണ്. ഇതനുസരിച്ച് സ്ത്രീകളുടെ എണ്ണം 6462 പുരുഷന്മാരുടെ എണ്ണം 6529.

പട്ടിക താഴെ ചേർത്തിരിക്കുന്നു.

പട്ടിക - 4

നമ്പർ	വാർഡ്	വീടുകളുടെ എണ്ണം	സ്ത്രീകൾ എണ്ണം	പുരുഷന്മാർ	ആകെ എണ്ണം
1	1	391	668	628	1296
2	11	321	799	860	1659
3	111	361	819	802	1621
4	4	439	980	994	1974
5	5	371	881	923	1804
6	6	330	926	947	1873
7	7	280	642	626	1268
8	8	311	747	749	1496
ആകെ	8	2804	6462	6529	12991

അവലംബം പ്രാഥമിക വിവരശേഖരണം

ഈ സ്ഥിതി വിവരക്കണക്കനുസരിച്ച് സ്ത്രീകളേക്കാൾ 67 പുരുഷന്മാർ കൂടുതലാണെന്ന് കാണാൻ കഴിയും. 1994 ലെ കണക്കരുസരിച്ചം സംസ്ഥാനത്തെ ശരാശരി ജനസാന്ദ്രത 801 ആണെങ്കിൽ പഞ്ചായത്തിൽ 473 ആണ്.

പഞ്ചായത്തിൽ ആകെ 2804 വീടുകൾ ഉണ്ട്. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 5 ആണ്.

വിദ്യാഭ്യാസ രംഗത്ത് കോട്ടയം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കല്ലറ ഗ്രാമപഞ്ചായത്ത്. നിരക്ഷരരുടെ എണ്ണം വളരെ കുറവാണ്, സാക്ഷരതാ നിരക്ക് 94% ആണ്. പഞ്ചായത്തിൽ ഭൂരിപക്ഷവും സെക്കണ്ടറി വിദ്യാഭ്യാസം നേടിയവരാണ്. അനേകം ബിരുദധാരികളും ബിരുദാനന്തര ബിരുദ ധാരികളും ഉണ്ട്. എന്നാൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. സേവന തുറകളിലേയ്ക്കാണ് ഇവരുടെ നോട്ടം ഈ സ്ഥിതി മാറ്റേണ്ടതാണ്.

തൊഴിൽ പങ്കാളിത്ത നിരക്ക്

പട്ടിക - 5

ഇനം	സ്ത്രീകൾ	പുരുഷന്മാർ	ആകെ
മുഖ്യതൊഴിൽ	1319	3048	4367
ഭാഗികതൊഴിൽ	205	172	377
ആകെ	1524	3220	4744
ശതമാനം	26.81	48.67	37.41


അവലംബം: പ്രാഥമിക വിവരശേഖരണം

പഞ്ചായത്തിൽ 5 വയസിനു താഴെയുള്ള 1097 കുട്ടികളും 5-നും 18-നും ഇടയിൽ പ്രായമുള്ള 2447 ആളുകളും 18-നും 60-നും ഇടയിൽ പ്രായമുള്ള 7958 ആളുകളുമാണ് ഉള്ളത്. 60-നു മുകളിൽ പ്രായമുള്ളവർ 1216 പേർ ഉണ്ട് 18 വയസിനു മുകളിലുള്ളവരിൽ ഭൂരിപക്ഷവും എസ്. എസം. എൽ. സി. പാസായിട്ടുള്ളവരാണ്. ഇവരിൽ ബിരുദമുള്ളവരുടെ എണ്ണം 562 ആണ്. ജനസംഖ്യ പ്രായം തിരിച്ചുള്ള പട്ടിക

പട്ടിക - 6

വാർഡ്	1	2	3	4	5	6	7	8	ആകെ
5 വയസ്സുവരെ	179	129	144	262	135	99	61	88	1097
6 മുതൽ 18 വരെ	232	356	429	327	334	225	243	301	2447
18 മുതൽ 60 വരെ	544	943	1286	1058	1139	850	1073	1065	7958
60 -നു മേൽ	168	131	115	226	196	94	119	167	1216


അവലംബം - പ്രാഥമിക വിവരശേഖരണം.



സമൂഹത്തിൽ ജാതിയുടേയും മതത്തിന്റേയും സ്വാധീനം കുറഞ്ഞുകുറഞ്ഞു വരുന്നു. സാമുദായിക സംഘർഷങ്ങൾഉണ്ടാകാറില്ല. ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും പണക്കാരും പാവപ്പെട്ടവരും ഉണ്ട്. എന്നാൽ പട്ടികജാതിക്കാരിൽ ധനികർ ഇല്ലെന്നു തന്നെ പറയാം. എന്നാൽ ഇവരിൽ ഭരിപക്ഷത്തിനും സ്വന്തമായി പുരയിടമോ നിലമോ ഉള്ളവരാണ്. വിദ്യാഭ്യാസത്തിലും സർക്കാർ ജോലിയിലും ഇവർ പിന്നിലല്ല. പൊതുവേ പറഞ്ഞാൽ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ നല്ല നിലവാരം പുലർത്തുന്നുവെങ്കിലും സാമ്പത്തിക രംഗത്ത് ഇനിയും ബഹുദൂരം മുന്നേറാനുണ്ട്.




കല്ലറ ഗ്രാമപഞ്ചായത്ത് പ്രാഥമിക വിവരശേഖരണം -ഉൽഘാടനം-പ്രസിഡണ്ട് ശ്രീ. റ്റി.കെ. ഗോപാലൻ നിർവ്വഹിക്കുന്നു.





5



5. 1.

കൃഷിയും ജലസേചനവും

കല്ലറ എന്ന നമ്മുടെ കൊച്ചുഗ്രാമം ഒരു കാലത്ത് കല്ലിന്റെറയും നെല്ലിന്റെറയും അറയെന്നു ഖ്യാതിനേടിയിരുന്നു. മറ്റുദേശക്കാർക്ക് കല്ലറ നെല്ലറയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതിയാകെ മാറിയിരിക്കുന്നു. അപ്പർ കുട്ടനാടിന്റെ ഭാഗമായ ഈ ഉൾനാടൻ ഗ്രാമത്തിന്റെ വികസനം കാർഷിക വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

റവന്യൂകണക്കുകൾ പ്രകാരം 1258 ഹെക്ടർ നിലമാണ് കല്ലറ പഞ്ചായത്തിലുള്ളത്. കരഭൂമിയുടെ വിസ്തൃതി 1404 ഹെക്ടർ ആകുന്നു. കരഭൂമിയിൽ പ്രധാനകൃഷി റബ്ബർ ആണ് തെങ്ങിൻ തോപ്പുകൾ കൂടി റബ്ബർ തോട്ടങ്ങളായി മാറിയപ്പോൾ തന്മൂലം റബ്ബറിനിടയിൽ പെട്ട് സൂര്യപ്രകാശത്തിനും ജലത്തിനും വേണ്ടി പൊരുതി പരാജയപ്പെട്ടു നിൽക്കുന്ന കല്പവൃക്ഷങ്ങൾ പഞ്ചായത്തിന്റെ പല ഭാഗത്തും കാണാം. പതിനഞ്ച് ഇരുപത് വർഷങ്ങൾക്കു മുമ്പുവരെ റബ്ബർ കൃഷി നാമമാത്രവും തെങ്ങ് കരകൃഷിയിലെ പ്രധാന ഇനവും ആയിരുന്നു. കപ്പ, പയർ, എള്ള്, വരക്, പച്ചക്കറികൾ, മുതിര തുടങ്ങിയ കൃഷികളും അക്കാലത്ത് വ്യാപകമായിരുന്നു. കൂടാതെ, വാഴ കുരുമുളക് കൃഷികളും പ്രധാനപ്പെട്ടവ തന്നെയായിരുന്നു. എന്നാലവയുടെ എല്ലാം സ്ഥാനം ഇന്ന് റബ്ബർ അപഹരിച്ചു കഴിഞ്ഞു. തെങ്ങ് പാടശേഖര ബണ്ടുകളിലും വിരിപ്പു നിലങ്ങളിലെ നികർത്തുഭൂമികളിലും ആയി ഒതുങ്ങിക്കൂടിയിരിക്കുന്നു.

പട്ടിക 1 5.1 വിളവിസ്തീർണ്ണവും ഉല്പാദന ക്ഷമതയും

വിള	വിസ്തീർണ്ണം	ഉല്പാദനക്ഷമത
നെല്ല്	1250 ഹെ:	3.7 ടൺ / ഹെ:
പച്ചക്കറി	3 "	
തെങ്ങ്	480 "	7000 / ഹെ:
മരച്ചീനി	80 "	17000 കിലോ / ഹെ:
കുരുമുളക്	10 "	400 കിലോ / ഹെ:
റബ്ബർ	350 "	1418 കിലോ / ഹെ:

അവലംബം ദ്വിതീയ വിവരശേഖരണം

അല്പം ചരിത്രം

ഭൂവിസ്തൃതിയുടെ പകുതിയിലധികം വരുന്ന കരിനിലങ്ങളിലെ നെൽകൃഷിയാണ് പഞ്ചായത്തിലെ പ്രധാന കൃഷി. ഇതിൽ തന്നെ 2333 ഏക്കർ 32 സെൻറു വരുന്ന മുണ്ടാർ നെൽകൃഷിയിടങ്ങളായി മാറുന്ന കാലത്ത് അതിന്റെ മുഴുവൻ അവകാശിയും (പാട്ടക്കാരൻ) കൊടുങ്ങല്ലൂർക്കാരൻ മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയാർ എന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിനു മുമ്പ് യഥാക്രമം പതിനൊന്നു തുളു ബ്രാഹ്മണർ, ഉൾപ്പെടുന്ന ഒരു സംഘം, തിരുമല ദേവസ്വം, രാജൂസേഠ് എന്നിവർ ഉടമകളായിരുന്നിട്ടുണ്ട്. പിൽക്കാലത്ത് കോട്ടയം, കങ്ങഴ, കാഞ്ഞിരപ്പള്ളി, കാളകെട്ടി തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ നിന്നെത്തിയ സമ്പന്ന കൃഷിക്കാർ ബ്ലോക്കുകളായി തിരിച്ച് ഹാജിയാരിൽ നിന്നും ഭൂമി പാട്ടത്തിനെടുക്കുകയും അവർ നിലത്തിനു പുറം ബണ്ടുകൾ ഉറപ്പിച്ച് നെൽകൃഷി തുടങ്ങുകയും ബണ്ടുകളിൽ തെങ്ങ് വച്ചുപിടിപ്പിക്കുകയും ചെയ്തു. മുണ്ടാർ ഒഴികെയുള്ള കരിനിലങ്ങൾ അക്കാലത്ത് ദേവസ്വത്തിന്റെയും ബ്രഹ്മസ്വത്തിന്റെയും ജന്മാവകാശത്തിലും ചുരുക്കം ചിലവ ഇതര സവർണ്ണ സമുദായാംഗങ്ങളായ ജന്മിമാരുടെ അധീനതയിലുമായിരുന്നു. ഈ ജന്മികൾ ആരും തന്നെ നേരിട്ടു കൃഷി നടത്തിയിരുന്നില്ല. കുടിയാന്മാർക്കും പാട്ടക്കുടിയാന്മാർക്കുമായി കൃഷിയിടങ്ങൾ പാട്ടവ്യവസ്ഥയിൽ കൃഷിയിറക്കുന്നതിന് നൽകിയിരുന്നു.

അക്കാലത്ത് പാടശേഖരങ്ങൾക്കൊന്നും തന്നെ പുറം ബണ്ടുകൾ ഉണ്ടായിരുന്നില്ല. വേലിയേറ്റയിറക്കങ്ങൾക്കനുസരിച്ചായിരുന്നു കൃഷി. വേലിയിറക്കസമയത്ത് ചതുപ്പിലെ നീർച്ചാലുകളിൽ മാത്രമായി വെള്ളം ഒതുങ്ങുമ്പോൾ തുണ്ടം കുത്തി (പുരയിടങ്ങളിൽ വാരം കോരുന്നതുപോലെ) വിത്ത് വിതയ്ക്കു

കയോ മുൻകൂട്ടി പുരയിടങ്ങളിലോ വിരിപ്പുനിലങ്ങളിലോ പാകിതയ്യാറാക്കി നിറുത്തിയിരിക്കുന്ന ഒരു മാസത്തിലധികം മൂപ്പു വരുന്ന ഞാറുകൾ പറിച്ചു നട്ടോ ആണു കൃഷി നടത്തിയിരുന്നത്. യാതൊരു വിധ വള പ്രയോഗവും അക്കാലങ്ങളിൽ കരിനിലങ്ങളിലെ നെൽകൃഷിക്കു നടത്തിയിരുന്നില്ല. കീടനാശിനിയെക്കുറിച്ച് കേട്ടറിവു പോലുമുണ്ടായിരുന്നില്ല. രോഗങ്ങളേയും കീടങ്ങളേയും ചെറുക്കുന്നതിനും വെള്ളത്തിന്റെ ഉയർച്ച താഴ്ച നേരിടുന്നതിനും കരുത്തുള്ള ഒട്ടവനധി നാടൻ നെൽവിത്തിനങ്ങൾ അക്കാലത്ത് സുലഭമായിരുന്നു. ഇവയിൽ ഒന്നോരണ്ടോ ഇനങ്ങളൊഴിച്ച് ബാക്കിയെല്ലാം നാട്ടിൽ നിന്നും അപ്രക്ഷമായി നാടൻ നെൽവിത്തിനങ്ങളുടെ പേരുകൾ പോലും പ്രായം ചെന്നകൃഷിക്കാരുടെ ഓർമ്മകളിൽ മാത്രമായി. മുണ്ടകനായിരുന്നു അക്കാലത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന നെല്ലിനം മുണ്ടകന്റെ ചോറും കഞ്ഞിയും ഈപദേശത്തെ ജനങ്ങളുടെ ബലവും ദൗർബ്ബല്യവും ആയിരുന്നു. മുണ്ടകൻ കൃഷിയെന്ന പേരു പുഞ്ചകൃഷിക്ക് ഇപ്പോഴും നിലിനിൽക്കുന്നതിൽ നിന്നു തന്നെ ഈ നെൽവിത്തിനത്തിന്റെ പ്രാധാന്യം വ്യക്തമാകുന്നുണ്ട്. മുണ്ടകനു പുറമെ

ചെന്നെല്ല്, പൊക്കാളി കാരാര്യൻ, ഓരുമുണ്ടകൻ, വയൽത്തൂവ, വൈക്കത്താര്യൻ, കരിക്കൻ, ചീര, കറുത്തചീര, തുടങ്ങിയവ ചെമ്പാവ്, കാറ്റാടി തുടങ്ങിയവ എണ്ണമറ്റ വിത്തിനങ്ങളിൽ ചിലതുമാത്രമാകുന്നു. ഇതിൽ, കാരാര്യൻ, ചെമ്പാവ് ഇവ വിരിപ്പുകൃഷിക്കു ഏറ്റവും യോജിച്ച ഇനങ്ങളായിരുന്നു. കാരാര്യനു വെള്ളത്തെ അതിജീവിക്കുന്നതിന് മുണ്ടകനെപ്പോലെ തന്നെയോ അതിലുപരിയായോ കഴിവ് ഉണ്ട്. ഇവയ്ക്കെല്ലാം പുറമേ, ആയുർവേദ ചികിത്സാ സമ്പ്രദായത്തിൽ വാതരോഗ ചികിത്സയ്ക്കുള്ള പ്രധാന ചികിത്സാരീതിയായ ഞവരക്കിഴിക്ക് ആവശ്യമായ 'ഞവര' എന്ന ഔഷധഗുണമുള്ള നെൽവിത്തിനം ഇവിടങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്നു. ഇന്നും ചികിത്സയ്ക്കു ഉപയോഗിക്കുന്നതുകൊണ്ടാവാം ഔഷധഗുണമുള്ള ഈ നെല്ലിനം ഇപ്പോഴും കുറ്റിയറ്റിട്ടില്ല.

കാലാവസ്ഥയും കാലതരവും അനുകൂലമായാൽ ഒരു മേനിക്കും രണ്ടുമേനിക്കുമിടയിൽ അന്ന് വിളവ് കിട്ടുമായിരുന്നു. കാലാവസ്ഥ ചതിച്ചാൽ വറത്തു പൊടിക്കുന്നതിനുള്ളനെല്ലുപോലും കൃഷിക്കാരനു ലഭിക്കുമായിരുന്നില്ല. എന്നാൽ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ജന്മിഭോഗം അളക്കുവാൻ കൃഷിക്കാരൻ നിർബ്ബന്ധിതനാവുമായിരുന്നു. കൃഷിക്കാരനു കൃഷിയിൽ നിന്നും വല്ലതും ലഭിച്ചോ എന്നുള്ളതൊന്നും ജന്മിയെ അലട്ടിയിരുന്നില്ല. കൃഷിനാശം സംഭവിച്ച കൃഷിക്കാരൻ അന്യപ്രദേശത്തുള്ള കൃഷിക്കാരിൽ നിന്നു കടം വാങ്ങിയോ ആടുമാടുകളെ വിറ്റോ പണയം വെച്ചോ ജന്മിക്കുള്ളത് കൃത്യമായി അളന്നിരുന്നു. അല്ലാത്ത പക്ഷം കൃഷിഭൂമി മാത്രമല്ല നഷ്ടമായിരുന്നത് പ്രത്യുത കിടപ്പാടം പോലും പലർക്കും നഷ്ടമായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും അദ്ധ്വാന ശീലരായ കൃഷിക്കാരും അദ്ധ്വാനിക്കാൻ മാത്രമറിയുന്ന കർഷകത്തൊഴിലാളികളും ചേർന്നു ഒത്തൊരുമയോടെ വർത്തിച്ചിരുന്നതുകൊണ്ട് 1950 കളുടെ ആദ്യം മുതൽ നാട്ടിൽ സുലഭമായിരുന്ന മുളയും വൃക്ഷങ്ങളുടെ കൊമ്പുകളും ചവറും കാരാര്യന്റെയും മുണ്ടകന്റെയും കച്ചിയും ഉപയോഗിച്ച് കൃഷിയിടങ്ങൾക്കു പുറവരമ്പ് പിടിക്കാനും ചക്രം ഉപയോഗിച്ച് വെള്ളം വറ്റിച്ച് വെള്ളക്കെട്ടായിരുന്ന കരിനില പാടശേഖരങ്ങളിൽ കൃഷിയിറക്കാനും തുടങ്ങി.

അതിനും എത്രയോ മുമ്പുമുതൽ തന്നെ കരഭൂമിയോടു ചേർന്നുള്ള വിരിപ്പ് നിലങ്ങളിൽ കാളകളേയും പോത്തുകളേയും ഉപയോഗിച്ച് നിലം ഒരുക്കി വിരിപ്പു കൃഷി നടത്തിയിരുന്നു. വെള്ളം തേകാൻ തേക്കുതൊട്ടിയും ചക്രവും പരമ്പരാഗത ഉപകരണങ്ങളായിരുന്നു. ആറിലചക്രം മുതൽ ഇരുപത്തിനാല് ഇലകൾ വരെയുള്ള വിവിധയിനം ചക്രങ്ങൾ അക്കാലത്തുപയോഗിച്ചിരുന്നു. വിരിപ്പുകൃഷിയിടങ്ങളിൽ കൈകൊണ്ടു കറക്കുന്ന ചെറിയ ചക്രങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. കൃഷിക്കാല രാത്രികൾ തേക്കുപാട്ടും ചക്രം ചവിട്ടുപാട്ടും കൊണ്ട് മുഖരിതമായിരുന്നു. ചക്രം ചവിട്ടുപാട്ട് വഞ്ചിപ്പാട്ടുതന്നെയായിരുന്നു. എന്നാൽ അതിന്റെ പല്ലവി അത്പം വ്യത്യസ്തം ആയിരുന്നു. ഒന്നിലധികം പേർ ചേർന്ന് മാറിമാറി ചക്രം ചവിട്ടുന്ന രീതിക്ക് മാറ്റം എന്നാണു പേർ പറഞ്ഞിരുന്നത്. ഓരോ മാറ്റത്തിന്റെയും സമയം അറിയുന്നതിനു ഘടികാരങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ കണ്ണൻ ചിരട്ട വെള്ളത്തിലിട്ട് ഒരു ചിരട്ട മുങ്ങാനുപയോഗിക്കുന്ന സമയം ഒരു മാറ്റ്മായി കരുതിയിരുന്നു. ഈ കാലങ്ങളിൽ കൃഷിപ്പണിക്കാർക്ക് കൂലി കൂടുതൽ ഭാഗവും നെല്ലായിത്തന്നെയാണ് കൊടുത്തിരുന്നത്.

1957-ൽ നിലവിൽ വന്ന ഇ. എം. എസ്. മന്ത്രിസഭ സംസ്ഥാനത്ത് ആദ്യമായി ഭൂപരിഷ്കരണ നടപടികൾക്ക് തുടക്കം കുറിച്ചു. 70 കളിൽ അതു നടപ്പിലാക്കിയതിനെ തുടർന്ന് ഭൂമിയുടെ ഉടമസ്ഥതയിൽ വന്ന വ്യത്യാസം കൃഷിയിലും, കൃഷിക്കാരിലും കർഷകത്തൊഴിലാളികളിലും ദൂരവ്യാപകമായ മാറ്റങ്ങൾക്കു തുടക്കം

കുറിച്ചു. അതുവരെ ജന്മിയുടെ ഭൂമിയിൽ കൃഷിയിറക്കി പാട്ടം അളന്നു കടത്തിൽ മുങ്ങി നടുവൊടിഞ്ഞ കൃഷിക്കാരൻ കാലക്രമത്തിൽ തങ്ങൾ കൃഷിചെയ്തിരുന്ന ഭൂമിയുടെ ഉടമസ്ഥരായി മാറി. പല കൃഷിക്കാരും അവർ പോലും നിനച്ചിരിയാതെ ഏക്കറുകളുടെ ഉടമകളായി മാറി. അതോടെ ജന്മികൾ വെറും ഏട്ടിലെ പശു മാത്രമാകുകയും ജന്മികളുടെ സ്ഥാനത്ത് ഒരു പുത്തൻ കർഷക വർഗ്ഗം രണ്ടാം മുണ്ട് കൈത്തണ്ടയിൽ തൂക്കി, നട്ടെല്ല് വളച്ച് വാകൈപൊത്തി ജന്മിയുടെ മുമ്പിൽ പഞ്ചപുച്ഛമടക്കി ഓച്ഛാനിച്ചു നിന്നു, പാട്ടം അളക്കുന്നതിന് അത്പം സാവകാശത്തിനുവേണ്ടി കെഞ്ചുന്ന കൃഷിക്കാരന്റെ സ്ഥാനത്ത് കൈത്തണ്ടയിലെ മുണ്ട് തലയിൽ കെട്ടി നട്ടെല്ല് നിവർത്തി നെഞ്ചു വിരിച്ച് തലയുയർത്തിപിടിച്ച് തങ്ങളുടെ സന്തത സഹചാരികളായ കർഷകത്തൊഴിലാളികളോട് പഴയ ജന്മിയുടെ മട്ടിൽ പെരുമാറാൻ തുടങ്ങിയതോടെ കാർഷിക മേഖല സംഘർഷ മേഖലയായി മാറി.

ഇക്കാലത്തു തന്നെ കാർഷിക രംഗത്ത് രണ്ടാം പഞ്ചവത്സര പദ്ധതിയെത്തുടർന്നു പല നവീകരണ ശ്രമങ്ങളും തുടങ്ങി. പുറം ബണ്ട് നിർമ്മാണം-കെ. എൽ ഡി. സി. പോലെയുള്ള ഗവ. ഏജൻസികളുടെ സഹായത്താൽ രാസവളങ്ങളുടെ ഉപയോഗം, കീടനാശിനികളുടെ ഉപയോഗം, അത്യത് പാദനശേഷിയുള്ള വിത്തിനങ്ങൾ, മണ്ണെണ്ണ ഉപയോഗിച്ചു പ്രവർത്തിക്കുന്ന വെള്ളം വറ്റിക്കാനുള്ള യന്ത്രങ്ങൾ ഇവയെല്ലാം നെൽകൃഷിരംഗത്ത് ഒരു പുത്തൻ ഉണർവ്വും കുതിച്ചു ചാട്ടവും ഉണ്ടാക്കി. മറുവശത്ത് കർഷകത്തൊഴിലാളികൾ ജോലിസമയം കുറയ്ക്കുന്നതിനും കൂലിക്കൂടുതലിനും വേണ്ടിയുള്ള നിരന്തരസമരങ്ങൾ പണിമുടക്കുൾപ്പെടെയുള്ളവ തുടങ്ങി. ഭൂമിയുടെ പരിധി നിർണ്ണയം ഉൾപ്പെടെയുള്ള നിയമനിർമ്മാണങ്ങളുടെയും നിരന്തരമായ പ്രക്ഷോഭസമരങ്ങളുടേയും ഫലമായി വൻകിട കൃഷിക്കാർ രംഗത്തുനിന്ന് നിഷ്ക്രമിക്കുകയും ഭൂമി തുണ്ടു തുണ്ടായി വിഭജിച്ച് വിൽക്കുകയും ചെയ്തു. 5 ഏക്കറിൽ കൂടുതലുള്ള കൃഷിക്കാർ കല്ലറ പഞ്ചായത്തിൽ ഇപ്പോൾ 65-ൽ താഴെ മാത്രമാണ്. ചെറുകിടകൃഷിക്കാരും നാമമാത്രകൃഷിക്കാരും ആണ് കൃഷിക്കാരിൽ ഏറിയ ഭാഗവും. കുടികിടപ്പവകാശം സ്ഥാപിതമായതും മിനിമം കൂലി നിശ്ചയിക്കപ്പെട്ടതും കർഷകത്തൊഴിലാളിയിലും ഗുണപരമായ മാറ്റങ്ങൾ വരുത്തി. സംഘടിതമായ സമരങ്ങളിലൂടെ ജോലി സമയം 8 മണിക്കൂറും പിന്നീട് 6 മണിക്കൂറും ആയി ക്കുറയ്ക്കുവാനും കൊയ്ത്തിനു കൂലി പത്തിനൊന്ന് എന്നത് ആറിനൊന്നാക്കി ഉയർത്തുവാനും കഴിഞ്ഞു.

അപ്പർ കുട്ടനാടൻ മേഖലയെന്നറിയപ്പെടുന്ന ഇവിടുത്തെ പാടശേഖരങ്ങളിൽ പലതിനും എഴുപതുകളുടെ അവസാനം മുതൽ കെ. എൽ. ഡി. സി യുടെയും മൈനർ ഇറിഗേഷൻ ക്ലാസ്-2 പദ്ധതികളിലൂടെയും മണ്ണുബണ്ടുകളും കരിങ്കൽ ബണ്ടുകളും നിർമ്മിതമാവുകയും രൂക്ഷമായവെള്ളപ്പൊക്കത്തെ ഒരു പരിധി വരെ അതിജീവിച്ച് രണ്ടു പൂ കൃഷി എന്ന ആശയം പല പാടഭാഗങ്ങളിലും പ്രാവർത്തികമാവുകയും ചെയ്തു. വൈദ്യുതി ഉപയോഗിച്ചുള്ള കൂറ്റൻ മോട്ടോറുകൾ ഉപയോഗിച്ചുള്ള പമ്പിംഗും രണ്ടു കൃഷിക്കു പ്രചോദനമേകി. രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗവും അത്യുത്പാദന ശേഷിയുള്ള പുതിയ നെൽവിത്തിനങ്ങളും കൂടി ലഭ്യമായപ്പോൾ കൃഷിക്കാരിൽ ഒരു പുതിയ ആവേശം പ്രകടമായി. ഇത് പുതിയതായി നെൽകൃഷിയിലേക്കു പലരേയും ആകർഷിക്കുകയും നെല്ലിന്റെ മൊത്തത്തിലുള്ള ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിക്കുന്നതിനു കാരണമാവുകയും ചെയ്തു.

എൺപതുകളുടെ അവസാനം ഗ്രൂപ്പ് ഫാമിംഗ് സമിതികൾ നിലിൽ വന്നു. പരിമിതികളോടെയാണെങ്കിലും ആ സമിതികൾ പാടശേഖരാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചതോടെ ഒരു പുത്തനുണർവ് വീണ്ടും കൃഷിക്കാരിലും കൃഷിയിലും ഉണ്ടായി. എന്നാൽ ഇത് അധികകാലം നിലനിന്നില്ല. അമിതാവേശത്താൽ രാസവളങ്ങളും കീടനാശിനികളും വർദ്ധിച്ചതോതിൽ ഉപയോഗിച്ചത് മണ്ണിന്റെ ഫലപുഷ്ടിയെ പ്രതികൂലമായി ബാധിക്കുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാക്കുകയും ചെയ്തു. വർഷകാലത്ത് എല്ലാ പാടശേഖരങ്ങളും ഒരേപോലെ കൃഷിയിറക്കാൻ മുതിർന്നപ്പോൾ ആഴവും വീതിയും കുറഞ്ഞ ജല നിർഗ്ഗമന മാർഗ്ഗങ്ങളായ തോടുകളിൽ കൂടി മഴവെള്ളം വേമ്പനാട്ടു കായലിൽ എത്തിച്ചേരാൻ കാലതാമസം വരുകയും പ്രധാനപ്പെട്ട പല പാടശേഖരങ്ങളുടെയും കരിങ്കൽ ബണ്ടുകൾ പോലും പൊട്ടി വ്യാപകമായ കൃഷിനാശങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഈ സംഭവവികാസങ്ങൾ പലരേയും നെൽകൃഷിയോടു വിടപറയുന്നതിനു പ്രേരിപ്പിച്ചു. പുറമേ സാമൂഹ്യവും സാമ്പത്തികവും ആയ രംഗങ്ങളിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ കാർഷിക മേഖലകളിൽ നിന്നും തൊഴിലാളികളെ അകറ്റുകയും അവർ മറ്റു മേഖലകളിൽ ചേക്കേറുകയും ചെയ്തു.

കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞതുകൊണ്ടും മറ്റുപലകാരണങ്ങൾ മൂലവും കൂലിയിൽ വർദ്ധനവുണ്ടായി. വർ

ദ്ധിച്ച കൂലി നൽകാൻ കൃഷിക്കാർ സ്വമേധയാ തയ്യാറായിട്ടും ആവശ്യത്തിനു തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥകൃഷിക്കാരെ നിരാശരാക്കി. രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധനവും കൂടിയായപ്പോൾ ഉത്പാദന ചെലവ് കുത്തനെ ഉയർന്നു. അതോടെ പലരും രംഗം വിട്ടു. ഇരിപ്പൂകൃഷി ഒരുപ്പൂകൃഷിയായി. പല പാടശേഖരങ്ങളിലും ഒരു കൃഷിതന്നെയും നടക്കാതെ ആയി. ചില പാടശേഖരങ്ങൾ തരിശിടുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ഒരു കാലത്ത് മൂന്നും നാലും മേനിവിളഞ്ഞിരുന്ന നെൽപാടങ്ങൾ പലതും ഇന്ന് പുറംബണ്ടിൽ തെങ്ങും മറ്റു കൃഷിചെയ്യുന്നതിന്നു മാത്രമായി ഉപയോഗിക്കപ്പെടുകയാണ്.

ചർച്ചകളെ അടിസ്ഥാനമാക്കി പഞ്ചായത്തിലെ നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം.

1. എ. വർഷകാലത്ത് പാടശേഖരങ്ങളിലും തോടുകളിലും നിറയുന്ന മഴവെള്ളം അവിടെ കെട്ടി നിൽക്കുകയും കൃഷിയിറക്കുന്ന പാടശേഖരങ്ങളുടെ പുറം ബണ്ടുകൾക്കു ഭിഷണിയാകുകയും ചെയ്യുന്നു.

   (ബി.) കരവെള്ളച്ചാട്ടം വർഷകാലത്തെകൃഷിയെ ദോഷമായി ബാധിക്കുന്നു.

2. (എ) ഇനിയും കരിങ്കൽ ബണ്ടുകളില്ലാത്ത പാടശേഖരങ്ങൾക്ക് രണ്ടുകൃഷിയെന്നല്ല ഒരു കൃഷിപോലും യഥാകാലം നടത്തുവാൻ കഴിയുന്നില്ല.

   (ബി) കരിങ്കൽ ബണ്ടുകൾ ഉള്ളവതന്നെ കേടുപാടുകൾ വന്ന് പൊട്ടിപ്പൊളിഞ്ഞവയും വെള്ളപ്പൊക്കഭീഷണിയെ നേരിടുന്നതിനാവശ്യമായ ഉയരം ഇല്ലാത്തവയുമാണ്.

3. (എ) പല പാടശേഖരങ്ങളിലും സ്വന്തമായി മോട്ടോറും പറയും ഇല്ലാത്തതിനാൽ പംമ്പിംഗ് പ്രശ്നമാവുന്നു. ഉള്ളവതന്നെ ചിലയിടത്ത് അപര്യാപ്തവുമാണ്.

   (ബി) ജല നിർഗ്ഗമനചാലുകൾ (വാച്ചാൽ) ശരിയായരീതിയിൽ ഇല്ലാത്തത് പലപ്പോഴും കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

4. കറണ്ട്കട്ട്, കണക്ഷൻ ലഭിക്കുന്നതിനും, പ്രവാഹം നിലച്ചാൽ പുന:സ്ഥാപിക്കുന്നതിനുമുള്ള കാലതാമസം.

5. യഥാകാലം അത്യുത്പാദനശേഷിയുള്ളതും മണ്ണിന് അനുഗുണവുമായ വിത്ത് ലഭിക്കുന്നില്ല.

6. മണ്ണു പരിശോധിച്ചു ചേർക്കേണ്ട വളത്തിന്റെ ഇനവും അളവും തിട്ടപ്പെടുത്തിയിട്ടില്ല.

7. പുളിയിളക്കം നിയന്ത്രിക്കുന്നതിനു ആവശ്യമായ കക്ക യഥാകാലം ലഭ്യമല്ല.

8. വിത, മറ്റുകൃഷിപ്പണികൾ, കൊയ്ത്തു തുടങ്ങിയവയ്ക്കു ആവശ്യമായ തൊഴിലാളികൾ ലഭ്യമല്ല.

9. കഴിഞ്ഞ കാലങ്ങളിലെ അമിതമായ രാസവളം കീടനാശിനി പ്രയോഗം മൂലം നഷ്ടമായ മണ്ണിന്റെ ഫലപുഷ്ടി, പരിസ്ഥിതി പ്രശ്നം ജൈവകീടങ്ങളുടെ താളം തെറ്റൽ അതുമൂലമുണ്ടാകുന്ന കീടാക്രമണം.

10. വർദ്ധിച്ച കളശല്യം

11. കൊയ്തുകിട്ടുന്ന നെല്ല് സംഭരിക്കുന്നതിന് സംവിധാനം ഇല്ല. ഒക്കം വിലയ്ക്കു നെല്ലുവിൽക്കുന്നതിനോ ശരിയായ വില ലഭിക്കുന്നതിനോ കഴിയുന്നില്ല.

12. (എ) നെൽകൃഷിക്കുള്ള സബ്സിഡികൾ യഥാകാലം ലഭിക്കുന്നില്ല. 94-95 മുതലുള്ള ഉത്പാദന ബോണസ് ലഭിച്ചിട്ടില്ല.

(ബി) സർക്കാരാഫീസുകളുടെ മാമൂൽപ്രകാരം കൃഷിക്കാരനു ബന്ധപ്പെടേണ്ട ഓഫീസിൽ നിന്നും കാലതാമസവും അവഗണനയും.

13. വൻകിടകൃഷിക്കാർ (5 ഏക്കറിൽ കൂടുതലുള്ളവർ) കൂടുതൽ ലാഭം മോഹിച്ച് നെൽകൃഷിയെ ബോധപൂർവ്വം അവഗണിക്കുകയും നിലം തരിശിടുകയും ചെയ്യുന്നു.

സാധ്യതകൾ - കൃഷിക്കാരുടെ നിർദ്ദേശങ്ങൾ

എ) തോടുകളുടെ ആഴവും വീതിയും കൂട്ടുക.

(ബി) കരവെള്ളച്ചാട്ടം തടയുന്നതിനാവശ്യമായ തോടുകൾ നിർമ്മിക്കുക.

2, കരിങ്കൽ ബണ്ടില്ലാത്ത എല്ലാ പാടശേഖരങ്ങൾക്കും അടിയന്തിരമായി ആവശ്യമായത്ര ഉയരത്തിൽ ബണ്ടുകൾ കെട്ടുക. നിലവിലുള്ളവയുടെ പോരായ്മകൾ പരിഹരിച്ച് വേണ്ടത്ര ഉയരം വരുത്തി ബലപ്പെടുത്തുക.

3. എല്ലാ പാടശേഖരങ്ങൾക്കുള്ളിലും ആവശ്യമായ ജലനിർഗ്ഗമന ചാലുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. യഥാകാലം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്നും വൈദ്യുതി പ്രവാഹം നിലച്ചാൽ യുദ്ധകാലാടിസ്ഥാ

നത്തിൽ പുന: സ്ഥാപിക്കുന്നതിനും ഏർപ്പാട് ഉണ്ടാക്കണം. പാടശേഖരങ്ങളെ സ്ഥിരമായി കണ്ടു കട്ടിൽ നിന്നും ഒഴിവാക്കണം.

6. അത്യുത്പാദനശേഷി ഉള്ളതും മണ്ണിന് അനുയോജ്യവുമായ നെൽവിത്തിനങ്ങൾ ആവശ്യമുള്ള സമയത്ത് ആവശ്യാനുസരണം ലഭ്യമാക്കണം.

7. ഓരോ പാടശേഖത്തിലെയും മണ്ണു പരിശോധിച്ച് ചേർക്കേണ്ട വളത്തിന്റെ ഇനവും അളവും നിർണ്ണയിക്കണം. അതിന് ഒരു മൊബൈൽ മണ്ണു പരിശോധനാ ലാബോറട്ടറി സജ്ജമാക്കാണം.

8. ഓരുവെള്ളം കയറി കൃഷിനാശം വരാതിരിക്കാൻ ആവശ്യമായ മുട്ടുകൾ യഥാകാലം ഉറപ്പിക്കണം. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ യഥാകാലം ഇടണം.

9. പുളിയിളക്കം നിയന്ത്രിക്കാൻ ആവശ്യമായ കക്ക കുറഞ്ഞവിലയ്ക്കു ലഭ്യമാക്കണം.

10. വർഷകൃഷി, ഓരോ വർഷവും മാറിമാറി നടത്തുന്നതിനുള്ള പാടശേഖരങ്ങളെ പഞ്ചായത്ത് അധികൃതരും പാടശേഖര കൺവീനർ മാരും മുൻകൂട്ടി നിശ്ചയിക്കണം.

11. കൃഷി തൊഴിലാളികളുടെ ലഭ്യതക്കുറവു പരിഹരിക്കുവാൻ നിലം ഒരുക്ക്, കൊയ്ത്ത്, മെതി തുടങ്ങിയ കൃഷിപണികൾ യന്ത്രവൽക്കരിക്കുന്നതിന് പാടശേഖരാടിസ്ഥാനത്തിൽ അവസൗജന്യമായി നൽകണം.

12. ശാസ്ത്രീയമായ വളം ചേർക്കൽ, കീടനാശിനി പ്രയോഗം ഇവയ്ക്കാവശ്യമായ നിർദ്ദേശം കൃഷിഭവനിൽ നിന്നും പാടശേഖര കമ്മിറ്റിക്കോ, ഗൂപ്പു ഫാമിംഗ് സമിതിക്കോ നൽകുകയും അവർ എല്ലാ കൃഷിക്കാരിലും എത്തിക്കുകയും വേണം.

13. വർദ്ധിച്ച കളശല്യം (ചെല്ലി, കവട) നേരിടുന്നതിന് ശാസ്ത്രീയമാർഗ്ഗം ആവിഷ്കരിച്ച് കൃഷിഭവൻ മുഖേന കൃഷിക്കാർക്കു നൽകണം.

14. വിളവെടുപ്പു സമയത്ത് കൃഷിക്കാരിൽ നിന്നും രൊക്കം വിലയ്ക്കു നെല്ലു സംഭരിച്ച് പുഴുങ്ങികുത്തി അരിയാക്കി വിപണനം ചെയ്യാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഭരണ വിപണന കേന്ദ്രമെങ്കിലും തുടങ്ങണം.

15. കൃഷി ഭൂമി നികത്തി കെട്ടിടം പണിയുന്നതിനെ കർശനമായി വിലക്കിക്കൊണ്ട് തരിശിടൽ പ്രവണത തടയണം.

16. നെൽകൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനതയുടെ അന്നത്തിന്റെ കാര്യമായതിനാൽ "അന്ന വിചാരം മുന്ന വിചാരം" എന്ന അർഹതയും പരിഗണയും ബന്ധപ്പെട്ട എല്ലാ ഓഫീസുകളിൽ നിന്നും ഉണ്ടാകുകയും കൃഷിഭവൻ കൂടുതൽ സക്രിയമാകുന്നതിനു ആവശ്യമായ നയസമീപനം ഉന്നത തലങ്ങളിൽ രൂപപ്പെടുകയും വേണം.

17. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ പുനരുജ്ജീവിപിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു സംവിധാനം ഉണ്ടാക്കണം പഞ്ചായ്തിലെ മുഴുവൻ പാടശേഖരങ്ങളിലേയും ഗ്രൂപ്പ് ഫാമിംഗ് സമിതികൾ കൃഷിഭവൻ തലത്തിൽ ഏകോപിപ്പിച്ച് ഒരു പഞ്ചായത്തുതല കാർഷിക വിസന സമിതി രൂപീകരിക്കുകയും നെൽകൃഷി സംബന്ധിച്ച പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും വേണം.

കൃഷിക്ക് വൈദ്യുതിയുടെ സഹായം ലഭിക്കുന്നതിന് കല്ലറയിൽ ഒരു സബ് സ്റ്റേഷൻ അനുവദിപ്പിക്കണം.

നെല്ലിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ

1. തണ്ടുതുരപ്പൻ പുഴു
2. ഓലചുരുട്ടിപ്പുഴു
3. ഗാളീച്ച
4. കുമിൾ രോഗങ്ങൾ
5. മുഞ്ഞ
6. കുഴൽ രോഗം

വളം - കീടനാശിനി ഉപയോഗം 1995 - 96 (1996 നംവംബർ വരെ)

വളം - 252.25

കീടനാശിനി - 16197 ലിറ്റർ

അവലംബം. ദ്വിതീയ വിവരശേഖരണം

പട്ടിക (15.1)

വർഷം	രാസവളം	കീടനാശിനി ഉപയോഗം
1994-95	283.912 ടൺ	1,52000 ലി. (സഹ. സംഘം)
1994-95	50,000 ടൺ	170 ലി. (സ്വകാര്യ ഏജൻസ്രി)
9596	214.258 ടൺ	16,050 ലി. (സഹ. സംഘം)
95096	38,000	147 (സ്വകാര്യ ഏജൻസി)

തെങ്ങുകൃഷി

കൃഷിഭവൻ കണക്കനുസരിച്ച് 680 ഹെക്ടർ തെങ്ങുകൃഷി ഉണ്ട്. ഇത് പഴയകണക്കാണ്. ഉള്ളതെങ്ങുകളിൽ തന്നെ നല്ല ശതമാനം റബ്ബറിന്റെ ഇടയിൽപെട്ടു ഞെരു

ങ്ങുന്ന കാഴ്ചയാണ് എവിടെയും കാണുന്നത്. ശരിയായ നിലയിൽ തെങ്ങു കൃഷി നടക്കുന്നത് പാടശേഖരങ്ങളുടെ പുറം ബണ്ടുകളിൽ ആകുന്നു. ബണ്ടുകളിലെ തെങ്ങുകൃഷിയിൽ സമീപകാലത്തായി കൃഷിക്കാർ കൂടുതൽ താത്പര്യം കാണിക്കുന്നുണ്ട്. താരതമ്യേനെ നാളികേരത്തിനെറ കഴിഞ്ഞകാലങ്ങളിലെ വിലക്കുറവും രോഗങ്ങളുമാണു തെങ്ങുകൃഷി കുറയാൻ കാരണം.

തെങ്ങിനു നേരിടുന്ന പ്രധാന രോഗങ്ങൾ

1. കാറ്റു വീഴ്ച
2. കൂമ്പുചീയൽ
3. ചെന്നീരൊലിപ്പ്
4. ചെല്ലി

തെങ്ങിൻെറ രോഗവിവരണം രോഗം	ബാധിച്ച തെങ്ങുകളുടെ എണ്ണം.
കാറ്റുവീഴ്ച (റൂട്ട് വിൽറ്റ്)	38037
ലിഫ് റോട്ട്	3100
ബഡ് റോട്ട്	2600
സ്റ്റെം ബ്ലീഡിംഗ്	1160
മറ്റു രോഗങ്ങൾ	2838

പട്ടിക 5

പഞ്ചായത്തിലെ മൊത്തം തെങ്ങിൻെറ എണ്ണം: 110998

തേങ്ങാ ഉത്പാദനം : 6545840

ഉത്പാദ ക്ഷമത : 8 നാളികേരം / തെങ്ങ്

വെട്ടിമാറ്റേണ്ടത് : 11144

കേടില്ലാത്ത് : 73823

സമഗ്ര കേരവികസന പദ്ധതിയിൻ കീഴിൽ തെങ്ങ് കൃഷിക്കു സൗജന്യ നിരക്കിൽ 17,000 തെങ്ങിനു വളം നൽകുന്നതിനുള്ള നടപടികൾ കൃഷിഭവനിൽ പുരോഗമിക്കുന്നു.

തെങ്ങിൻെറ ജലസേചനത്തിന് മോട്ടോർ വാങ്ങുന്നതിനും കിണർ കുഴിക്കുന്നതിനും 2,500 രൂപാ നൽകിക്കൊണ്ടിരിക്കുന്നു.

മരുന്നു തളിക്കുവാൻ സ്പ്രേയറിനു സബ്സിഡി നൽകിക്കൊണ്ടിരിക്കുന്നു. കേരവികസന സമിതിയിലെ അംഗങ്ങൾക്കു മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തിയിരിക്കുന്നു.

തെങ്ങു കൃഷി മെച്ചപ്പെടുത്തുന്നതിന് ബണ്ടുകളിലെ തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കണം. ഓരോ വീട്ടിലും വീട്ടാവശ്യത്തിനു കുറഞ്ഞത് അഞ്ച് തെങ്ങ് എങ്കിലും നിർബന്ധമായും നല്ല നിലയൽ സംരക്ഷിച്ച് നിലനിറുത്തുന്നതിനു ആവശ്യമായ പദ്ധതി ആസൂതണം ചെയ്യണം. വേനൽക്കാലത്ത് ജലസേചനത്തിനാവശ്യമായ പഞ്ചായത്ത് തല വികസന സമിതി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം.

കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൃഷിഭവനിൽ നിന്നും സഹായം നൽകുന്നതോടൊപ്പം നല്ലയിനം തെങ്ങിൻ തൈകൾ ആവശ്യാനുസരണം നൽകണം. 95-96 വർഷത്തിൽ കോമാടൻ തയ്യ് 1200 റ്റി x ഡി - 100തെങ്ങിൻ തൈകൾ കൃഷിഭവനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. കൃഷിഭവനിൽ നിന്നും സബ്സിഡി നിരക്കിൽ നൽകുന്ന വളം ആവശ്യമായ സമയത്തും ആവശ്യമയ ഇനവും ആയിരിക്കണം.

റബ്ബർ കൃഷി

തെങ്ങിനെ പിന്തള്ളിക്കൊണ്ട് റബ്ബർ കരകൃഷിയിൽ ഒന്നാം സ്ഥാനം പിടിച്ചെടുത്തു.

ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും റബ്ബർ കർഷകരെ ഒരു പരിധിവരെയെങ്കിലും സംരക്ഷിക്കുന്നതിന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റബ്ബർ ഉത്പാദക സഹകരണ സംഘം സഹായകമാവുന്നു. ഈ സംഘത്തിൽ 142 മെംബർമർ ഉണ്ട്. 50 സെൻറു മുതൽ 5 ഏക്കർ വരെയുള്ള തോട്ടങ്ങൾ പഞ്ചായത്തിലുണ്ട്. സംഘത്തിൽ നിന്നും വളം വീട്ടിൽ എത്തിച്ചു കൊടുക്കുന്നതിനുള്ള സംവിധാനവുമുണ്ട്. റബ്ബർ ബോർഡിൽ നിന്നും എല്ലാ സഹായങ്ങളും യഥാകാലം റബ്ബർ കൃഷിക്കാർക്കു ലഭിക്കുന്നുണ്ട്. സംഘത്തിൽ റബ്ബർ പാലാണ് ശേഖരിക്കുന്നത്. പാലിൻെറ ഗുണനിലവാരം അനുസരിച്ച് ന്യായമായ വില ഇവിടെ നിന്നും ലഭിക്കുന്നുണ്ട്. ഈ സംഘം കൂടാതെ അരഡസൻ പ്രൈവറ്റ് ഏജൻസികൾ റബ്ബർ ഷീറ്റ് ശേഖരിക്കുന്നുണ്ട്. വേനൽക്കാലത്ത് റബ്ബർത്തോട്ടങ്ങളിൽ ജലസേചനം നടത്തിയാൽ ഉത്പാദനം കൂട്ടുവാൻ കഴിയും.

റബ്ബർ ഉത്പാദനം - പട്ടിക 5-1

94-95	20,000 കിലോ. ഉണക്ക റബ്ബർ
95-96	15,000 കിലോ ഉണക്ക റബ്ബർ

അവലംബം ദിതീയവിവരശേഖരണം.

മറ്റു കൃഷികൾ

സമീപകാലത്ത് പറയത്തക്ക മറ്റു കൃഷികൾ ഒന്നും തന്നെ പുരയിടങ്ങളിലില്ല. കുറഞ്ഞതോതിൽ കപ്പയും ഏത്തവാഴയും കൃഷിചെയ്യുന്നുണ്ട്. ഇടവിളയായി കുരുമുളകും പാളയം കോടൻ ചുണ്ടില്ലാക്കണ്ണൻ തുടങ്ങിയ വാഴകളും കൃഷി ചെയ്യുന്നു.

മാഞ്ചിയം തേക്ക് തുടങ്ങിയ കൃഷികൾ ചിലർ പ്രോത്സാഹിപ്പിക്കുന്നു.

പച്ചക്കറി കൃഷി

വീട്ടുവളപ്പിൽ നിന്നുപോലും പച്ചക്കറി അപ്രത്യക്ഷമായിക്കഴിഞ്ഞു. ഓരോ വീടുവളപ്പിലും ഒരു പച്ചക്കറിത്തോട്ടം പഞ്ചായത്തടിസ്ഥാനത്തിൽ തന്നെ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ആവശ്യമുള്ള പച്ചക്കറി വിത്ത്, വളം, ഇവ പായ്ക്കറ്റുകളിൽ കുറഞ്ഞവിലയ്ക്കു വീടുകളിൽ എത്തിയ്ക്കുവാൻ കഴിയണം. ശാസ്ത്രീയമായ നിർദ്ദേശങ്ങളും നേതൃത്വവും കൃഷിഭവൻ മുഖേന നൽകണം. ഈ രംഗത്ത് കെ. എച്ച്. ഡി. പി. യുടെ സഹായം തേടാവുന്നതാണ്.

ഔഷധ കൃഷി


ഒരു കാലത്തു മനുഷ്യർക്കു സാധാരണ ഉണ്ടാകുന്ന രോഗങ്ങൾക്കാവശ്യമായ മുരുന്നുകൾ എല്ലാ വീട്ടുമുറ്റങ്ങളിലും ലഭമായിരുന്നു. ഉദാ: തുളസി, പനിക്കൂർക്ക, കച്ചോലം, ഇഞ്ചി, മഞ്ഞൾ, കൂവളം, ആര്യവേപ്പ്, തുടങ്ങിയവ. എന്നാൽ ഇന്നവയിൽ പലതിനെക്കുറിച്ചും ജനങ്ങൾക്ക് കേട്ടറിവ് മാത്രമേ ഉള്ളൂ. അത്യാവശ്യം വേണ്ട ഔഷധച്ചെടികൾ വീട്ടുമുറ്റത്ത് ലഭ്യമാകുന്ന തരത്തിൽ നട്ടുവളർത്തുന്നതിനു സംഘടിതമായ ശ്രമം പഞ്ചായത്ത് തലത്തിൽ നടത്തണം. സർവ്വോപരി, അന്തരീക്ഷമലിനീകരണത്തെ ചെറുതായിട്ടെങ്കിലും ചെറുക്കാൻ ഓരോ വീട്ടിലും ഓരോ ആര്യവേപ്പ് എങ്കിലും വച്ചു പിടിപ്പിക്കാൻ നടപടികൾ ആസൂത്രണം ചെയ്യണം.

ജലസേചനം

വിരിപ്പുകൃഷി പാടെ നിന്നുപോയതുകൊണ്ട് നെൽകൃഷിക്കു ജലസേചനം പ്രസക്തമല്ല. ജലനിർഗ്ഗമനവും വെള്ളപ്പൊക്ക ഭീഷണിയുമാണ് നെൽകൃഷി നേരിടുന്ന പ്രശ്നങ്ങൾ പുരയിടങ്ങളിൽ റബ്ബർ കൃഷി പ്രധാനമായതോടെ അവിടെയും ജലസേചനത്തിനായുള്ള പരിശ്രമങ്ങൾ വളരെ നടന്നിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് ജലസേചനത്തിനായി കുളങ്ങൾ ഉപയോഗിക്കുന്നില്ല. വേനൽക്കാലത്ത് കിണറുകൾ പലതും വറ്റി കുടിവെള്ള പ്രശ്നം രൂക്ഷമാകുന്നതിനാൽ കിണറുകൾ മൂലമുള്ള ജലസേചനം വിരളമാണ്. എങ്കിലും കിണറുകളോട് ചേർന്ന് ഗാർഹികാവശ്യത്തിനും പറമ്പ് നനയ്ക്കുന്നതിനുമായി പലരും മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ചില വാർഡുകളിൽ തെങ്ങ് നനയ്ക്കുന്നതിനുള്ള ജലസേചന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ വിപുലീകരിച്ച് റബ്ബറിനു പ്രയോജന പ്രദമാകുന്ന രീതിയിൽ പരീക്ഷിച്ചു നോക്കാവുന്നതാണ്.

5. 2.

മൃഗസംരക്ഷണവും മത്സ്യബന്ധനവും



മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് നമ്മുടെ നാട്ടിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. പറ്റമായ താറാവുകൃഷിയും ചുരുക്കമായുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 1286 പശുക്കളും 960 ആടുകളും 42 ഉഴവു പോത്തുകളും 21 എരുമകളുമാണുള്ളത്. പഞ്ചായത്തിലെ മിക്ക വീടുകളിലും പരമ്പരാഗത രീതിയിൽ കോഴികളെ വളർത്തുന്നുണ്ട്.

1969-ൽ ഊർജ്ജിത കന്നുകാലി വികസനപദ്ധതി അനുസരിച്ച് വൈക്കം പ്രാദേശിക കേന്ദ്രത്തിന്റെ ഒരു പകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിതമാകുന്നതുവരെ ശാസ്ത്രീയമായ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. മാഞ്ഞൂർ പഞ്ചായത്തിൽപെട്ട മേമ്മുറി മൃഗാശുപത്രിയെയാണ് കൃഷിക്കാർ മൃഗചികിത്സയ്ക്കായി ആശ്രയിച്ചിരുന്നത്. ശാസ്ത്രീയമായ കാലിവളർത്തലിനെക്കുറിച്ചോ കൃത്രിമ ബീജസങ്കലനത്തിലൂടെ അത്യുത്പാദനശേഷിയുള്ള സങ്കരയിനം കന്നുകുട്ടികളെ ഉൽപാദിപ്പിക്കുന്നതിനെക്കുറിച്ചോ അന്നത്തെ കൃഷിക്കാർ വേണ്ടത്ര ബോധവാന്മാരായിരുന്നില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യക്തികൾ വളർത്തിയിരുന്ന വിത്ത് മൂരികളെ ഉപയോഗിച്ച് പശുക്കളെ ഇണചേർക്കുന്ന സമ്പ്രദായമാണ് അന്നു നിലവിലിലുണ്ടായിരുന്നത്.

അക്കാലങ്ങളിൽ നാടൻ കന്നുകാലികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ട് ലിറ്റർ പാൽ അന്നത്തെ ഏറ്റവും വലിയ ഉൽപാദനക്ഷമതയായി കണക്കാക്കിയിരുന്നു. ഐ. സി. ഡി. പി. പ്രവർത്തിച്ചു തുടങ്ങിയതോടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് '70-കളുടെ ആദ്യം ശാരദാ വിലാസിനി സ്കൂൾ പരിസരത്ത് വിപുലമായ ജനപങ്കാളിത്തത്തോടെ കാർഷിക സർവകലാശാലയിൽനിന്നും ഉള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടു ചർച്ചാ ക്ലാസുകളും സെമിനാറുകളും നടത്തപ്പെട്ടു. വ്യക്തികൾ വളർത്തി സംരക്ഷിച്ചിരുന്ന വിത്ത്മൂരികളെ കർശനമായി നിരോധിക്കുകയും നിർബന്ധമായി വന്ധീകരിക്കുകയും ചെയ്തതോടെ തങ്ങളുടെ പശുക്കളെ കൃത്രിമ ബീജസങ്കലനം നടത്തിക്കാൻ ആളുകൾ മുമ്പോട്ടു വന്നുതുടങ്ങി.

പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ കൺവീനറുമായി ഒരു "കാറ്റിൽ ബ്രീഡേഴ്സ് അസോസിയേഷൻ" രൂപീകരിച്ച് ഐ. സി. ഡി. പി.യുടെ പ്രവർത്തനത്തിന് സർവ്വവിധ പിന്തുണയും നൽകി, താങ്ങും തണലുമായി വർത്തിച്ചതോടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പൂർവ്വാധികം ഉഷാറാകുകയും കൂടുതൽ കൂടുതൽ കൃഷിക്കാർ ഈ മേഖലകളിൽ പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു.

ഇതിനെത്തുടർന്ന് എഴുപതുകളുടെ അവസാനം തന്നെ പാലുൽപാദനം ഗണ്യമായി വർദ്ധിക്കുന്ന പ്രവണത പ്രകടമായിത്തുടങ്ങിയപ്പോൾ ബന്ധപ്പെട്ടവർ പാൽവിപണന സംവിധാനത്തെക്കുറിച്ച് ചിന്തിക്കുകയും കാറ്റിൽ ബ്രീഡേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ഒരു ക്ഷീരവ്യവസായ സഹകരണസംഘം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ശ്രീ. ടി. എസ്. മാത്യു ചീഫ് പ്രമോട്ടറായി അന്നു രൂപീകരിച്ച പ്രമോട്ടിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 23-6-1971-ൽ സംഘം രജിസ്റ്റർ ചെയ്യുകയും കല്ലറ ക്ഷീരവ്യവസായ സഹകരണസംഘം നമ്പർ കെ 5(ഡി) 16-10-1971-ൽ കല്ലറ ചന്തപ്പറമ്പിനു സമീപം ആസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. എം. എ. ചാക്കോ പ്രസിഡൻറായുള്ള ഡയറക്ടർ ബോർഡിന്റെ നേതൃത്വത്തിൽ ആ സംഘത്തിനു സ്വന്തമായി സ്ഥലവും കെട്ടിടവും സ്വരൂപിക്കാനും

കഴിഞ്ഞിരുന്നു. സംസ്ഥാന ഡയറി ഡിപ്പാർട്ടുമെൻറിൽനിന്നും ഈ സംഘത്തിൻെറ പ്രവർത്തനങ്ങൾക്ക് നിർലോപമായ സഹായസഹകരണങ്ങൾ ലഭിച്ചിരുന്നു.

21-11-'87-ൽ മിൽമയുടെ നേതൃത്വത്തിൽ കല്ലറ ആപ്കോ സൊസൈറ്റി നിലവിൽവന്നു. കല്ലറ തെക്കേക്കരയിൽ എലുക നിശ്ചയിച്ച് ചന്തക്കവല ആസ്ഥാനമാക്കി ആപ്കോ സൊസൈറ്റി നമ്പർ-122 (D) പ്രവർത്തനമാരംഭിച്ചു. താമസിയാതെ പെരുംതുരുത്തിലും ആപ്കോസ് നമ്പർ -112(D) പ്രവർത്തനം തുടങ്ങി. പാൽവിപണനരംഗത്ത് മാത്രം ഇപ്പോൾ 5 സംഘങ്ങളും ഒന്നിലധികം പ്രൈവറ്റ് ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഏജൻസികളുംകൂടി ശരാശരി 16,469,44 ലിറ്റർ പാൽ ഒരു വർഷം വിപണനം ചെയ്യുന്നുണ്ട്. ആഭ്യന്തര ഉപയോഗവും പതിന്മടങ്ങായി വർദ്ധിച്ചിട്ടുണ്ട് എന്നതിന് ഈ ഏജൻസികളുടെ ലോക്കൽ സെയിൽസിൻെറ കണക്കുകൾ തന്നെ തെളിവ് - പട്ടിക അന്യത്ര.

എഴുപതുകളുടെ പകുതിമുതൽ 80-കളുടെ പകുതിവരെ നിലനിന്നിരുന്ന മൃഗസംരക്ഷണരംഗത്തെ കുതിച്ചുകയറ്റം എൺപതുകളുടെ അവസാനത്തോടെ ഏറെക്കുറെ നിലച്ച മട്ടായി.

റബ്ബർകൃഷി വ്യാപകമായതോടെ പുരയിടങ്ങളിൽ നിന്നും കന്നുകാലികൾക്ക് പുല്ല് ലഭിക്കാതായി. പാടശേഖരങ്ങളുടെ വരമ്പുകളിൽനിന്നു പണ്ടത്തെപ്പോലെ പുല്ല് ലഭ്യമല്ല. വർദ്ധിച്ചതോതിലുള്ള കീടനാശിനിപ്രയോഗം മൂലം പാടശേഖരബണ്ടുകളിൽ നിന്ന് പുല്ല് ശേഖരിക്കാൻ കൃഷിക്കാർക്ക് ഏറെ താൽപര്യവുമില്ല. മൃഗസംരക്ഷണവകുപ്പിൽനിന്നും ഡയറി ഡവലപ്മെൻറ് വകുപ്പിൽനിന്നും തീറ്റപ്പുൽകൃഷിക്ക് പ്രോൽസാഹനം നൽകുന്ന പരിപാടികൾ പലതും ഉണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ തീറ്റപ്പുൽ കൃഷി വർദ്ധിച്ചിട്ടില്ല.

അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലിത്തീറ്റയുടെ വിലക്കയറ്റം, പുല്ലിൻെറ ലഭ്യതക്കുറവ്, വൈക്കോലിൻെറ വിലക്കൂടുതൽ, മൃഗചികിത്സക്കാവശ്യമായിവരുന്ന മരുന്നുകളുടെ ഭീമമായ വിലവർദ്ധന, എല്ലാം കൂടി കാലിവളർത്തൽ പഴയതുപോലെ ആദായകരമല്ലാത്ത അവസ്ഥ സംജാതമാക്കിക്കഴിഞ്ഞിരിക്കുകയാണ്. പാലുൽപാദകർക്ക് ഉൽപാദനവർദ്ധനവിന് ആനുപാതികമായ വില ലഭ്യമല്ലാത്തതും കറവക്കാരുടെ ലഭ്യതക്കുറവും പശുവളർത്തലിൽനിന്ന് മുഖംതിരിക്കാൻ ചിലരെയെങ്കിലും പ്രേരിപ്പിച്ചിട്ടുണ്ട്.

കാലിത്തീറ്റയുടെ വിലവർദ്ധനപോലെയോ അതിലധികമായോ പാലിൻെറ കുത്തക സംഭരണക്കാരായ മിൽമ പാൽവില വർദ്ധിപ്പിക്കുന്നുണ്ട്. പാൽവിലയിലുണ്ടാകുന്ന വർദ്ധനവിൻെറ ഗുണം കൃഷിക്കാർക്കു വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല. ജനസംഖ്യയുടെ മഹാഭൂരിപക്ഷം വരുന്ന ഉപഭോക്താക്കൾക്ക് അവയുടെ കുടുംബ ബജറ്റിൻെറ ഭാരം കൂടുകയും ചെയ്തു. കല്ലറ പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക 1 - 5.2

	സങ്കരയിനം	നാടൻ	ആകെ
പശുക്കൾ	1286	-	1286
എരുമ	–	21	21
കോലാട്	–	960	960
കോഴി	–	-	3019
താറാവ്	–	10500	10500
പോത്ത്	–	42	42
മുയൽ	–	–	-

അവലംബം 1996-ലെ പ്രാഥമിക വിവരശേഖരണം

എരുമയും പോത്തും നാമമാത്രമായേ ഉള്ളൂ. നാടൻ കന്നുകാലികൾ പഞ്ചായത്തിൽ ഒട്ടുംതന്നെയില്ല. ഉഴവിനു കാളകളെ തീരെ ഉപയോഗിക്കുന്നില്ല. പഞ്ചായത്തിൽ വളർത്തുമൃഗങ്ങൾക്കു കണ്ടുവരുന്ന സാധാരണ രോഗങ്ങൾ.

ദഹന സംബന്ധമായ രോഗങ്ങൾ

അകിട് വീക്കം

ക്ഷീരസന്നി

പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന രോഗങ്ങൾ

പരാദജന്യരോഗങ്ങൾ ഇവയാണ്.

വ്യാപകമായ പ്രതിരോധ നടപടികളെത്തുടർന്ന് കുളമ്പുരോഗം പഞ്ചായത്തിൽ നിയന്ത്രണവിധേയമാണ്. ഈ മേഖലകളിലെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കാലിവളർത്തൽ അഭിവൃദ്ധികരമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്.

1. പഞ്ചായത്തിൽനിന്നും ശേഖരിക്കുവാൻ കഴിയുന്ന അസംസ്കൃത വസ്തുക്കൾകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. വിലവർദ്ധനവിനെയും ഗുണനിലവാരത്തേയും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കുവാൻ ഇപ്രകാരം

സാധിക്കും.

2. മിൽമയിലളക്കുന്ന പാലിനു കൃഷിക്കാർക്ക് ഉൽപാദനച്ചെലവിന് ആനുപാതികമായ തോതിൽ ഒരു മിനിമം വില നിശ്ചയിക്കണം.
3. പാലിന്റെ വിലവർദ്ധന ഉൽപാദകനെ ലക്ഷ്യംവച്ചുകൊണ്ടായിരിക്കണം – ഒപ്പം ഉപഭോക്താവിന്റെ താൽപര്യവും പരിരക്ഷിക്കണം.
4. ഉപഭോക്താവിനു പാൽ അതിന്റെ തനതു രൂപത്തിൽ (ശുദ്ധമായ പാൽ) ലഭ്യമാക്കണം.
5. പാടശേഖരബണ്ടുകളിൽ തീറ്റപ്പുൽ വെച്ചുപിടിപ്പിക്കുന്നതിന് ശാസ്ത്രീയമായ നടപടികൾ – ഇവിടേക്കു യോജിച്ച തീറ്റപ്പുൽ ഇനം കണ്ടെത്തുകയോ ഉരുത്തിരിയിച്ചെടുക്കുകയോ ചെയ്യുന്നതടക്കമുള്ള പദ്ധതികൾ ആവിഷ്കരിക്കണം.
6. പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള മൃഗാശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കണം.
7. ഒരു ബ്ലോക്കിൽ ഒരു മൃഗാശുപത്രിയിലെങ്കിലും ലാബറട്ടറി സൗകര്യം ഏർപ്പെടുത്തണം.
8. കാഫ് സബ്സിഡി സ്കീം വിപുലീകരിച്ച് സങ്കരയിനം കന്നുകുട്ടികളെ ശാസ്ത്രീയമായ രീതിയിൽ പരിപാലിക്കാൻ താഴ്ന്ന വരുമാനക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്യണം.
9. കാലാകാലങ്ങളിൽ കന്നുകാലികൾക്കാവശ്യമായ പ്രതിരോധ കുത്തിവെയ്പുകൾ നടത്തുന്നതിനു മൃഗാശുപത്രിയിൽ വാക്സിനുകൾ നൽകണം.
10. നിയമാനുസൃതമായി പഞ്ചായത്തിൽനിന്നും ലൈസൻസ് എടുത്തിട്ടില്ലാത്ത നായ്ക്കളെ നിർമ്മാർജ്ജനം ചെയ്യണം.
11. നിയമാനുസൃതമായി വളർത്തുന്ന നായ്ക്കൾക്ക് പേ വിഷത്തിനെതിരായ കുത്തിവെയ്പ് മൃഗാശുപത്രിയിൽനിന്നും സൗജന്യമായി ചെയ്യണം.
12. പഞ്ചായത്തിൽ ഇറച്ചി ആവശ്യത്തിനു കൊല്ലപ്പെടുന്ന കന്നുകാലികൾ രോഗവിമുക്തമാണെന്നുറപ്പുവരുത്തുന്നതിന് മൃഗഡോക്ടറുടെ സാക്ഷ്യപത്രം നിർബന്ധമാക്കുകയും സാക്ഷ്യപത്രമുള്ള മൃഗങ്ങൾക്ക് പഞ്ചായത്തിൽനിന്നും സീൽ ചെയ്തു കൊടുക്കുകയും വേണം.
13. കന്നുകാലി ഇൻഷുറൻസ് സാർവ്വത്രികമാക്കുകയും മാമൂൽപ്രകാരമാകാതെ എളുപ്പത്തിൽ കൃഷിക്കാർക്കു ലഭ്യമാക്കുകയും വേണം.

ആടുവളർത്തൽ

പാവപ്പെട്ടവന്റെ പശു എന്ന് ആടിനെക്കുറിച്ച് പറയാറുണ്ട്. ആടുവളർത്തൽ പ്രോൽസാഹിപ്പിക്കുവാൻ നല്ലയിനം ആട്ടിൻകുഞ്ഞുങ്ങളെയും ഇണചേർക്കുന്നതിനുള്ള മുട്ടനാടുകളെയും പഞ്ചായത്തടിസ്ഥാനത്തിൽ വിതരണം ചെയ്യണം. ആട് വളർത്തലിനു ഒരു സമഗ്രപദ്ധതി തയ്യാറാക്കി ആവശ്യമായ കർമ്മപരിപാടികളാവിഷ്കരിക്കണം. മൃഗസംരക്ഷണവകുപ്പിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സ്പെഷ്യൽ കമ്പോണൻറ് പദ്ധതിയിൽപെടുത്തി പഞ്ചായത്തിൽ ആടുകളെ വിതരണം ചെയ്യണം. വ്യാവസായികാടിസ്ഥാനത്തിൽ ഗോട്ട്ഫാമുകൾ നടത്താൻ തയ്യാറായി വരുന്ന വ്യക്തികൾക്കു പ്രോൽസാഹനവും മാർഗ്ഗനിർദ്ദേശവും നൽകണം.

പച്ചിലകളുടെ ദൗർലഭ്യംമൂലം ആടുവളർത്തൽ കഴിയാത്തവർക്കു പശുക്കൾക്കു നൽകുന്നതുപോലെ കാലിത്തീറ്റ മാത്രം നൽകി കൂട്ടിലിട്ടു വളർത്താവുന്നതും പ്രധാനമായും മാംസത്തെ ലക്ഷ്യമാക്കി വളർത്തുന്നതുമായ ബ്രോയിലർ ആടുകളെ വളർത്താനുള്ള നടപടികൾ ആരംഭിക്കണം.

കോഴിവളർത്തൽ

പഞ്ചായത്തിൽ 3019 കോഴികളുണ്ട്. പരമ്പരാഗതരീതികളിൽ വളർത്തുന്നവയാണധികവും. ശാസ്ത്രീയമായ രീതിയിൽ നടത്തുന്ന മിനി ഫാമുകൾപോലും പഞ്ചായത്തിലില്ല. ഇറച്ചിക്കോഴികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിൽക്കുന്ന ഒരു പ്രൈവറ്റ് ഫാം നാലാം വാർഡിൽ പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

10 കോഴികളെ ശാസ്ത്രീയമായി വളർത്താൻ ആവശ്യമായ കൂട് സഹിതം സന്നദ്ധതയുള്ള എല്ലാ കുടുംബങ്ങൾക്കും സൗജന്യവിലയ്ക്കു നൽകുവാനുള്ള നടപടികൾ ആവിഷ്കരിക്കണം. ഇവയ്ക്കാവശ്യമായ കോഴിത്തീറ്റ വീടുകളിലെത്തിക്കുന്നതിനും പ്രതിരോധ കുത്തിവയ്പുകൾ കാലാകാലം നടത്താനും പഞ്ചായത്തടിസ്ഥാനത്തിൽ പരിപാടി തയ്യാറാക്കണം.

താറാവുകൃഷി

സീസൺ അനുസരിച്ചുള്ള താറാവുകൃഷി പരിമിതമായ തോതിലുണ്ട്. 10250 താറാവും 18 താറാവുകൃഷിക്കാരും പഞ്ചായത്തിലുണ്ട്. ഇവർക്കു വായ്പയും ഇൻഷുറൻസ് സൗകര്യങ്ങളും യഥാകാലം ലഭ്യമാ

ക്കണം. താറാവുകൃഷിക്കാർക്ക് ലഭിക്കേണ്ട ബാങ്ക് വായ്പകൾ യഥാർത്ഥ കർഷകർക്ക് ലഭ്യമാകുന്നില്ല. ഈ വിഭാഗത്തിന് ലഭിക്കേണ്ട ഇൻഷുറൻസ് ആനുകൂല്യം കർഷകരെ സംബന്ധിച്ച് ഇന്നും ഒരു ബാലികേറാമലയായി തുടരുന്നു. ഇതുമാറി താറാവു കൃഷിക്കാർക്ക് ബാങ്കുവായ്പകൾ യഥാകാലം ലഭ്യമാകുന്നതിനും ഇൻഷുറൻസ് ക്ലെയിമുകൾ ലഭിക്കുന്നതിനും സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി, സൗകര്യം ഉണ്ടാക്കണം. താറാവുകൃഷിക്കാരുടെ ഒരു യൂണിയൻ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. താറാവുവസന്തയെ നേരിടുന്നതിന് ആവശ്യമായ പ്രതിരോധ കുത്തിവയ്പും ചികിത്സയും മൃഗാശുപത്രിയിൽനിന്ന് ലഭ്യമാക്കണം. മുട്ടയുടെ ഉപയോഗം പഞ്ചായത്തിൽ വർദ്ധിച്ചിട്ടുണ്ട്

മത്സ്യബന്ധനം

ഇവിടെയുള്ള തോടുകളിലും പാടശേഖരങ്ങളിലും വരാൽ, കരിമീൻ, കാരി, കല്ലട, ചെമ്മീൻ എന്നീയിനം മൽസ്യങ്ങളാണ് പ്രധാനമായും കാണപ്പെടുന്നത്. ഇങ്ങനെയുള്ള മൽസ്യം പിടിച്ച് വിറ്റ് ഉപജീവനം നടത്തുന്നവർ 125 പേർ പഞ്ചായത്തിലുണ്ട് പരമ്പരാഗത മൽസ്യബന്ധന ഉപകരണങ്ങളായ ഒറ്റാൽ, വീശുവല, വട്ടവല, ചൂണ്ട മുതലായവയാണിവർ ഉപയോഗിക്കുന്നത്. പാടശേഖരങ്ങൾ കൃഷിയിറക്കുന്നതിനുവേണ്ടി വെള്ളം വറ്റിക്കുമ്പോൾ പെട്ടി മുഖത്ത് വലകെട്ടി മീൻ പിടിക്കാനുള്ള അവകാശം ലേലത്തിൽ പിടിച്ച് മീൻ പിടിക്കുന്ന സമ്പ്രദായവും നിലവിലുണ്ട്.

മൽസ്യരോഗം വ്യാപകമാണ്. ഇപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് രോഗം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. വിലയേറിയ കൊഞ്ച് ഉൾപ്പെടെ എല്ലായിനം മൽസ്യങ്ങൾക്കും രോഗബാധ കാണപ്പെടുന്നു. ജൂൺ മുതൽ സെപ്റ്റംബർവരെയുള്ള മാസങ്ങളിലാണ് മീൻ മുട്ടയിടുന്നത്. ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ മീൻ ലഭ്യത തീരെയില്ല.

ഫിഷറീസ് ഡിപ്പാർട്ട്മെൻറ് മുഖേന കോട്ടയം മൽസ്യവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ആറേക്കർ സ്ഥലത്ത് ശുദ്ധജല മൽസ്യകൃഷി ശാസ്ത്രീയമായ രീതിയിൽ രണ്ടാം ഘട്ടവും തുടങ്ങിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ കോട്ടായിൽ നാലു ഹരിജനങ്ങൾ ചേർന്നാണ് ഇതു നടത്തുന്നത്.

കട്ട്ല
മൃഗാല
ഗ്രാസ്കാർപ്പ്
രോഹു

കെൻപ്രസ് എന്നീ ഇനങ്ങളാണ് ഇവിടെ കൃഷി ചെയ്യുന്നത്. ഒരു വ്യക്തിയുടെ ഉടമസ്ഥതയിൽ മറ്റൊരു മൽസ്യകൃഷിയിടം എട്ടാം വാർഡിലുണ്ട്.

ചെമ്മീൻകൃഷിക്കു പറ്റിയ ചതുപ്പ് പഞ്ചായത്തിലില്ല. ഉപ്പുവെള്ളം ലഭ്യമല്ല.

ഏറ്റുമാനൂർ – കടുത്തുരുത്തി ബ്ലോക്കുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഫിഷർമെൻ വെൽഫെയർ ഡെവലപ്മെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ എഫ്.കെ. 53 കല്ലറ പഞ്ചായത്തിലെ 3-ാം വാർഡ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു. ഈ സൊസൈറ്റിക്കു വർക്കിംഗ് കാപ്പിറ്റൽ ഇല്ല. ഓഹരിമൂലധനം മാത്രമേ ഉള്ളൂ. നിലവിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

നിർദ്ദേശങ്ങൾ


1. മേൽപറഞ്ഞ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി നടത്താനുള്ള നടപടികൾ പഞ്ചായത്തിൻെറ ചുമതലയിലുണ്ടാകണം.
2. മൽസ്യത്തൊഴിലാളികൾക്കു ക്ഷേമനിധിയിൽനിന്നും പെൻഷൻ ആനുകൂല്യം ലഭ്യമാക്കണം.
3. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കു ലംപ്സം ഗ്രാൻറ് യഥാകാലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
4. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും കോളജുകളിലും പഞ്ചായത്തിനർഹതപ്പെട്ട സീറ്റുകൾ നേടിയെടുക്കാൻ വേണ്ടതു ചെയ്യണം.
5. പഞ്ചായത്തിലൊരു മൽസ്യത്തൊഴിലാളി മാവേലി സ്റ്റോർ തുടങ്ങണം.
6. കെട്ടിട സൗകര്യത്തോടുകൂടിയ രണ്ടു വിപണനകേന്ദ്രം ഉണ്ടാവണം.
7. ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചാൽ മൽസ്യത്തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും ഉപകാരപ്രദമായിരിക്കും.
8. 2-ാം വാർഡിൽ നടക്കുന്ന മൽസ്യകൃഷിയിടംപോലുള്ള കൂടുതൽ കൃഷിയിടങ്ങൾ പഞ്ചയാത്തിലുണ്ടാകാൻ പ്രോൽസാഹനം നൽകണം.
9. പഞ്ചായത്തുവക സ്ഥലമായ 6-ാം വാർഡിൽ കല്ലുകടവിൽ ഉള്ള സ്ഥലത്ത് കെട്ടിടം പണിത് മൽസ്യ മാർക്കറ്റ് ആക്കുക.


കല്ലറ ഗ്രാമപഞ്ചായത്ത്
ക്ഷീരസംഘങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ
(സെപ്റ്റംബറിലെ കണക്കനുസരിച്ച്)

പട്ടിക 3 - 5.2

സംഘത്തിന്റെ പേര്	ശേഖരിച്ച പാൽ ലിറ്റർ	പ്രദേശത്ത് വിൽക്കുന്നത് പാൽ ലിറ്റർ	പുറത്തേക്ക് കൊടുക്കുന്ന പാൽ ലിറ്റർ	അംഗങ്ങൾ
ആകെ പാൽ ലിറ്ററിൽ				
കല്ലറ (നോർത്ത്) ക്ഷീരോൽപാദക സഹകരണസംഘംക്ലിപ്തം നമ്പർ കെ.5(ഡി) ആപ്കോസ്	36453	13968	22485	-
കല്ലറ (സൗത്ത്) ക്ഷീരോൽപാദക സഹകരണസംഘം നമ്പർ കെ 122 (ഡി) ആപ്കോസ്	-	5272.9	6217.7	
	136032	57314	78718	386
പെരുംതുരുത്ത് ക്ഷീരോൽപാദന സഹകരണസംഘം നമ്പർ കെ 112 സിഡി ആപ്കോസ്	93358	36851	56506	314
ആകെ പാൽ	265843	108133	157709	

അവലംബം: ദ്വിതീയ വിവര ശേഖരണം.





5. 3.

വ്യവസായം ടൂറിസം

കല്ലറ പഞ്ചായത്തിൽ വൻകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. ചെറുകിട വ്യവസായരംഗത്തും എന്തെങ്കിലും കാര്യമായ നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇവിടുത്തെ ഭൂപ്രകൃതിയും ജനപ്രകൃതിയും പരിശോധിച്ചാൽ വ്യവസായ പിന്നോക്കാവസ്ഥയുടെ കാരണം കണ്ടെത്തുവാൻ കഴിയും. ഭൂവിസ്തൃതിയുടെ പകുതിയിലധികം വരുന്ന കരിനില പാടശേഖരത്തിലെ നെൽകൃഷിയെ ബന്ധപ്പെടുത്തിയുള്ളതാണ് ജനങ്ങളുടെ പ്രധാന തൊഴിലും ഉപജീവനമാർഗ്ഗവും. ജനസംഖ്യയിൽ നല്ലൊരു ഭാഗവും നെൽകൃഷിയുമായി ബന്ധപ്പെട്ട ചെറുകിട നാമമാത്ര കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ്.

സമീപകാലത്ത് അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം ലഭിച്ചവർ പ്രത്യേകിച്ചും യുവതലമുറ കൃഷിയുമായി അകലുകയും മണ്ണുമായുള്ള ബന്ധം ഉപേക്ഷിക്കുകയും ചെയ്തു. മണ്ണിൽ തൊടുന്നതിനുപോലും അവർ മടിക്കുകയാണ്. ഇതിന് അവരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലത് ഉണ്ടെങ്കിലും ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റവും അതിനു വഴിയൊരുക്കുന്ന ഗവൺമെന്റുടമസ്ഥതയിലുള്ള ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ അടക്കമുള്ള മാദ്ധ്യമങ്ങൾ കൊടുക്കുന്ന നിരന്തരമായ പ്രചാരണവും തന്നെയാണ് മുഖ്യമായവ.

"കൈ നനയാതെ മീൻ പിടിക്കുവാനുള്ള പ്രവണത" ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഗ്രസിച്ചിരിക്കുകയാണ്. ഒരു രൂപയുടെപോലും മൂലധനം മുടക്കാതെയും, അദ്ധ്വാനഭാരം കൂടാതെയും ആയിരങ്ങളും പതിനായിരങ്ങളും ചിലപ്പോൾ സെക്കൻഡുകൾക്കുള്ളിൽ നേടാനുതകുന്ന കമ്മീഷൻ ഏജൻസി പണി (ബ്രോക്കറേജ്) ഇന്നൊരു ഹരമായിരിക്കുകയാണ്. ഭാഗ്യക്കുറിയുടെ നറുക്ക് വീഴുന്നതുപോലെ പതിനായിരത്തിൽ മൂന്നോ നാലോ പേർക്കു മാത്രമാണ് ഈ അസുലഭാവസരം കൈവരുന്നതെന്നുള്ള കാര്യം ആരും ഓർക്കാറില്ല.

സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർപോലും നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്വയംതൊഴിൽ കണ്ടെത്തുവാൻ ചെറിയ ശ്രമമെങ്കിലും നടത്താതെ റിയൽ എസ്റ്റേറ്റുകൾപോലുള്ള കമ്മീഷൻ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാകുന്നു.

മോശമല്ലാത്ത തോതിൽ വിദേശപണവും പഞ്ചായത്തിൽ വന്നുചേരുന്നുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും ബന്ധപ്പെട്ട കുടുംബങ്ങളുടെ ഉപജീവനത്തിനാണ് ഉതകുന്നത്. അത് ശ്ലാഘനീയവുമാണ്. എന്നാൽ ചുരുക്കം ചിലരുടെ പക്കലെങ്കിലും കൂടുതലായി വന്നുചേരുന്ന വിദേശപണം കെട്ടിടനിർമ്മാണരംഗത്തും ഭൂമി വാങ്ങിക്കൂട്ടുന്നതിലും ചെലവിടുകയാണ്. കെട്ടിടനിർമ്മാണരംഗത്ത് ചെലവിടുന്ന പണത്തിന്റെ ഒരു ചെറിയ ഭാഗം കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കും മറ്റുമായി ലഭിക്കുന്നുണ്ട്. എന്നാൽ അതിൽ സിംഹഭാഗവും റിട്ടേൺ ഇല്ലാത്ത മൃതനിക്ഷേപമായി മാറുന്നു. വസ്തു വാങ്ങിക്കൂട്ടുന്നത് വിൽക്കുവാനുള്ളവർക്ക് അനുഗ്രഹമാണെങ്കിലും കൃത്രിമമായി ഒരു വിലവർദ്ധനവ് സൃഷ്ടിക്കപ്പെടുകയും, ഒരു തുണ്ട് ഭൂമി വാങ്ങി ഒരു ചെറിയ കൂരയെങ്കിലും തല്ലിക്കൂട്ടുവാൻ ആഗ്രഹിക്കുന്നവരെയും ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനാഗ്രഹിക്കുന്നവരെയും വളരെയധികം വിഷമിപ്പിക്കുന്നുണ്ട്. അതുപോലെ പ്രാഥമികാരോഗ്യകേന്ദ്രം, മൃഗാശുപത്രി, ഹോമിയോ ആശുപത്രി തുടങ്ങിയ ജനങ്ങൾക്കത്യാവശ്യമായ സേവനമേഖലയ്ക്കാവശ്യമായ സ്ഥലം കണ്ടെത്തൽ ദുർഘടമാക്കുന്നു.

മേൽപറഞ്ഞ വസ്തുനിഷ്ഠ സാഹചര്യങ്ങൾ കണക്കിലെടുത്ത് വിദേശപണം കയ്യിലുള്ളവർ അതിലൊരുഭാഗമെങ്കിലും മുടക്കി എന്തെങ്കിലും ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിച്ചാൽ അത് നമ്മുടെ പ്രദേശത്തിന്റെ മൊത്തത്തിലുള്ള ഉത്കർഷത്തിന് മുതൽകൂട്ടാവും. ബന്ധപ്പെട്ട വ്യക്തിയെ സംബന്ധിച്ച് മഹത്തായ ഒരു ജീവകാരുണ്യ പ്രവർത്തനം കൂടിയാവും. ഉദാരമതികളായ വ്യക്തികൾ മുന്നോട്ടുവരുമ്പോൾ അവർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ പഞ്ചായത്തുതലത്തിൽ മുൻകൈ എടുക്കണം.

ഒരുകാലത്ത് പുരയിടകൃഷിയിൽ ഒന്നാംസ്ഥാനത്ത് നിന്നിരുന്നത് തെങ്ങ് കൃഷിയാണ്. അതുകൊണ്ടുതന്നെ പണ്ടുമുതൽക്കേ ഇവിടെ കള്ളുചെത്ത് വ്യവസായം നിലനിന്നിരുന്നു. ഈ മേഖല ഏതാനും പേർക്ക് സ്ഥിരം തൊഴിലും വരുമാനവും നൽകുന്നു. പഞ്ചായത്തിൽ ആദ്യമായി തൊഴിലാളികൾ സംഘടിക്കുന്നത് കള്ളുചെത്ത് വ്യവസായത്തിലാണ്

ഈ പഞ്ചായത്തിൽ എടുത്തുപറയത്തക്ക ഒരു വ്യവസായ യൂണിറ്റ് ഉള്ളത് അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന, ആലപ്പുഴ സർവ്വോദയ സംഘത്തിന്റെ ഖാദി വ്യവസായകേന്ദ്രമാണ്. സ്വന്തമായ കെട്ടിടത്തിൽ ഖാദി സഹകരണസംഘത്തിന്റെ ഭരണത്തിൻകീഴിൽ 3 സ്ഥിരം ജീവനക്കാരോടും കൂടി നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇവിടെ പഞ്ചായത്തിലെ ഇരുപത് പെൺകുട്ടികൾ ജോലി ചെയ്യുന്നു. നിരവധി പെൺകുട്ടികൾ തൊഴിൽ തേടി എത്തിച്ചേരുന്നുണ്ടെങ്കിലും അവരെ ഉൾക്കൊള്ളുവാനുള്ള ഭൗതിക സാഹചര്യം ഈ സ്ഥാപനത്തിലില്ല. കുറച്ചുകൂടി മെച്ചമായ സൗകര്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഭരണകർത്താക്കൾ നടത്തിവരുന്നു. ഖാദി തുണികൾ, സോപ്പ്, ചന്ദനത്തിരി, വീട്ടുപകരണങ്ങൾ മുതലായവയാണ് മുഖ്യമായും ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നത്.

അഞ്ചാം വാർഡിൽതന്നെ ഒരു സ്വകാര്യ വ്യക്തിയുടെ തീപ്പെട്ടിക്കമ്പനി പ്രവർത്തിക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും കുറച്ച് തൊഴിലവസരം ഈ സ്ഥാപനം നൽകുന്നു.

പഞ്ചായത്തിൽ 5 സോമില്ലുകൾ ഉള്ളതിൽ രണ്ടെണ്ണം മാത്രമേ ഇന്നു പ്രവർത്തിക്കുന്നുള്ളൂ. ഈ സ്ഥാപനങ്ങൾ 50 പേർക്കു തൊഴിലവസരം പ്രദാനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ തീരാശാപമായ ഊർജ്ജ പ്രതിസന്ധി ഈ മേഖലയെ വെട്ടിലാക്കുന്നു.

3 ഓട്ടോമൊബൈൽ വർക്കുഷോപ്പുകൾ, നാലിൽപരം മെറ്റൽ എൻജിനീയറിംഗ് വർക്ഷോപ്പുകൾ, 9 റൈസ് മില്ലുകൾ ഇവയും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അഞ്ചോളം ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത വ്യവസായമേഖലയിൽ പ്രധാനപ്പെട്ടവ കുട്ട, വട്ടി, മുറം, പായ, പനമ്പ് മുതലായവയുടെ നിർമ്മാണമാണ്. ഇത് കുടിൽവ്യവസായമായി ചെയ്തുവരുന്നു. കൂടാതെ കല്ലറ പഴയപള്ളിക്കു സമീപം ഇതിന്റെ ഒരു നിർമ്മാണ യൂണിറ്റ് സ്വകാര്യമേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

കൈത്തൊഴിൽ വ്യവസായരംഗത്ത് വനിതകളുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നാല് യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്രധാനമായും റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബേക്കറി സാധനങ്ങൾ തുടങ്ങിയവ നിർമ്മിച്ച് വിപണനം നടത്തുന്നു. ഈ യൂണിറ്റുകളിൽ വനി

ഖാദിഭവൻ

പഞ്ചായത്തിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം		മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം	ഉത്പാദിപ്പിക്കുന്ന സാധനങ്ങളുടെ അളവ്						വിതരണ രീതി
പു.	സ്ത്രീ		തുണി	സോപ്പ്	ചന്ദന തിരി	ഫർണിച്ചർ	നൂല്	കക്ക	sales to
2	210		2250x115 1800x115 1200x115 600x70			charkha spart parts Rs. 10,000		NIL	branch and H.O

തകൾതന്നെയാണു ജോലി ചെയ്യുന്നത്.

കുടിൽ വ്യവസായമായി ചെയ്തുവരുന്ന ഒരു പ്രധാന പരമ്പരാഗത വ്യവസായമാണ് പപ്പട നിർമ്മാണം. ഈ തൊഴിൽ മുഖ്യ ഉപജീവനമാർഗ്ഗമായുള്ള ആളുകൾ പഞ്ചായത്തിലുണ്ട്. പരമ്പരാഗത പപ്പട നിർമ്മാണരംഗത്ത് 'കല്ലറ പപ്പടം' കല്ലറയ്ക്കു വെളിയിൽ പോലും പ്രശസ്തി പിടിച്ചുപറ്റുന്നു.

പ്രധാന നിർദ്ദേശങ്ങൾ


1. വൻകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിലില്ല. അതിനാൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ തയ്യാറാക്കി താൽപര്യമുള്ളവർക്കെത്തിച്ചു കൊടുക്കണം.
2. ചെറുകിട വ്യവസായ സംരംഭത്തെക്കുറിച്ചും അവയ്ക്കു വിവിധ ഏജൻസികളിൽനിന്നു ലഭ്യമാകുന്ന സാമ്പത്തിക സഹായത്തെക്കുറിച്ചുമുള്ള ബോധവൽകരണ പരിപാടികൾ നടത്തണം.
3. വിദേശപണം മൂലധനമായി മുടക്കുവാനായി മുന്നോട്ടുവരുന്നവർക്ക് എല്ലാവിധ പ്രോൽസാഹനവും മാർഗ്ഗനിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും നൽകണം.
4. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിൽ സത്വര നടപടികൾ ഉണ്ടാകണം.
5. പഞ്ചായത്തിലെ ഭൗതിക സാഹചര്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ നെല്ല് സംഭരണ വിതരണകേന്ദ്രം സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ച് നെല്ല് പുഴുങ്ങി കുത്തി അരിയാക്കി വിപണനം ചെയ്യാനുള്ള നടപടികൾ തുടങ്ങണം.
6. ഇവിടെ സുലഭമായി ലഭിക്കുന്ന വൈക്കോലും തവിടും ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.
7. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

   ഇവിടെയുള്ള സാങ്കേതിക പരിജ്ഞാനമുള്ളവരെ ഉപയോഗിച്ചുകൊണ്ടും ലഭ്യമായ റബ്ബർ ഉപയോഗപ്പെടുത്തിക്കൊണ്ടും ഈ പ്രദേശത്ത് ഒന്നിലധികം ചെറുകിട യൂണിറ്റുകൾക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം.
8. പപ്പട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു പപ്പട നിർമ്മാണ യൂണിറ്റ് ആരംഭിച്ച് വിപണന മേഖല മെച്ചപ്പെടുത്തിയാൽ കുറേ പേർക്ക് തൊഴിൽ ലഭിക്കും.


ടൂറിസം

പഞ്ചായത്തിന്റെ ഉയർന്ന ഭാഗത്തുനിന്നു പടിഞ്ഞാറേക്കു നോക്കുന്ന ഒരാൾക്കു നയനാഭിരാമമായ മനം കുളിർപ്പിക്കുന്ന കാഴ്ചയാണു കാണുവാൻ കഴിയുക. ഇളം കാറ്റിലോളം വെട്ടുന്ന പച്ചപ്പട്ടു വിരിച്ച നെൽവയലുകളും അവയ്ക്കിടയിൽ വെള്ളിവരകൾപോലെയുള്ള നീർച്ചാലുകളും തെത്തെന്നലിൽ തലയാട്ടിനിൽക്കുന്ന കല്പവൃക്ഷങ്ങളുംകൊണ്ടു സമ്പന്നമായ മുണ്ടാർ പ്രദേശം കുമരകംപോലെ തന്നെ വികസിപ്പിച്ചെടുത്താൽ ടൂറിസം ഭൂപടത്തിൽ സ്ഥാനം നൽകുവാൻ കഴിയും.





5. 4.



സ്വാതന്ത്ര്യ സമ്പാദനത്തിനും എത്രയോ മുമ്പ് രാജഭരണകാലത്തുതന്നെ കല്ലറ സമീപ ഗ്രാമങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നു. എഴുത്തുപള്ളികൾ, നിശാപാഠശാലകൾ തുടങ്ങി അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളാണ് പിൽക്കാലത്ത് ഔപചാരിക വിദ്യാലയങ്ങൾക്ക് തുടക്കം കുറിച്ചത്.

ഒരു ശതാബ്ദത്തിനു മുമ്പ് കല്ലറ പഴയ പള്ളിക്കു സമീപം ആരംഭിച്ച എഴുത്തുപള്ളി ഏതാനും നാളുകൾക്കുശേഷം സർക്കാർ ഗ്രാൻറ് ലഭിക്കുന്ന പ്രൈമറി സ്കൂൾ ആക്കി ഉയർത്തി പാണ്ഡവർകുളങ്ങര ക്ഷേത്രത്തിനു സമീപത്തേക്കു മാറ്റി സ്ഥാപിച്ചു. പന്തലാംതൊട്ടി കുടുംബം വക സ്ഥലമാണ് ഇതിനു വേണ്ടി സൗജന്യമായി നൽകിയത്. ഈ സ്കൂളാണ് കല്ലറയിൽ ആദ്യം സ്ഥാപിച്ച ഔപചാരിക വിദ്യാലയമായ കല്ലറ ഗവൺമെൻറ് പ്രൈമറി സ്കൂൾ. ആദ്യത്തെ പ്രഥമാദ്ധ്യാപകൻ ശ്രീ ആദിത്യവർമ്മ തിരുമുൽപ്പാട് ആയിരുന്നു.

ഏതാനും വർഷങ്ങൾക്കുശേഷം മാണിക്യം അമ്മ എന്ന മഹതിയുടെ ഇച്ഛാശക്തിയിൽ ഉദയം ചെയ്ത വിദ്യാലയമാണ് പിൽക്കാലത്ത് മലയാളം മിഡിൽ സ്കൂൾ ആയി. തുടർന്ന് ശ്രീ മാണിക്യവിലാസം എൻ. എസ്. എസ്. ഹൈസ്കൂളിന് ബീജാവാപം നൽകിയത്. മരുമക്കത്തായ സമ്പ്രദായം നിലവിലിരുന്ന കാലത്ത് തൻെറ പെൺമക്കളെ എഴുത്തുപള്ളിയിൽ അയച്ച് എഴുത്തും വായനയും പഠിപ്പിക്കണമെന്ന് നിരക്ഷരയായ ആ മാതാവ് കാരണവന്മാരോട് യാചിച്ചെങ്കിലും അവർ ചെവിക്കൊണ്ടില്ല. ഇതിൽ ദുഃഖിതയായ ആ സ്ത്രീ ഈ അനുഭവം ഈ നാട്ടിലെ പെൺമക്കൾക്ക് ഉണ്ടാകരുതെന്ന് ആശിച്ചു.

ആ മാതാ മാഹിയുടെ അഭിലാഷ സാക്ഷാത്ക്കാരത്തിനുവേണ്ടി ശ്രീമാൻ കെ. ആർ. ശങ്കരപ്പിള്ളയുടെ മാനേജ്മെൻറിൽ 1924 ജൂൺ 24-ാംതീയതി രണ്ടു ക്ലാസോടുകൂടി ശ്രീമാണിക്യവിലാസം സ്കൂൾ ആരംഭിച്ചു. ഈ സ്ഥാപനത്തിൽ ആദ്യം പേരു രജിസ്റ്റർ ചെയ്തത് കപിക്കാട് കരയിൽ മുട്ടേത്താഴത്തു വീട്ടിൽ എം. ജെ. മേരി എന്ന വിദ്യാർത്ഥിനിയാണ്. ഇരവിമംഗലം സെൻറ് ജോസഫ്സ് പ്രൈമറി സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. കെ. ആർ. കൃഷ്ണപിള്ള എന്ന ഗുരുഭൂതൻ തൻെറ ജോലി രാജിവച്ച് സ്വന്തം സ്കൂളിൻെറ ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിൻെറ നിരന്തര ശ്രമഫലമായി 1928 ജൂണിൽ 4 ക്ലാസുള്ള പൂർണ്ണ പ്രൈമറി സ്കൂളായി ഉയർന്നു. 1938-ൽ മലയാളം മിഡിൽ സ്കൂൾ ആരംഭിച്ചു. 1947-ൽ പ്രൈമറി വിഭാഗം സറണ്ടർ ചെയ്തു. ഗവൺമെൻറ് നയമനുസരിച്ചു മലയാളം മിഡിൽ സ്കൂൾ ഇംഗ്ലീഷ് സ്കൂൾ ആക്കി മാറ്റിയപ്പോൾ മുതൽ ഹൈസ്കൂൾ ആക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു. 1951-ൽ ഹൈസ്കൂൾ ആരംഭിച്ചെങ്കിലും തൻെറ കുടുംബസ്വത്തുക്കൾ കടപ്പെടുത്തിയും സ്ഥലത്തെ എൻ. എസ്. എസ്. കരയോഗത്തിൻെറയും നാട്ടുകാരുടെയും സഹായം ലഭിച്ചിട്ടും ആവശ്യമായ കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കുവാൻ സാധിക്കാതെ വന്നു. ഒരുവിധത്തിൽ പൂർണ്ണ ഹൈസ്കൂളാക്കിയിട്ടു തുടർന്നുപോകാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ മന്നത്തു പത്മനാഭൻെറ അനുഗ്രഹാശിസ്സുകളോടെ എൻ. എസ്. എസിനു വിട്ടുകൊടുത്തു. സാധാരണക്കാരായ ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് ആശാകേന്ദ്രമായിത്തീർന്ന ആദ്യത്തെ ഹൈസ്കൂളാണ് 1954-ൽ പൂർണ്ണമായിത്തീർന്ന കല്ലറ ശ്രീ മാണിക്യവിലാസം എൻ. എസ്. എസ്. ഹൈസ്കൂൾ.

ദേശീയ പ്രസ്ഥാനത്തിൻെറ അലയൊലികൾ കല്ലറ പ്രദേശത്തെ വിവിധ സമുദായങ്ങളെ ഉത്ബുദ്ധരാക്കി

യതിന്റെ ഫലമായി ഇക്കാലത്ത് പല വിദ്യാലയങ്ങളും ആരംഭിച്ചു. എൻ. എസ്. എസ്, എസ്. എൻ. ഡി. പി., പുലയർ മഹാസഭ, ക്രിസ്ത്യൻ പള്ളി ഇടവക എന്നിവർക്ക് പ്രത്യേകം പ്രത്യേകം സ്കൂളുകൾ ഉണ്ടായത് ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ നാഴികക്കല്ലുകളായിത്തീർന്നു. ഈ രംഗത്ത് മൽസരബുദ്ധിയോടെ പ്രവർത്തിച്ച വിവിധ സമുദായങ്ങൾ യാതൊരു കിടമൽസരങ്ങളും കൂടാതെ വർത്തിക്കുന്നു എന്നത് ഈ നാടിന്റെ ഒരു സവിശേഷത ആണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും വിദ്യാഭ്യാസവകുപ്പിന്റെയും സംയുക്ത പരിശ്രമഫലമായി നടത്തുന്ന വിജ്ഞാനോത്സവം ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ സാരമായ ഒരു പങ്ക് വഹിക്കുന്നു.

മുണ്ടാർ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഒരു പയൽ സ്കൂൾ ഏതാനും വർഷങ്ങൾക്കുശേഷം നിന്നുപോയി. ഇപ്പോൾ ഈ പഞ്ചായത്തിൽ രണ്ടു ഹൈസ്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും നാലു പ്രൈമറി സ്കൂളുകളും ഉണ്ട് അവയുടെ വിശദാംശങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ 2 ട്യൂട്ടോറിയൽ കോളേജുകൾ, 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി സ്കൂൾ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ അദ്ധ്യയനവർഷം മുതൽ കല്ലറ എസ്. എം. വി. എൻ.എസ്.എസ്. ഹൈസ്കൂളിൽ 5-ാം ക്ലാസ്സിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ 5 ബാലവാടികളും 3 നഴ്സറി സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. മൂന്നു വയസ്സിനും അഞ്ചു വയസ്സിനും ഇടയിൽ ഉള്ള കുട്ടികൾ പലരും ബാലവാടികളിൽ പോകുന്നുണ്ടെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ഭ്രമം മൂലം പലരും കുട്ടികളെ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അവരുടെ വണ്ടികളിൽ കയറ്റി അയയ്ക്കുന്നുണ്ട്. ചില കുട്ടികൾ ചുമലിൽ വലിയ ഭാരവും പേറി സ്വകാര്യ ബസുകളിൽ കഷ്ടപ്പെട്ടു യാത്രചെയ്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്ന ദയനീയമായ കാഴ്ചയും അപൂർവ്വമല്ല. ഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഒരു പ്രൈമറി സ്കൂൾ മുണ്ടാർ ഭാഗത്ത് സ്ഥാപിക്കേണ്ടതും ഒന്നും ഏഴും വാർഡുകളിൽ ഓരോ അംഗൻവാടികൾ ആരംഭിക്കേണ്ടതും അടിയന്തരമായ ആവശ്യമാണ്.

പട്ടിക 1 വിദ്യാലയ വിവരങ്ങൾ

ക്രമ	സ്കൂളിന്റെ പേര്	ഉടമസ്ഥത	കുട്ടികളുടെ			പട്ടികജാതി/			അദ്ധ്യാപകർ			സ്ഥലം	കളി
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ഏ.സെ.	സ്ഥലം
1.	ശ്രീ മാണിക്കവിലാസം ഗവ. എൽ.പി. സ്കൂൾ	സർക്കാർ	132	116	248	41	30	71	2	6	8	1..	ഉണ്ട്
2.	ഗവ. എൽ.പി. സ്കൂൾ കല്ലറ	സർക്കാർ	86	72	158	13	16	29	1	5	6	-96.5	ഉണ്ട്.
3.	ഹരിജൻ വെൽഫെയർ എൽ.പി. സ്കൂൾ, കല്ലറ	സർക്കാർ	66	44	110	20	12	32	1	3	4	-15	ഇല്ല
4.	സെൻറ് സാവിയോസ് എൽ.പി.എയ്ഡഡ് സ്കൂൾ പറവന്തുരുത്ത്		24	33	57	-	-	-	1	2	3	ഉണ്ട്	
5.	ശ്രീ ശാരദവിലാസം യു.പി. സ്കൂൾ, കല്ലറ	എയ്ഡഡ്	138	123	261	15	10	25	5	6	11	2.36	ഉണ്ട്
6.	ശ്രീകൃഷ്ണവിലാസം ഗവ. സ്കൂൾ, പെരുന്തുരുത്ത്	സർക്കാർ	142	137	279	24	12	36	3	8	11	ഇല്ല	
7.	ശ്രീ മാണിക്യവിലാസം എൻ.എസ്.എസ്. ഹൈസ്കൂൾ കല്ലറ	എയ്ഡഡ്	600	551	1151	105	110	215	3	38	41	2.15	ഇല്ല
8.	സെൻറ് തോമസ് ഹൈസ്കൂൾഎയ്ഡഡ് കല്ലറ		344	311	655	57	68	125	8	17	25	ഇല്ല	
	ആകെ		1532	1387	2919	275	258	533	24	85	109		

ഈ പഞ്ചായത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 2919 ആണെന്ന് പട്ടിക 1 സൂചിപ്പിക്കുന്നു. ഇതിനു പുറമെ കുട്ടികൾ സമീപ പ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. 5-ാം ക്ലാസ്സിൽവച്ചു നടത്തുന്ന മൽസര പരീക്ഷകളിൽ ജയിച്ച 7 കുട്ടികൾ ഇപ്പോൾ കോട്ടയത്ത് ജവഹർ നവോദയ വിദ്യാലയത്തിൽ 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന് ഈ ഗ്രാമത്തിലുള്ളവർ കോട്ടയം ജില്ലയിലെ വിവിധ കോളേജുകൾ, ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം എൻ. എസ്. എസ്. കോളേജ്, വിവിധ പോളിടെക്നിക്ക്, ഐ. ടി. ഐ., ഐ. റ്റി. സി. തുടങ്ങിയ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ഉന്നത വിദ്യാഭ്യാസ സൗകര്യം വിദൂരമായത് വിദ്യാർത്ഥികൾക്ക് വിഷമകരമായിത്തീർന്നിരിക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കു പരിശോധിച്ചതിൽനിന്നും മിക്ക സ്കൂളുകളിലും കുട്ടികൾ കുറഞ്ഞുവരുന്നതായി കാണാം. ഇതിനുള്ള കാരണങ്ങൾ ജനനനിരക്കിലെ കുറവ്, ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടുള്ള ഭ്രമം, ചില സ്കൂളുകളിലെ നിലവാരത്തകർച്ച എന്നിവയാണെന്നു സമഗ്ര കുടുംബ സർവെയിൽനിന്നും ദ്വിതീയ വിവര ശേഖരണത്തിൽനിന്നും തെളിഞ്ഞിട്ടുണ്ട് വിശേഷാൽ ഗ്രാമസഭകളിലും ഈ പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. എൽ. പി. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കുറവ് പറവന്തുരുത്ത് സെൻറ് സാവിയോസ് എൽ. പി. സ്കൂളിലും ഏറ്റവും കൂടുതൽ എസ്. എം. വി. ഗവൺമെൻറ് എൽ. പി. സ്കൂളിലുമാണ്.

സ്കൂളുകളുടെ എണ്ണം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യാനുപാതികമായിട്ടുണ്ടെങ്കിലും വളരെ വിസ്തൃതമായി കിടക്കുന്ന ഒന്നാം വാർഡിലെ മുണ്ടാർ പ്രദേശത്തുള്ള പിഞ്ചു കുട്ടികൾ നാലഞ്ചു കിലോമീറ്റർ സഞ്ചരിച്ചെങ്കിലേ ഏറ്റവും അടുത്ത ശ്രീമാണിക്യവിലാസം ഗവൺമെൻറ് എൽ. പി. സ്കൂളിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. മഴക്കാലത്ത് വെള്ളം പൊങ്ങുമ്പോൾ കരിനിലങ്ങളിൽ കൂടിയുള്ള യാത്ര ദുർഘടവുമാകും. ആയതിനാൽ ഈ പ്രദേശത്ത് ഒരു പ്രൈമറി സ്കൂൾ ആരംഭിക്കണമെന്നുള്ള മുറവിളി ഗ്രാമസഭയിൽ ഉയർന്നിട്ടുണ്ട്.

ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ഏറിയ പങ്കും സ്ത്രീകളാണ്. (പട്ടിക 1) അവരിൽ മിക്കവാറും ആളുകൾ ദൂരെ ദേശങ്ങളിൽ നിന്നും ദിവസവും ബസിൽ വന്ന് ഇവിടെ ജോലി ചെയ്യുന്നവരാണ്. എല്ലാ സ്കൂളുകളിലേയും അദ്ധ്യാപകർ മതിയായ യോഗ്യത നേടിയിട്ടുള്ളവരാണ്. എങ്കിലും പാഠപദ്ധതിയുടെ നവീകരണത്തിന് അനുസൃതമായി റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കാത്തവരാണ് അധികവും. എസ്.എസ്.എൽ.സി. പരീക്ഷയിൽ പരാജയപ്പെട്ട കുട്ടികളുടെ മാർക്കു പരിശോധിച്ചതിൽ നിന്നും ഏറ്റവും കൂടുതൽ കുട്ടികൾ ഇംഗ്ലീഷിനും വളരെ കുറച്ചു കുട്ടികൾ മലയാളത്തിനും തോറ്റതായി കണ്ടു. ഭാഷയിൽ ഹിന്ദിക്കാണ് തോൽവിയിൽ രണ്ടാം സ്ഥാനം. മറ്റു വിഷയങ്ങളിൽ കണക്ക്, സയൻസ്, സോഷ്യൽ സയൻസ് എന്നീക്രമത്തിലാണ് തോറ്റവരുടെ എണ്ണം കുറഞ്ഞു വരുന്നത്. അതാതു വിഷയങ്ങളിൽ സ്പെഷ്യലൈസ് ചെയ്ത അദ്ധ്യാപകരെ നിയമിക്കേണ്ടതും പഠനനിലവാരം ഉയർത്തുന്നതിന് പ്രത്യേകം പരിശീലനം നൽകേണ്ടതും ആവശ്യമാണെന്ന് ഈ വസ്തുത വിളിച്ചോതുന്നു. മിക്ക സ്കൂളുകളിലും പഠനോപകരണങ്ങൾ തന്നെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ഗൈഡ് ബുക്കുകൾ ഉപയോഗിച്ച് ട്യൂട്ടോറിയൽ രീതിയിലുള്ള അദ്ധ്യാപനരീതി ഉപേക്ഷിച്ച് കുട്ടികളിൽ അന്വേഷണബുദ്ധിയും, യുക്തിബോധവും, വായനാശീലവും വളർത്തിയെടുക്കേണ്ടത് അനിവാര്യമാണ്.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ പരീക്ഷയിൽ ശരാശരി 87.6% കുട്ടികൾ വിജയിച്ചിട്ടുണ്ട്. (പട്ടിക II)

പട്ടിക 2

എസ്.എസ്.എൽ.സി. വിജയശതമാനം

വർഷം	'92	'93	'94	'95	'96 മാർച്ച്
വിജയ ശതമാനം	90.4	82.5	83.4	92.6	89.5
					ശരാശരി 87.6%

ഇത് ആശാവഹംതന്നെ. എങ്കിലും എസ്.എസ്.എൽ.സിക്ക് ഉന്നതമാർക്കു വാങ്ങുന്ന ഈ പഞ്ചാത്തിലെ വളരെ കുറച്ചു പേർ മാത്രമെ തുടർ വിദ്യാഭ്യാസത്തിനുള്ള മത്സര പരീക്ഷകളിൽ ശോഭിച്ചു കാണുന്നുള്ളു എന്ന വസ്തുത ഖേദകരമാണ്. മൂന്നാം സ്റ്റാൻഡാർഡു മുതലുള്ള കുട്ടികളുടെ കഴിഞ്ഞ വർഷത്തെ പരൂക്ഷയുടെ ഫലം വിലയിരുത്തിയതിൽ ഈ പഞ്ചായത്തിൽ ആകെ പരീക്ഷ എഴുതിയ കുട്ടികളിൽ 22.3% പേർ 30%ൽ കുറവ് മാർക്കുള്ള വരാണെന്ന് കണ്ടെത്തി. (പട്ടിക II) ഇവർ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. ഈ വിഭാഗത്തെ ഉയർത്തികൊണ്ടു വരുന്നതിനുള്ള വഴി കണ്ടെത്തണം.

പഞ്ചായത്തിൽ ഒട്ടാകെയുള്ള 2910 വിദ്യാർത്ഥികളിൽ 4 പേർ മാത്രമേ പഠനം നിർത്തിയതായി സ്കൂൾ

റിക്കാർഡുകളിൽ നിന്നും കാണുന്നുള്ളു ഇതിൽ മൂന്നു പേർ പട്ടികജാതിക്കാരാണ്. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ നാട്ടുകാർ വളരെ താല്പര്യമുള്ള വരാണെന്ന് ഈ കണക്കു സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ ആകെ 533 പട്ടികജാതി വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇത് ആകെ പഠിതാക്കളുടെ 18.3% വരും. അതായത് ഉദ്ദേശം അഞ്ചിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥി ആകുന്നു. ഇതിൽ 258 പേർ പെൺകുട്ടികളാണ്. ആകെയുള്ള വിദ്യാർത്ഥികളിൽ 1387 എണ്ണം പെൺകുട്ടികളാണ്, അതായത് 47.5% (പട്ടിക IV, പട്ടിക V, പട്ടിക VI)

പട്ടിക III 1995 - '96 വർഷാന്തപരീക്ഷ

ക്ലാസ്	30%ൽ താഴെ മാർക്കുനേടിയവർ	30%-40%	40%-50%	50%-60%	60%നുമേൽ
III	56	45	49	46	58
IV	45	42	49	55	66
V	39	68	39	38	103
VI	46	125	46	33	44
VII	101	110	34	36	55
VIII	130	118	60	30	37
IX	114	125	63	43	75
X	32	79	73	46	65
ആകെ	563	712	413	327	503
					ആകെ മൊത്തം 2518

പട്ടിക IV പഠനം നിർത്തിയവരുടെ കണക്ക്

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾ			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	2	3	-	1	1
				ആകെ	4

പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക V

ആകെവിദ്യാർത്ഥികൾ			പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1532	1387	2919	275	258	533
				ശതമാനം	18.3

പട്ടിക VI എൽ.പി, യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ എൽ.പി				യു.പി			ഹൈസ്കൂൾ		
വിദ്യാർത്ഥികൾ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2919453	396	849	472	436	908	607	55	1162	
ശതമാനം			46.6%		49.1%			47.8%	
ആകെ പെൺകുട്ടികൾ					1387ആകെ ശതമാനം47.5				

സമർത്ഥരായ വിദ്യാർത്ഥികൾക്ക് സംഘടനകൾ, വ്യക്തികൾ, സ്കൂൾ പി.റ്റി.എ എന്നിവ അവാർഡുകൾ ഏർപ്പെടുത്തി പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. ചില പ്രൈമറി സ്കൂളുകളിൽ നിർദ്ധനരായ കുട്ടികൾക്ക് കുട, പുസ്തകം എന്നിവയും സൗജന്യമായി വിതരണം ചെയ്യുന്നു. ഇതോടൊപ്പം ലോവർ സെക്കൻഡറി, അപ്പർ സെക്കൻഡറി എന്നീ സ്കോളർഷിപ്പു പരീക്ഷകൾക്ക് പ്രത്യേകം പരിശീലനം നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ കല്ലറ ശ്രീമാണിക്യ വിലാസം എൻ.എസ്.എസ്. ഹൈസ്കൂളിൽ മാത്രം 18 കുട്ടികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്നതായി ദ്വിതീയ വിവരം വ്യക്തമാക്കുന്നു.

പരിഗണനാർഹമായ സുപ്രധാന വസ്തുതയാണ് അക്കാദമിക് സൗകര്യങ്ങൾ. ക്ലാസ്മുറികളുടെ നാലുചുവരുകൾക്കുള്ളിൽ മണിക്കൂറുകളോളം ചെലവഴിക്കുന്ന പഠിതാക്കൾക്കും അദ്ധ്യാപകർക്കും ക്ലാസ് രസപ്രദമാക്കുന്നതിന് ദൃശ്യശ്രാവ്യ ഉപകരണങ്ങളും പഠന സഹായികളും (ടീച്ചിംഗ് എയ്ഡ്സ്) ഉപകരിക്കുന്നു. കുട്ടികൾക്കും അദ്ധ്യാപകർക്കും സൗകര്യപ്രദമായി ഇരിക്കുന്നതിനും തങ്ങളുടെ കൃത്യനിർവ്വഹണത്തിന് ഉപകരിക്കുന്നതുമായ വൃത്തിയും ഭംഗിയുമുള്ള ഫർണിച്ചറുകൾ, വിശാലമായ സ്റ്റാഫ് റൂം, ലൈബ്രറി, ലാബ്രട്ടറി, കളിസ്ഥലം എന്നിവ ഒരു വിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. എന്നാൽ ഇവയുടെ അപര്യാപ്തതയാണ് പട്ടിക VII സൂചിപ്പിക്കുന്നത്

പട്ടിക VII

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്രബട്ടറിയ സയസ്	പ്രവർത്തിക്കാത്തത്	പാനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടി.വി.	വി.സി.ആർ. വി.സി.പി.	സിനിമാ പൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർ ഹെഡ് പ്രൊജക്ടർ	ആവശ്യത്തിനുള്ള ബ്ലാക് ബോർഡ്	മാതൃസംഗമം സജീവം	ക്ലാസ്സ് പി.ടി.എ പ്രവർത്തനം സജീവം
ഉള്ളത്	5	5	5	5	5	4	1	-	-	-	2	-	8	6	6
ഇല്ലാത്തത്	3	3	3	3	3	4	7	8	8	8	6	8	-	2	2

ലാബും ലൈബ്രറിയും നാമമാത്രമായി മാത്രമേ അതുള്ള വിദ്യാലയങ്ങളിൽ പോലും ഉപയോഗിക്കുന്നുള്ളു എന്നാണ് പഠനം വ്യക്തമാക്കുന്നത്.

പി.ടി.എ. സജീവമായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ അക്കാദമിക് സൗകര്യങ്ങൾ സംഘടനയുടെ സഹായത്തോടെ മെച്ചപ്പെടുത്തുവാൻ സാധിക്കും. അതിന് ശ്രമിക്കേണ്ടതാണ്.

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യവും തൃപ്തികരമല്ല. കുടിവെള്ളം ലഭ്യമല്ലാത്ത ഒരു സ്കൂളും, വൈദ്യുതി എത്താത്ത രണ്ടു സ്കൂളും സ്റ്റാഫ്റൂം ഇല്ലാത്ത 4 സ്കൂളും പാചകമുറി ഇല്ലാത്ത രണ്ടു സ്കൂളും ഫർണീച്ചർ ആവശ്യത്തിന് ഇല്ലാത്ത നാലു സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. (പട്ടിക VIII) ഇങ്ങനെയുള്ള ഭൗതിക സാഹചര്യങ്ങളുടെ കുറവും സംസ്ഥാനവ്യാപകമായ സമരങ്ങളും ബന്ദുകളും ചില വിദ്യാലയങ്ങളിലെ പഠനനിലവാരം കുറയുന്നതിന് കാരണമായിട്ടുണ്ട്.

പട്ടിക VII ഭൗതികസാഹചര്യങ്ങൾ

സ്കൂളിന്റെപേര്	ആകെവിദ്യാർത്ഥികൾ	അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം പൈപ്പ്/കിണർ	വൈദ്യുതി	സ്റ്റാഫ്റൂം	പാചകമുറി	ഫർണിച്ചർ തൃപ്തികരം/അല്ല
1. എസ്.എം.വി.എൻ.എസ് എസ്.ഹൈസ്കൂൾ	1151	41	3	2	ഉണ്ട്	ഉണ്ട്	2	ഉണ്ട്	തൃപ്തികരം
2. സെൻറ് തോമസ് എച്ച് എസ്. കല്ലറ	655	29	4	3	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	തൃപ്തികരം
3. എസ്.എസ്.വി.യു.പി എസ് കല്ലറ	261	13	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	തൃപ്തികരം
4. എസ്.കെ.വി.യു.പി എസ്. പെരുന്തുരുത്ത്	279	10	1	1	"	"	ഇല്ല	"	തൃപ്തികരമല്ല

5. എസ്.എം.വി.ഗവ. എൽ.പി.എസ്.കല്ലറ	248	8	2	1	"	"	ഇല്ല	"	"
6. ഗവ.എൽ.പി.എസ് കല്ലറ	158	5	3	1	"	ഇല്ല	ഉണ്ട്	ഇല്ല	"
7. എച്ച്.ഡബ്ളിയു. എൽ.പി.എസ്.കല്ലറ	110	4	2	2	"	ഉണ്ട്	ഇല്ല	ഇല്ല	"
8. സെൻറ് സാവ്യോസ് എൽ.പി.എസ് പറവന്തുരുത്ത്	57	3	1	1	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	തൃപ്തികരം

വിദ്യാഭ്യാസം കൊണ്ടു ലക്ഷ്യമാക്കുന്നത് കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ്. "വെറും അക്ഷരാഭ്യാസം വിദ്യാഭ്യാസത്തിൻെറ ആരംഭമോ അവസാനമോ ആയ ലക്ഷ്യം അല്ല "എന്ന് ഗാന്ധിജി സൂചിപ്പിച്ചത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. കുട്ടികളിൽ ദേശസ്നേഹം, നേതൃത്വവാസന, ഐക്യം, അച്ചടക്കം, അനുസരണശീലം തുടങ്ങിയ സത്ഗുണങ്ങൾ വളർത്തുന്നതിന് ഉതകുന്ന പാഠ്യേതര പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ ഇല്ല. എൻ.സി.സി., സ്കൗട്ട്, ഗയ്ഡിംഗ്, ജൂനിയർ റെഡ്ക്രോസ്, സോഷ്യൽ സർവ്വീസ് ലീഗ് തുടങ്ങിയ സംഘടനകളും, സയൻസ് ക്ലബ്, ആർട്ട്സ് ക്ലബ് തുടങ്ങിയവയും ഉയർന്ന ക്ലാസുകളിൽ ഏർപ്പെടുത്തുന്നതിന് വിദ്യാലയ് അധികൃതരും പഞ്ചായത്തും സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. കൂടാതെ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് ആവശ്യമായ കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങളിൽ അതിനുള്ള ഏർപ്പാടുകൾ സത്വരം നടപ്പിൽ വരുത്തുന്നതിന് അധികൃതർ നടപടി സ്വീകരിക്കണം.

ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് അടിയന്തിരമായി ആസൂത്രണം ചെയ്യേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മുണ്ടാർ പ്രദേശത്തെ പിഞ്ചു കുഞ്ഞുങ്ങൾക്ക് പ്രൈമറി സ്ക്കൂൾ വിദൂരത്താണ്. ഇവിടെ ഒരു പ്രൈമറി സ്ക്കൂൾ സ്ഥാപിക്കണം.

2. എല്ലാ പ്രൈമറി സ്ക്കൂളുകളോട് അനുബന്ധിച്ചു സുസജ്ജമായ പ്രീപ്രൈമറി സ്ക്കൂൾ സ്ഥാപിക്കണം.

3. ഒന്നാം വാർഡിലും ഏഴാം വാർഡിലും ഓരോ അംഗൻ വാടികൾ സ്ഥാപിക്കണം.

4. 3-ാം വാർഡിലെ ഹരിജൻ വെൽഫയർ സ്ക്കൂൾ, 5-ാം വാർഡിലെ ഗവ. എൽ.പി. സ്ക്കൂൾ. 8-ാം വാർഡിലെ പെരുന്തുരുത്ത് എസ്.കെ.വി. യു.പി. സ്ക്കൂൾ 2-ാം വാർഡിലെ എസ്.എം.വി. ഗവ. എൽ.പി. സ്ക്കൂൾ എന്നിവ മതിൽ കെട്ടി സംരക്ഷിക്കണം.

5. 8-ാം വാർഡിലെ പെരുന്തുരുത്ത് സ്കൂളിൻെറ സെമിപെർമനൻറ് ഷെഡ് അടച്ചുകെട്ടുകയും കല്ലറ ഗവ. എൽ.പി. സ്ക്കൂളിൻെറ ഒരു കെട്ടിടം ഹാൾ ആക്കി മാറ്റുകയും ചെയ്യണം.

6. അഞ്ചാം വാർഡിലെ അംഗൻ വാടി കെട്ടിടം ജീർണ്ണോദ്ധാരണം നടത്തി സംരക്ഷിക്കുക.

7. ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലാത്തതിനാൽ പഞ്ചായത്തിലെ ഓരോ ഹൈസ്ക്കൂളുകളിലും ഹയർ സെക്കൻഡറിയും വൊക്കേഷനൽ ഹയർ സെക്കൻഡറിയും ആരംഭിക്കണം. 8. എല്ലാ സ്ക്കൂളുകളിലും ലാബ്, ലൈബ്രറികൾ ഏർപ്പെടുത്തുകയും പ്രവർത്തന ക്ഷമമാക്കുകയും വേണം.

9. പഞ്ചായത്തു തലത്തിൽ സ്ക്കൂൾ കോംപ്ലക്സ് സുശക്തമാക്കി വിഭവ സൗകര്യങ്ങൾ കൈമാറുന്നതിനും. വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രഗത്ഭരായ അദ്ധ്യാപകരുടെയും സ്ഥാപനങ്ങളുടെയും സഹകരണം തേടാവുന്നതാണ്.

10. രണ്ടു ഹൈസ്ക്കൂളുകളിലും കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തണം.

11. പഞ്ചായത്തിൽ നാട്ടകം പോളിടെക്നിക്കിൻെറ എക്സ്ടെൻഷൻ സെൻറർ സ്ഥാപിക്കണം.

12. ഒരു ടെക്നിക്കൽ ഹൈസ്ക്കൂൾ തുടങ്ങണം.

13. സ്പോർട്സ് കൗൺസിലിൻെറ അംഗീകാരമുള്ള ഒരു പരിശീലകനെ വരുത്തി താല്പര്യമുള്ള കുട്ടികൾക്ക് കായിക പരിശീലനം നൽകണം.

14. പഞ്ചായത്തിൽ ഒരു കരിയർ ഗൈഡൻസ് സെൻറർ തുടങ്ങി തൊഴിലന്വേഷകരെ സഹായി

ക്കണം.

15. മിനിമം നിലവാരം നേടാത്ത കുട്ടികൾക്ക് പരിഹാരബോധനം നൽകി മുൻ നിരയിലേക്കു കൊണ്ടുവരുന്നതിന് യോഗ്യതയുള്ള യുവജനങ്ങളുടെ സഹായം തേടണം.

16. സ്ക്കൂളുകളിൽ എൻ.സി.സി, സ്കൗട്ട്, ഗൈഡ് ജൂനിയർ ഡെ ക്രോസ് തുടങ്ങിയ സന്നദ്ധ സംഘടനകൾ തുടങ്ങുകയും ദേശീയ ദിനങ്ങൾ സമുചിതമായി ആഘോഷിക്കുകയും സാമൂഹ്യസേവന പ്രവർത്തനങ്ങളിലേക്ക് വിദ്യാർത്ഥികളെ നയിക്കുകയും വേണം.

17. സാക്ഷരതാ പരിപാടി പുനരുജ്ജീവിപ്പിക്കണം.

18. സ്ക്കൂൾ ഉച്ചഭക്ഷണ പരിപാടികൾ മുടങ്ങാതെ നടക്കുന്നതിന് പഞ്ചായത്തും സന്നദ്ധ സംഘടനകളും സാമ്പത്തികസഹായം നൽകണം.

19. എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ, മാതൃസംഗമം എന്നിവ സജീവമാക്കുകയും പഞ്ചായത്തു തലത്തിൽ ഓരോ കേന്ദ്ര സമിതികൾ ഉണ്ടാക്കി അവയുടെ റിപ്പോർട്ടുകൾ വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇതിൽ സ്ഥലത്തെ വിദ്യാഭ്യാസ വിചക്ഷണരേയും വകുപ്പു മേധാവികളേയും സാംസ്കാരിക നായകന്മാരെയും ഉൾപ്പെടുത്താം.


20. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിലവാരം പരിശോധനാ വിധേയമാക്കേണ്ടതാണ്.

21. അംഗൻവാടികൾ, ബാലവാടികൾ, ക്രെഷ് എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് പോഷകാഹാരം മുടങ്ങാതെ ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുകയും ഇവയുടെ പ്രവർത്തനം പരിശോധിക്കുകയും ചെയ്യണം.

മേൽ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെങ്കിൽ സമൂഹം വിദ്യാലയങ്ങളെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തീരാജ് നിലവിൽ വന്നതോടുകൂടി ഇതിനുള്ള അവസരം സംജാതമായിരിക്കുകയാണ്. കല്ലറ പഞ്ചായത്തിൽ ഒരു ജനകീയ വിദ്യാഭ്യാസസമിതി രൂപീകരിച്ച് വിദ്യാലയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പഠന പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം. കാർഷിക മേഖലയായ കല്ലറയിലെ കുട്ടികൾ കാർഷിക വൃത്തിയിൽ ഏർപ്പെടുന്നതിനും അനുബന്ധ വ്യവസായങ്ങളിൽ ഏർപ്പെടുന്നതിന് ഉപയുക്തമായ പരിശീലനം നേടുകയും വേണം. നമ്മുടെ ഹൈസ്ക്കൂളുകളിൽ വൊക്കേഷനൽ വിഷയങ്ങൾ ഇതിന് അനുഗുണമായി തെരഞ്ഞെടുക്കണം. കൃഷി, മൃഗപരിപാലനം, പച്ചക്കറി കൃഷി, പഴം പച്ചക്കറി സംസ്ക്കരണം, കൂൺ കൃഷി, സോപ്പു നിർമ്മാണം തുടങ്ങിയവ വൊക്കേഷണൽ ഹയർ സെക്കൻഡറി തലത്തിൽ പഠിപ്പിക്കാവുന്നതാണ്.

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സ് ഉണ്ടായിരിക്കൂ. കുട്ടികളുടെ ശാരീരികാരോഗ്യത്തിന് കായിക പരിശീലനം അനിവാര്യമാണ്. സ്ക്കൂളുകളിൽ മാസ് ഡ്രില്ല് നിർബ്ബന്ധമാക്കണം. ഓരോ കുട്ടിയും ഏതെങ്കിലും ഒരു കായിക പരിശീലനത്തിൽ ഏർപ്പെടണം. പഴയകാലത്ത് ഈ നാട്ടിൽ ഉണ്ടായിരുന്ന നാടൻ പന്തുകളി, കിളിത്തട്ട് തുടങ്ങിയവയും ഗെയിംസിൽ ഉൾപ്പെടുത്തേണ്ടതാണ്.

മത്സരങ്ങൾക്കുവേണ്ടി മാത്രം പരിശീലിപ്പിക്കുന്ന ഇന്നത്തെ രീതി ഉപേക്ഷിച്ച് സാർവ്വത്രികമായി കലാഭ്യാസനം നൽകേണ്ടതാണ്. ഇതിന് ജനകീയ പങ്കാളിത്തത്തോടെ വെളിയിൽ നിന്നും കലാകാരന്മാരെ നിയോഗിക്കണം. ഇൻറർ സ്ക്കൂൾ മത്സരങ്ങൾ ദേശീയാഘോഷങ്ങളോടു ചേർന്നു നടത്തി കുട്ടികളെ പ്രോത്സാഹിപ്പിക്കണം. ഇപ്രകാരം നല്ല ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ സാമൂഹ്യ ഇടപെടൽ കൂടിയേ തീരൂ.



5. 5. കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം:

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളത്തിനായി ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെ (ഭൂഗർഭ ജലത്തെ) ആണ്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മുണ്ടാർ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഒരു ചെറുകിട ജലവിതരണപദ്ധതി 2-ാം വാർഡിൽ ചന്തപ്പറമ്പ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കുഴൽ കിണറുകൾ ഗ്രാമത്തിൽ ഇല്ല.

2765 കുടുംബങ്ങൾ ഉള്ള കല്ലറയിൽ 1542 കുടുംബങ്ങൾക്ക് സ്വന്തമായി കിണറുണ്ട്. 60 പൊതുക്കിണറുകളാണ് പഞ്ചായത്തിലുള്ളത്.

കിണറുകളുടെ വാർഡുതിരിച്ചുള്ള പട്ടിക - 1

വാർഡ്	പൊതുക്കിണർ	സ്വകാര്യ കിണർ	ആകെ
1	1	26	27
2	4	175	179
3	5	273	278
4	14	209	223
5	15	226	241
6	4	270	274
7	6	177	183
8	12	186	198
ആകെ	61	1542	1603

അവലംബം - ദ്വിതീയ വിവരശേഖരണം

കുടിവെള്ളത്തിനായി ഏറ്റവും അധികം ബുദ്ധിമുട്ടനുഭവിക്കുന്നത് 1-ാം വാർഡിൽ മുണ്ടാർ പ്രദേശത്തെ ജനങ്ങളാണ്. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ആ പ്രദേശത്തെ ജനങ്ങൾ 3 കിലോമീറ്റർ വരെ അകലെ ചെന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. 8-ാം വാർഡിൽ ഉദിയംതറ ഭാഗത്തും ജനങ്ങൾ കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്നു. 1 കിലോമീറ്റർ ദൂരം വരെ ചെന്നാണ് അവിടത്തെ ജനങ്ങൾ കുടിവെള്ളം ശേഖരിക്കുന്നത്. 2-ാം വാർഡിൽ ചന്തപ്പറമ്പിൽനിന്നും വെള്ളം പമ്പുചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണപദ്ധതിയിൽ നിന്നും 76 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും 22 എണ്ണത്തിൽ മാത്രമാണ് ഇപ്പോൾ വെള്ളമെത്തുന്നത്. കരപ്രദേശത്തെ കിണറുകൾ പലതും വേനൽക്കാലമാകുമ്പോൾ വറ്റിവരളുന്ന സ്ഥിതിവിശേഷം കഴിഞ്ഞ കുറെ കൊല്ലങ്ങളായി അധികരിച്ചുകൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് ലോറികളിൽ ജലവിതരണം നടത്തേണ്ടുന്ന അവസ്ഥയിലാണ് നാമിപ്പോൾ.

കൃഷിരീതിയിലും കാലാവസ്ഥയിലും ഉണ്ടായ മാറ്റം, ജനസംഖ്യാ വർദ്ധനവ്, അനിയന്ത്രിതമായ പമ്പിംഗ് മുതലായ കാരണങ്ങൾ ആണു വേനൽക്കാലത്ത് കിണറുകളെ വറ്റിവരളുന്ന അവസ്ഥയിലെത്തിച്ചത്. റബ്ബർപോലുള്ള തോട്ടവിളകളുടെ ആധിക്യവും ഭൂവിനിയോഗത്തിലെ മാറ്റവും മറ്റു കാരണങ്ങളാണ്. മഴക്കാലത്ത് പെയ്യുന്ന വെള്ളം പൂർണ്ണമായും ഒഴുകിപ്പോകാതെ കുറെ ഭൂമിയിൽ താഴാൻ അവസരം ഉണ്ടാക്കിയാൽ വേനൽക്കാലത്ത് കിണറുകൾ വറ്റിവരളുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകും. കിണറുകളിൽ പലതും മലിനീകരണത്തിന് വിധേയമാണ് എന്ന അവസ്ഥയും നിലനിൽക്കുന്നു. ചുറ്റുമതിൽ കെട്ടാത്ത കിണറുകളാണ് കൂടുതൽ മലിനീകരണത്തിന് വിധേയമാവുന്നത്. ഭൂരിപക്ഷം വീടുകളിലും കക്കൂസ് ഇല്ല എന്നത് പല വിധത്തിലും കിണറ്റിലെ വെള്ളം മലിനമാകു

ന്നതിന് കാരണമാകുന്നു.

ശുദ്ധജലം ലഭ്യമാകുന്ന കാര്യത്തിൽ നമ്മൾ അടിയന്തിരമായി ചെയ്യേണ്ടത് ഉള്ള സ്രോതസ്സുകളെ സംരക്ഷിച്ചു നിലനിർത്തുകയും അത്യാവശ്യത്തിന് പുതിയ സ്രോതസ്സുകൾ വികസിപ്പിക്കുകയുമാണ്. അതോടൊപ്പം ശുദ്ധജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുകയും വേണം.

ഗ്രാമസഭകളിൽനിന്നും ഇക്കാര്യത്തിലുണ്ടായ ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പൊതുക്കിണറുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് വൃത്തിയായി സൂക്ഷിക്കുക. കിണറിന്റെ സംരക്ഷണത്തിന് ഉപഭോക്താക്കളുടെ കമ്മിറ്റി രൂപീകരിക്കുക.
2. കുടിവെള്ളക്ഷാമം രൂക്ഷമായ മുണ്ടാർ പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ സമഗ്ര ജലവിതരണപദ്ധതി നടപ്പാക്കുക.
3. 8-ാം വാർഡിലെ ഉദിയംതറ, കളവംതുരുത്ത്, മണിയന്തുരുത്ത് ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി കുന്നുംപുറം ഭാഗത്ത് ടാങ്ക് നിർമ്മിച്ച് ശുദ്ധജലം പൈപ്പുവഴി എത്തിക്കുക.
4. 4-ാം വാർഡിൽ കാവിമറ്റം കോളനിക്കു സമീപം കുളം ഉണ്ടാക്കി കൊതവറക്കുന്ന് കോളനിക്കു സമീപം ടാങ്ക് നിർമ്മിച്ച് ശുദ്ധജലം പൈപ്പുവഴി എത്തിക്കുക.
5. 5-ാം വാർഡിലെ അഞ്ചേക്കർ ഭാഗത്ത് ജിഎൽപി.എസ്.-ന് സമീപവുമുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജി.എൽ.പി.എസ്.-ന് സമീപം വാട്ടർ ടാങ്ക് നിർമ്മിച്ച് ശുദ്ധജലവിതരണപദ്ധതി നടപ്പാക്കുക. വലിയപറമ്പ് കോളനിഭാഗത്തും ശുദ്ധജലവിതരണപദ്ധതി ഉണ്ടാകണം.
6. 2-ാം വാർഡിലെ വാലേൽ കോളനി ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി മുണ്ടാർ വാട്ടർ സപ്ലൈ സ്കീമിൽനിന്നും 5 ടാപ്പുകളെങ്കിലും ആ ഭാഗത്തു സ്ഥാപിക്കുക.
7. സമയാസമയങ്ങളിൽ പഞ്ചായത്ത് നേതൃത്വത്തിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് കിണറുകൾ അണുവിമുക്തമാക്കുക.
8. കുടിവെള്ളം ശുദ്ധമായിരിക്കേണ്ടതിന്റെ ആവശ്യത്തെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
9. 2-ാം വാർഡിൽ പുത്തൻപള്ളിക്കു വടക്കുവശം കുന്നിൻപുറത്തു പുരയിടത്തിൽ പഞ്ചായത്തു വകയായുള്ള 7 സെന്റ് സ്ഥലത്ത് വാട്ടർ ടാങ്ക് കെട്ടി സമീപത്തുള്ള പൊതുക്കിണറ്റിൽനിന്നും വെള്ളം പമ്പുചെയ്ത് വേനൽക്കാലത്ത് ജലം ലഭിക്കാത്ത സമീപ പ്രദേശത്തെ വീടുകൾക്കും ഒന്നും രണ്ടും വാർഡുകളിലെ മറ്റു കുടുംബങ്ങൾക്കും പ്രയോജനപ്പെടുത്താം.

ആരോഗ്യം:

രോഗം വന്ന് ചികിൽസിച്ചു ഭേദമാക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ തടയുകയാണ് എന്ന തത്വം നമ്മളിൽ പലരും ശ്രദ്ധിക്കാറില്ല. ആരോഗ്യസംബന്ധമായ എന്തു കാര്യത്തിലും നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് ആശുപത്രിയും ഡോക്ടർമാരും മരുന്നുമാണ്.

നമ്മുടെ രോഗകാരണങ്ങളിൽ പ്രധാനപ്പെട്ടവ മലിനീകരണം, പോഷകാഹാരക്കുറവ്, ഗുണമേന്മ കുറഞ്ഞ ഭക്ഷണം, മാനസിക സംഘർഷം, പുകവലിയും ലഹരിമരുന്നിന്റെ ഉപയോഗവും, വ്യായാമത്തിന്റെ കുറവ് മുതലായവ ആണ്. ഇന്ന് നമ്മുടെ ഗ്രാമത്തിൽ കാണുന്ന ബഹുഭൂരിപക്ഷം രോഗങ്ങളും മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ടവയാണ്.

ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ നമ്മൾ ഒന്നു പുറകോട്ടു പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് വളരെ വർഷങ്ങൾക്കു മുൻപ് മുതലേ നമുക്ക് ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമായിരുന്നു എന്നാണ്. 70-തോളം വർഷങ്ങൾക്കു മുൻപ് ശ്രീ. ഇട്ടി കുമാരൻ ചെരുവുംകാലായിൽ (വാവ ആശാൻ താഴത്ത്) വീട്ടിൽ (6-ാം വാർഡിൽ) ആയുർവേദ ചികിൽസ ഇവ നടത്തിയിരുന്നു. സമകാലീനനായ ശ്രീ. കൊച്ചുഗോവിന്ദ കണിയാർ പെരുംതുരുത്ത് കേന്ദ്രീകരിച്ചും ആയുർവേദ ചികിൽസ നടത്തിയിരുന്നു. പിന്നീട് ശ്രീ. ഇട്ടി കുമാരന്റെ സഹോദരപുത്രനായ ശ്രീ. പി. ആർ. കൃഷ്ണൻ വൈദ്യൻ വൈദ്യകലാനിധി പാസ്സായി വരുകയും കളമ്പുകാട് കേന്ദ്രീകരിച്ച് ധന്വന്തരി മന്ദിരം എന്ന പേരിൽ ആയുർവേദ ചികിൽസാ കേന്ദ്രം സ്ഥാപിച്ച് 60 വർഷക്കാലം സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഈ കാലഘട്ടത്തിൽതന്നെ ശ്രീ. സി. ആർ. കേശവൻ വൈദ്യൻ ചെരുവുംകാലായിൽ (താഴത്ത്) കുടുംബത്തിൽ 6-ാം വാർഡിൽ ബാലചികിൽസാരംഗത്ത് പ്രവർത്തിച്ചിരുന്നു. ഞാറക്കാട്ടിൽ ശ്രീ. കുഞ്ഞുവർക്കി വൈദ്യൻ കുട്ടികളുടെ ചികിൽസാരംഗത്തെ അക്കാ

ലത്തെ ഒരു വിദഗ്ദ്ധനായിരുന്നു. കൂടാതെ പാരമ്പര്യ വൈദ്യരംഗത്ത് തെക്കേനിരപ്പേൽ ശ്രീ. വൈദ്യൻ അഴകൻ (5-ാം വാർഡ്), മർമ്മ ചികിൽസയിൽ കോഴിമ്യാലിൽ ശ്രീ. നാരായണപിള്ള, കുറ്റിപറിച്ചതിൽ, ശ്രീ. കുഞ്ഞുകുട്ടൻപിള്ള എന്നിവരും വിഷചികിൽസാരംഗത്ത് കൊല്ലപ്പള്ളിൽ ശ്രീ. രാമൻപിള്ള സാറും സേവനം അനുഷ്ഠിച്ചിരുന്നു.

ആധുനിക ചികിൽസാ സമ്പ്രദായത്തിൽ ഡോ. രാഘവൻ 40 വർഷം മുമ്പ് ആർ. എം. പി. ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആധുനിക ചികിൽസയിൽ പരീക്ഷായോഗ്യതയുള്ള ഡോ. മാത്യു കാൽനൂറ്റാണ്ടുമുമ്പ് ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്ന കല്ലറ സഹകരണാശുപത്രി, കാൽനൂറ്റാണ്ടോളം ആധുനിക ചികിൽസാരംഗത്ത് സ്തുത്യർഹമായി പ്രവർത്തിച്ചിരുന്നു. സ്ത്രീകളുടെ പ്രസവ സംബന്ധമായ കാര്യങ്ങളിൽ ശ്രീമതി പാപ്പി വാഴക്കാല, നേഴ്സ് കുഞ്ഞമ്മ എന്നിവരും ഈ രംഗത്തു പ്രവർത്തിച്ചിട്ടുണ്ട്. രോഗശമനത്തിനായി പൂജകളും മന്ത്രതന്ത്രങ്ങളും ഇന്നാട്ടിൽ വ്യാപകമായി പ്രചാരത്തിലുണ്ടായിരുന്നു.

ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ വരുത്തിയ മാറ്റത്തിന്റെ ഫലമായി ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികളുടെ സേവനം വളരെ എളുപ്പം ലഭിക്കുമെന്നായി. നമ്മുടെ നാട്ടിൽ തന്നെ ആരോഗ്യരംഗത്ത് കുറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 4 ഗവ: സ്ഥാപനങ്ങൾ 3-ാം വാർഡിൽ പഞ്ചായത്ത് ഓഫീസിനോടടുത്ത് പ്രവർത്തിക്കുന്ന 1976-ൽ സ്ഥാപിതമായ ഹോമിയോ ഡിസ്പെൻസറി, കുറുപ്പന്തറ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 2-ാം വാർഡിൽ പുത്തൻപള്ളിക്കവലയിൽ പ്രവർത്തിക്കുന്ന സബ്സെന്റർ, 3-ാം വാർഡിൽ പഞ്ചായത്താഫീസിനടുത്തുള്ള കുടുംബക്ഷേമകേന്ദ്രം, പെരുംതുരുത്തിൽ 7-ാം വാർഡിൽ പ്രവർത്തിക്കുന്ന സബ് സെന്റർ എന്നിവ. ഹോമിയോ ഡിസ്പെൻസറിയിൽനിന്നും ഡോക്ടറുടെയും സബ് സെന്ററുകളിലനിന്നും ഹെൽത്ത് വിസിറ്റേഴ്സിന്റെയും സേവനം നമുക്ക് ലഭ്യമാണ്. സ്വകാര്യമേഖലയിൽ എം. ബി. ബി. എസ്., എം. ഡി. ബിരുദമുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമായ നേഴ്സിംഗ് ഹോം, ആയുർവേദ ഡോക്ടറുടെ സേവനം ലഭ്യമായ ഒരു ക്ലിനിക്, രണ്ട് ഹോമിയോ ക്ലിനിക്കുകൾ എന്നിവ 6-ാം വാർഡിൽ ചന്തക്കവല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. കൂടാതെ പാരമ്പര്യമായിത്തന്നെ ആയുർവേദ ചികിൽസാരംഗത്ത് പ്രവർത്തിക്കുന്ന മണിമംഗലത്ത് (കുരാപ്പുള്ളിയിൽ) കുടുംബവും 6-ാം വാർഡിലാണ്. രണ്ടാം വാർഡിൽ കളമ്പുകാട്ട് ഒന്നും പെരുംതുരുത്തിൽ രണ്ടും ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. കുറുപ്പന്തറ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സേവനവും കല്ലറയ്ക്ക് പ്രയോജനപ്പെടുന്നു. പാരമ്പര്യമായി വിഷചികിൽസാരംഗത്ത് പ്ലാച്ചേരിൽ കുട്ടപ്പൻ 2-ാം വാർഡിൽ കേന്ദ്രീകരിച്ച് സേവനം അനുഷ്ഠിക്കുന്നു. മാൻവെട്ടത്തു പ്രവർത്തിക്കുന്ന സെന്റ് ജോർജ് ആശുപത്രിയുടെ സേവനം ഈ പ്രദേശത്ത് ലഭിക്കുന്നുണ്ട്.

ഗുരുതരമായ രോഗങ്ങളുടെ ചികിൽസയ്ക്കായി ജനങ്ങൾ സമീപിക്കുന്നത് പ്രധാനമായും 16 കിലോമീറ്റർ മാത്രം അകലെയുള്ള കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെയാണ്. കൂടാതെ തെള്ളകത്തെ കാരിത്താസ് ആശുപത്രി, മുട്ടുചിറയിലെ ഹോളി ഗോസ്റ്റ് ആശുപത്രി, വൈക്കം താലൂക്ക് ആശുപത്രി, തലയോലപ്പറമ്പ് പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയെയും ഇവിടത്തെ ജനങ്ങൾ ആശ്രയിക്കുന്നു.

പൊതുവെ നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ വയറിളക്കം, ഛർദ്ദി, വയറുകടി തുടങ്ങിയ ഉദരരോഗങ്ങളും ആസ്ത്മ, മഞ്ഞപിത്തം എന്നിവയുമാണ്. പ്രമേഹം 30-നും 50-നും ഇടയ്ക്ക് പ്രായമുള്ളവരിൽ വ്യാപകമായി കണ്ടുവരുന്നു.

മുണ്ടാർ പ്രദേശത്തുനിന്നും കല്ലറയിലെ കോളനി പ്രദേശങ്ങളിൽനിന്നുമാണ് ഉദരരോഗങ്ങൾ കൂടുതലും റിപ്പോർട്ടു ചെയ്യപ്പെടുന്നത്. മലിനജലത്തിന്റെ ഉപയോഗമാണ് ഇതിന്റെ കാരണമായി വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. മുണ്ടാർ പ്രദേശത്തെ ജനങ്ങൾ എല്ലാവിധത്തിലും മലിനമായ വെള്ളമാണ് കുളിക്കാനും പാത്രവും വസ്ത്രങ്ങളുമെല്ലാം കഴുകാനും ഉപയോഗിക്കുന്നത്. മറ്റു പ്രദേശങ്ങളിലെ കിണറുവെള്ളത്തിലും മാലിന്യത്തിന്റെ അളവ് കൂടുതലാണ്. മതിൽ കെട്ടാത്ത കിണറുകളിൽ പുറത്തുനിന്നും ചാടുന്ന മലിനജലവും, മലിനമായ പരിസരവും കിണറ്റുകരയിൽ നിന്നുള്ള കുളിയും, മൃഗങ്ങളെ കുളിപ്പിക്കലും കിണറ്റുവെള്ളത്തെ മലിനമാക്കുന്നതിൽ നല്ല പങ്കുവഹിക്കുന്നു. വെള്ളത്തിലൂടെ പകരുന്ന മഞ്ഞപ്പിത്തവും മുണ്ടാർ പ്രദേശത്ത് കൂടുതലാണ്. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ ഇത് പടർന്നു പിടിക്കുന്നതായും റിപ്പോർട്ടുണ്ട്.

ആസ്ത്മയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറ്റൊരു രോഗം. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിക്ഷയിൽ ഒരു ആസ്ത്മ രോഗി ആദ്യമായി ചെല്ലുമ്പോൾ ചോദിക്കുന്നത് നിങ്ങൾ കല്ലറയിൽനിന്നാണോ എന്നാണ്. പ്രധാന കാരണം നെല്ലിന്റെയും

കച്ചിയുടെയും വർദ്ധിച്ച തോതിലുള്ള പൊടിയാണെന്ന് കരുതപ്പെടുന്നു. നെൽവയലുകളിലെ അമിതമായ കീടനാശിനി പ്രയോഗംമൂലം പരിസ്ഥിതിയിലും അന്തരീക്ഷത്തിലും ഉണ്ടാകുന്ന മലിനീകരണം മറ്റൊരു കാരണമായി കണക്കാക്കപ്പെടുന്നു. ഈ രംഗത്ത് വിശദമായ ഗവേഷണവും പഠനവും അനിവാര്യമാണ്. കൊച്ചുകുട്ടികളിൽ വ്യക്കസംബന്ധമായ രോഗത്തിന്റെ ചില കേസുകൾ കല്ലറയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. വ്യക്തി ശുചിത്വത്തിന്റെ പോരായ്മയാണ് ഇതിന്റെ കാരണമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. അന്യ സംസ്ഥാനങ്ങളിൽപോയി വരുന്ന ചിലരിൽ മലേറിയ കണ്ടുവരുന്നു. എലിപ്പനിയും കല്ലറയിൽ ഉണ്ടായിട്ടുണ്ട്. ചെറിയ തോതിലുള്ള ലൈംഗിക രോഗങ്ങളും ഇവിടെ കാണപ്പെടുന്നതായി ചികിൽസാരംഗത്തു പ്രവർത്തിക്കുന്നവരിൽനിന്നും മനസിലാകുന്നു. കുട്ടികളിൽ പൊതുവെ വിരശല്യം കാണപ്പെടുന്നുണ്ട്. മലിനമായ ചുറ്റുപാടുകളും വ്യക്തി ശുചിത്വത്തിന്റെ അഭാവവുമാണ് ഇതിന്റെ കാരണം.

പട്ടിക 2

കല്ലറയിൽനിന്നും കുറുപ്പന്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ മൂന്നുവർഷം റിപ്പോർട്ടു ചെയ്ത പകർച്ചവ്യാധികൾ.

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ	ആകെ
1993-94	322	35	7	5	369
1994-95	307	37	9	3	356
1995-96	287	39	8	7	341

കടപ്പാട്: കുറുപ്പന്തറ പി. എച്ച്. സെൻറർ റിപ്പോർട്ട്.

പട്ടിക - 3

കല്ലറ ഹോമിയോ ഡിസ്പെൻസറിയിൽനിന്നും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ റിപ്പോർട്ടു ചെയ്ത രോഗികൾ.

വർഷം	രോഗികൾ
1993	35090
1994	39933
1995	61717
1996 ഒക്ടോബർവരെ	33015

കടപ്പാട്: കല്ലറ ഹോമിയോ ഡിസ്പെൻസറി റിപ്പോർട്ട്

പ്രതിരോധ കുത്തിവെയ്പ്:

ഭൂമുഖത്തുനിന്നും നിർമ്മാർജ്ജനം ചെയ്തു എന്നു കരുതിയിരുന്ന വസൂരിയും നിയന്ത്രണത്തിലായി എന്നു കരുതിയിരുന്ന പ്ലേഗ്, മലേറിയ തുടങ്ങിയ രോഗങ്ങളും തിരികെ വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് പ്രതിരോധ കുത്തിവയ്പുകൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ടിബിക്ക് എതിരായി ബി.സി.ജി. വാക്സിൻ, പോളിയോയ്ക്ക് എതിരായ ഓറൽ പോളിയോ വാക്സിൻ, വില്ലൻ ചുമ, ഡിഫ്തീരിയ, ടെറ്റനസ് എന്നിവയ്ക്കുള്ള ട്രിപ്പിൾ ആൻറിജെൻ, അഞ്ചാംപനിക്കെതിരെയുള്ള മീസിൽസ് വാക്സിൻ എന്നിവ കുട്ടികൾക്ക് യഥാസമയം നൽകുന്നതിൽ അമ്മമാർ പൊതുവെ താല്പര്യം കാണിക്കുന്നു. പോളിയോ നിർമ്മാർജ്ജനം ചെയ്യാനായി ദേശവ്യാപകമായി നടത്തുന്ന പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ആദ്യഘട്ടം കല്ലറയിൽ 6 കേന്ദ്രങ്ങളിലായി വിജയകരമായി നടന്നു.

രോഗപ്രതിരോധരംഗത്തും പകർച്ചവ്യാധികൾ തടയുന്നതിനും സബ്സെൻററുകൾ കേന്ദ്രീകരിച്ച് ഹെൽത്ത് വിസിറ്റർമാർ പ്രവർത്തിക്കുന്നു. മാസത്തിൽ ഒരു പ്രാവശ്യം പ്രതിരോധ കുത്തിവയ്പുകൾ, ഗർഭനിരോധന ഉപകരണങ്ങളുടെ വിതരണം, വൈറ്റമിൻ എ, അയൺ ഫോളിക് ആസിഡ് എന്നിവയുടെ വിതരണവും സബ് സെൻററുകളിലൂടെ നടക്കുന്നു. മഹിളാ സ്വസ്തിക്ക് യൂണിറ്റുകളിലൂടെ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ 15 പേരടങ്ങുന്ന യൂണിറ്റംഗങ്ങൾക്ക് നൽകുന്നു. അവർ തങ്ങൾക്ക് കിട്ടിയ അറിവ് സമൂഹത്തിലെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കുന്നു.

കല്ലറയിൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന മരണകാരണങ്ങളിൽ ഒന്നാം സ്ഥാനം ഹൃദ്രോഗത്തിനാണ് കാൻസർ രോഗവും കല്ലറയിലുണ്ട്. പ്രതിവിധി കണ്ടെത്താത്ത മാരകമായ എയ്ഡ്സ് രോഗം കല്ലറയിൽ ഇതുവരെയും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. തിമിരം തുടങ്ങിയ നേത്രരോഗങ്ങളും ത്വക്രോഗങ്ങളും ധാരാളം കാണപ്പെടുന്നു.

ഗ്രാമസഭകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ചില നിർദ്ദേശങ്ങൾ.

1. കല്ലറയിൽ അനുവദിച്ചിരുന്ന പി. എച്ച്. സെൻറർ ഉടൻ പ്രവർത്തനം ആരംഭിക്കുക.
2. എല്ലാവർക്കും ശുദ്ധജലം എത്തിക്കുക. പ്രധാനമായി 1-ാം വാർഡിൽ മുണ്ടാർ പ്രദേശത്തും 8-ാം വാർഡിൽ ഉദിയംതറ ഭാഗത്തും.
3. കിണറുകൾ മതിൽകെട്ടി വൃത്തിയായി സൂക്ഷി

ക്കുക. പ്രത്യേകിച്ചും പൊതുക്കിണറുകൾ.

4. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഒഴിവാക്കുക, ക്ലോസ്റ്റ് കക്കൂസുകൾ ഉപയോഗിക്കുക.
5. പ്രധാനപ്പെട്ട കവലകളിലും കോളനികളിലും വെയിസ്റ്റ് ബോക്സ് സ്ഥാപിക്കുക. ചന്തക്കവലയിലും കളമ്പുകാട്ടും പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.
6. ശുചിത്വത്തേയും ആരോഗ്യസംബന്ധമായ കാര്യങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
7. പഞ്ചായത്തിനെ ലഹരി വിമുക്തമാക്കുക.
8. ഫുഡ് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം സജീവമാക്കി കല്ലറയിലെ കടകളിൽ വില്ക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക.
9. സ്കൂളുകളിൽ നിശ്ചിത ഇടവേളകളിൽ എല്ലാ കുട്ടികളെയും വൈദ്യപരിശോധനയ്ക്കു വിധേയമാക്കുകയും കായികരംഗത്തിന് പ്രാധാന്യം നൽകുകയും വേണ്ട പ്രോൽസാഹനം ചെയ്തു കൊടുക്കുകയും ചെയ്യുക. മാനസികാരോഗ്യത്തിന് യോഗപോലുള്ള പരിപാടികൾ ആരംഭിക്കുക.
10. കൊതുക്, എലി ഇവ നശിപ്പിക്കാൻ പദ്ധതി നടപ്പിലാക്കുക.
11. പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുക.

ചില വാർഡുകളിൽ പ്രത്യേകം ചെയ്യേണ്ടവ

വാർഡ് 1

1. ഒരു ആശുപത്രി മുണ്ടാർ ഭാഗത്ത് സ്ഥാപിക്കുക.
2. തോടുകൾ വൃത്തിയാക്കി വായുജല മലിനീകരണം തടയുക.

വാർഡ് 6

1. ചന്തയിലെ മൽസ്യവിപണനം കല്ലുകടവിലേക്കു മാറ്റി സ്ഥാപിക്കുക.
2. സ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.


വാർഡ് 7, 8

1. പെരുംതുരുത്തിൽ ഒരു ഗവൺമെൻറ് ആശുപത്രി സ്ഥാപിക്കുക.



5. 6.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഗതാഗതം

വികസനമെന്നു കേട്ടാൽ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണമാണല്ലോ. പ്രാഥമിക ദ്വിതീയ മേഖലകളായ കൃഷിയുടെയും വ്യവസായത്തിന്റെയും വികസനത്തിനും സേവനമേഖലയുടെ വികസനത്തിനും അത്യാവശ്യം വേണ്ട പശ്ചാത്തല സൗകര്യങ്ങൾ, ഗതാഗത സൗകര്യവും വാർത്താവിനിമയ സൗകര്യവും ഊർജ്ജത്തിന്റെ ലഭ്യതയുമാണ്. ഗതാഗതരംഗത്തും നമ്മുടെ ഗ്രാമത്തിൽ റോഡുഗതാഗതസൗകര്യവും, പരിമിതമായ തോതിലുള്ള ജലഗതാഗത സൗകര്യവും മാത്രമാണുള്ളത്. റോഡു ഗതാഗതരംഗത്ത് 1-ാം വാർഡിൽപ്പെട്ട മുണ്ടാർ പ്രദേശം ഒഴിച്ചു നിർത്തിയാൽ കല്ലറയ്ക്കുണ്ടായ പുരോഗതി അസൂയാർഹമാണ്. കല്ലറയുടെ പുരോഗതിയുടെ നാഴികക്കല്ലുകളാണ് 1962-ൽ സ്ഥാപിതമായ കളമ്പുകാട് പാലവും അതിനോടനുബന്ധിച്ചുണ്ടായ മെയിൻ റോഡിന്റെ ടാറിങ്ങും: 1986-ൽ സ്ഥാപിതമായ മുടക്കാലിപ്പാലവും ഫാ. തോമസ് വിരുത്തിയിലിന്റെ (വഴിയച്ചൻ) നേതൃത്വത്തിൽ രൂപംകൊണ്ട കല്ലറ - വെച്ചൂർ റോഡും അതിലെ കല്ലറ - പെരുംതുരുത്ത് പാലവും, കൊടുതുരുത്ത് പാലവും പുരോഗതിക്ക് ആക്കംകൂട്ടി. കല്ലറ - വെച്ചൂർ റോഡ് 15-ഓളം തുരുത്തുകളെ ബന്ധിപ്പിക്കുന്നതും കാർഷിക മേഖലയ്ക്ക് ഏറെ പ്രയോജനം ചെയ്യുന്നതുമാണ്.

ഹൈവേ

ഒരു കാലത്ത് കല്ലറയിൽ നിന്നും പുറം നാടുകളുമായി ബന്ധപ്പെടാനുള്ള ഏക ഗതാഗതമാർഗ്ഗം ജലഗതാഗതമായിരുന്നു. ഇന്നത്തെ ഹൗസ് ബോട്ടുകളുടെ സ്ഥാനത്ത് 'വളവര'വെച്ച വലിയ കെട്ടുവള്ളങ്ങൾ 'കമ്പനി വള്ള'മെന്ന പേരിൽ സർവ്വീസ് നടത്തിയിരുന്നു. കുടമാളൂർ-വൈക്കം കമ്പനി (ചുങ്കം വഴി) വൈക്കം-കല്ലറ കമ്പനി (ചാർജ്ജ് രണ്ടു ചക്രം) കോട്ടയം-വൈക്കം കമ്പനി, കളമ്പുകാട് വൈക്കം കമ്പനി (ഒന്നര ചക്രം) കുറുപ്പന്തറ-വൈക്കം കമ്പനി (കളമ്പുകാട് വഴി) ഇങ്ങനെ നിരവധി കമ്പനികൾ ഉണ്ടായിരുന്നു. വളവരവെച്ച വലിയ കേവു വള്ളങ്ങൾ ഇന്നത്തെ ലോറി സർവ്വീസിന്റെ സ്ഥാനത്ത്, ചരക്കു ഗതാഗതം നടത്തിയിരുന്നു. കുറുപ്പന്തറ നിന്നും കളമ്പുകാട് തോട് വഴി മലഞ്ചരക്കുകൾ കയറ്റിയ നിരവധി കേവുവള്ളങ്ങൾ വൈക്കം, ചേർത്തല, ആലപ്പുഴ, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിയിരുന്നു. കല്ലറയിൽ നിന്നും നിരവധി കല്ലുവള്ളങ്ങൾ പടിഞ്ഞാറൻ പ്രദേശങ്ങളിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്നു. പിൽക്കാലത്ത് നീണ്ടൂർ-വൈക്കം ബോട്ടു സർവ്വീസ് ഉണ്ടായി.

1950 കളിൽ ഭരണങ്ങാനത്തു നിന്നും കളമ്പുകാട് വരെ സർവ്വീസ് നടത്തിയിരുന്ന് സി.എൽ.വി. എന്ന ബസ്സാണ് കല്ലറയിലെ ആദ്യത്തെ ബസ്സ് സർവ്വീസിന് ആരംഭം കുറിച്ചത്. 1961-ൽ കളമ്പുകാട് പാലം തീർന്ന ശേഷം ബസ് സർവ്വീസ് രംഗത്ത് വളരെ പുരോഗതി ഉണ്ടായി. രണ്ട് കെ.എസ്.ആർ.റ്റി.സി. ബസുകൾ ഉൾപ്പെടെ 37 ബസ്സുകളാണ് ഇപ്പോൾ കല്ലറ വഴി സർവ്വീസ് നടത്തുന്നത്. കോട്ടയം-വൈക്കം റൂട്ടിലാണ് കൂടുതൽ ബസ്സുകളും. പിന്നീട് പ്രധാനമായുള്ളത്. കല്ലറ-പാലാ റൂട്ടാണ്. രണ്ടു ടാക്സി സ്റ്റാൻറുകൾ നമ്മുടെ ഗ്രാമത്തിലുണ്ട്, ചന്തക്കവല കേന്ദ്രീകരിച്ചും, പുത്തൻ പള്ളിക്കവല കേന്ദ്രീകരിച്ചും.

ടാക്സി സ്റ്റാൻറിലെ വാഹനങ്ങളുടെ വിവരങ്ങൾ

പട്ടിക - (5, 6) I

സ്റ്റാൻറിന്റെ പേര്	വാഹന ഇനങ്ങൾ					ആകെ
	ഓട്ടോ	കാർ	ജീപ്പ്	ടെമ്പോ	ലോറി	
ചന്തക്കവല	17	6	9	14	5	51
പുത്തൻ	6	-	5	-	-	11
പള്ളിക്കവല						
ആകെ	23	6	14	14	5	62

അവലംബം-പ്രാഥമിക വിവരശേഖരണം

കൂടാതെ പഞ്ചായത്തിൽ ഒട്ടനവധി ടൂവീലറുകളും സ്വകാര്യ കാറുകളും ഉണ്ട്. അനവധി സൈക്കിളുകളും ഉപയോഗത്തിലുണ്ട്.

വളരെയധികം യാത്രക്കാർ സഞ്ചരിക്കുന്ന നമ്മുടെ ഗ്രാമത്തിൽ 11 ബസ്സ്റ്റോപ്പുകളുണ്ട്. എങ്കിലും ഒരു വെയിറ്റിംഗ് ഷെഡ് മാത്രമാണ് ഉള്ളത്. 37 ബസ്സുകൾ സർവ്വീസ് നടത്തുന്ന കല്ലറയിൽ ഒരു സ്റ്റാൻറ് അത്യാവശ്യമായിരിക്കുന്നു.

കല്ലറയിലൂടെ അനുവദിക്കപ്പെട്ട ചേർത്തല-ഈരാറ്റുപേട്ട സംസ്ഥാനഹൈവേയുടെ പണി വളരെ വേഗത്തിൽ നടന്നു കൊണ്ടിരിക്കുന്നു. അതിൻെറ പൂർത്തീകരണത്തോടെ ഗതാഗത രംഗത്ത് മറ്റൊരു കുതിച്ച് ചാട്ടം നമ്മുടെ ഗ്രാമത്തിനുണ്ടാകുമെന്ന് കരുതുന്നു.

മൂന്നിൽ രണ്ടു ഭാഗത്തും ജലാശയങ്ങളുള്ള നമ്മുടെ നാട്ടിൽ ജലഗതാഗതത്തിന് വേണ്ടത്ര പ്രാധാന്യം കിട്ടുന്നില്ല. യാതൊരു വിധ ഇന്ധനച്ചിലവും ഇല്ലാത്ത വള്ളങ്ങളിലൂടെയുള്ള ഗതാഗതം, ഇന്ധനങ്ങളുടെ വില വർദ്ധനവും അതിൻെറ ദൗർലഭ്യവും അതുണ്ടാക്കുന്ന അന്തരീക്ഷ മലിനീലകരണവും പരിഗണിക്കുമ്പോൾ വളരെ പ്രോത്സാഹനം അർഹിക്കുന്നു.

ഗതാഗതത്തിന് സൈക്കിളുകൾ ഉപയോഗിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കണം. ഇന്ധനച്ചിലവില്ലാത്ത, മലിനീകരണം സൃഷ്ടിക്കാത്ത, ശരീരവ്യായാമത്തിന് ഉപകരിക്കുന്ന സൈക്കിൾ സഞ്ചാരം വളരെയേറെ പരിഗണന അർഹിക്കുന്നു. സ്വാശ്രയത്തിനും സ്ഥായിയായ വികസനത്തിനും പ്രാധാന്യം നൽകുന്ന ചൈനീസ് ജനത സൈക്കിളിന് കൊടുക്കുന്ന പ്രാധാന്യം നമുക്ക് അനുകരണീയമാണ്.

പുതിയ റോഡിനും, ഉള്ള റോഡുകൾ വികസിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ തീർത്ത് സംരക്ഷിക്കുന്നതിനും, ടാർ ചെയ്യുന്നതിനും, പാലങ്ങളും, നടപ്പാലങ്ങളും നിർമ്മിക്കുന്നതിനും ഗ്രാമസഭകളിൽ നിന്നും ധാരാളം നിർദേശങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ.

പുതുതായി വെട്ടേണ്ട റോഡുകൾ

വാർഡ് 1

1. കല്ലുപുര- വാക്കേത്തറ റോഡ് നിലവിലുള്ള 1 കി.മീ. കഴിച്ച് 3 കി.മി. പുതുതായി പണിയുക.
2. കോളനിതോടിനു സമാന്തരമായി മുണ്ടാറിന് വടക്ക് പാറേൽ കോളനി വരെ റോഡ് നിർമ്മിക്കുക.
3. കെ.വി. കനാൽ പുത്തൻ തോടിന് കിഴക്കുവശത്ത് തെക്ക് വടക്ക് റോഡ് പണിയുക.
4. മുണ്ടാർ 1-ാം നമ്പർ മുതൽ കിഴക്കോട്ടുള്ള കരിയാർ തീരം - എഴുമാൻ കായൽ വരെ റോഡ് പണിയുക.
5. അകത്താംതറ റോഡ് വെന്തകരിവരെ പണിയുക.
6. നെറ്റിത്തറ മുതൽ മാളംചിറ വരെ റോഡ് പണിയുക.

വാർഡ് 2

1. എൻ.എസ്.എസ്. ഹൈസ്ക്കൂളിൽ നിന്നും കിഴക്കോട്ടുള്ള റോഡ് മാൻവെട്ടവുമായി ബന്ധിപ്പിക്കുക.

വാർഡ് 4

1. മണ്ണാട്ട് പറമ്പിൽ റോഡ് പൊതു ശ്മശാനംവരെ നിർമ്മിക്കുക.

വാർഡ് 5

1. വാഴക്കാലാ മുതൽ മുല്ലമംഗലം വരെയുള്ള റോഡ് നിർമ്മിക്കുക.
2. അഞ്ചേക്കർ സെറ്റിൽ മെൻറ് കോളനിയുടെ മധ്യഭാഗത്ത് കൂടെ റോഡ് നിർമ്മിക്കുക.

വാർഡ് 6

1. പറവന്തുരുത്ത് - ഉദിയംതറ റോഡ് നിർമ്മിക്കുക.

വാർഡ് 7

1. ശാസ്താം കുന്നുപുറം - കുരിശുപള്ളി റോഡ് (ഇല്ലത്തുതാഴം) പണിയുക.

വാർഡ് 8

1. പാറശ്ശേരിത്താഴത്ത് നിന്ന് തീയത്ത് താഴം വരെ റോഡ് പണിയുക.
2. തീയത്ത്താഴത്ത് നിന്നും തെക്കോട്ട് പഞ്ചായത്ത് റോഡ് വരെ പുതിയ റോഡുണ്ടാക്കുക.
3. ഉദിയംതറ - കളവന്തുരുത്ത് റോഡ് പണിയുക.
4. എസ്.എൻ.ഒ. ക്ലിനിക്ക് നാഗവള്ളിത്താഴം റോഡ് നിർമ്മിക്കുക.

ടാർ ചെയ്യേണ്ടവ

വാർഡ് 1

1. കല്ലുപുര- നൂറ്റിപ്പത്ത് റോഡ്

വാർഡ് 2

1. ചന്തപ്പറമ്പ് - അകത്താംതറ റോഡ്
2. തച്ചേരിമുട്ട് - തറേത്താഴം റോഡ്

3. കളമ്പുകാട് - മുക്കത്തുവാല

വാർഡ് 3

1. എസ്.ബി.റ്റി.-വാലേപ്പടി റോഡ്
2. ചൂരക്കുഴി - വലിയ കടവ് റോഡ്

വാർഡ് 4

1. സി.കെ. സുദർശനൻ റോഡ്
2. ജയന്തി റോഡ്

വാർഡ് 5

1. മുല്ലമംഗലം - പാലയ്ക്കൽപ്പടി റോഡ്
2. ദേശസേവിനി - ആറാട്ടുകുളം
3. കുന്നുകാലാപ്പടി - മുല്ലമംഗലം

വാർഡ് 6

1. പുളിക്കപ്പറമ്പ് - ചുങ്കം റോഡ്
2. സെൻറ് തോമസ് ഹൈസ്ക്കൂൾ - വട്ടുകുളം റോഡ്
3. കുരിശുപള്ളി - ചുങ്കം റോഡ്
4. പെരിയാകുളങ്ങര - പറവന്തുരുത്ത് റോഡ്
5. പെരിയാകുളങ്ങര - ഗവണ്മെൻറ് എൽ.പി.എസ്.

വാർഡ് 7

1. കുരിശുപള്ളി-കൊല്ലം പറമ്പ് - മണിയൻ തുരുത്ത് റോഡ്.
2. കൊല്ലം പറമ്പ് - കോളനി റോഡ്
3. പെരുന്തുരുത്ത് പാലം - കിറ്റുകരിച്ചിറ റോഡ്

നിർമ്മിക്കപ്പെടേണ്ട പാലങ്ങൾ

വാർഡ് 1

1. സംഘത്തിന് തെക്കുവശത്ത് (ദിവാൻ തോടിന്) നടപ്പാലം
2. മുണ്ടാർ - തലയാഴം ബന്ധിപ്പിക്കുന്ന നടപ്പാലം.
3. കോളനിയും ചേനക്കാലയും തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാലം.
4. കളത്ര ബ്ലോക്കിൻെറ വടക്കുവശത്ത് നടപ്പാലം.
5. കളത്ര പുരയിടത്തിൻെറ തെക്കുവശത്ത് നടപ്പാലം
6. ചിറയിൽ പുരയിടത്തിൻെറ തെക്കുവശത്ത് തോടിന് കുറുകെ നടപ്പാലം.
7. പള്ളിക്കൂടം പറമ്പിൽ (പുരയിടം) തെക്കുവശം നടപ്പാലം.
8. പറമ്പങ്കരി - പടിഞ്ഞാറേതോട് നടപ്പാലം.
9. അമ്പത്തിനാല് കോളനി - തെക്കുവശം നടപ്പാലം.
10. പുതുപ്പള്ളിച്ചിറ -തെക്ക് നടപ്പാലം.

വാർഡ് 3

1. കളപ്പുരത്താഴം - എക്കമ്മപ്പാലം
2. എക്കമ്മ - മിനിക്കോണം പാലം
3. എക്കമ്മ - കാക്കത്തുരുത്ത് പാലം

വാർഡ് 5

1. മാഞ്ഞൂർ നിന്നും മലൈക്കണ്ടം പാടത്തേയ്ക്ക് നടപ്പാലം
2. മുല്ലമംഗലം കടവിൽ നിന്നും മാഞ്ഞൂരേയ്ക്ക് പാലം

വാർഡ് 6

1. പറവന്തുരുത്ത് - കല്ലിപ്പുറത്ത് പാലം

വാർഡ് 7

1. തോട്ടുവേലിത്താഴത്ത് നടപ്പാലം
2. കോലത്തുകരിപ്പാടത്ത് നിന്ന് കുഴിപ്പാടത്തേക്ക് നടപ്പാലം.

പൊതുനിർദ്ദേശങ്ങൾ

1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കുക.
2. പഞ്ചായത്ത് നേതൃത്വത്തിൽ റോഡിന് അതിരു കല്ലുകൾ സ്ഥാപിക്കുക.
3. കരിങ്കല്ല്, മെറ്റൽ എന്നിവ വ്യക്തികൾ റോഡിലിറക്കി റോഡിന് കേടുപാടുകൾ വരുത്തുന്നത് തടയണം.
4. പി.ഡബ്ലു.ഡി. പണി നടത്തുന്ന കല്ലുപുര-മുണ്ടാർ റോഡ് എത്രയും വേഗം പൂർത്തിയാക്കുക.
5. പുതിയ കെട്ടിടങ്ങൾ പണിയുമ്പോൾ റോഡുമായി നിയമപരമായ ദൂര പരിധി പാലിക്കുക.
6. കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുക.
7. പുത്തൻ പള്ളി വരെയുള്ള ബസ്സുകൾ എത്തക്കുഴി കൂടി നൂറ്റിപ്പത്ത് വരെ സർവ്വീസ് നീട്ടുക.
8. ബസ്സുകൾ കൃത്യസമയത്ത് ഓടുവാനും മത്സര ഓട്ടം ഒഴിവാക്കാനും നടപടി എടുക്കുക.
9. കല്ലറ സൗത്ത് വരെ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ 2-ാം വാർഡിൽ ചന്തപ്പറമ്പ് വരെ നീട്ടുക.

ഊർജ്ജം

ഒരു സമൂഹത്തിൻെറ ഭൗതിക പുരോഗതിയുടെ

അളവുകോലായി ഇന്നു പരിഗണിക്കുന്നത് ആ സമൂഹം ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അളവാണ്. ഈ അളവുകോൽ വച്ച് കണക്കാക്കുമ്പോൾ ഭാരതം ആകെ തന്നെയും കേരളം പ്രത്യേകിച്ചും മറ്റു പല രാഷ്ട്രങ്ങളേക്കാൾ വളരെ പിന്നിലാണെന്നു കാണാം. ഏറ്റവും സംപുഷ്ട ഊർജ്ജരൂപമായ വൈദ്യുതിയുടെ ഉല്പാദനവും കാര്യക്ഷമമായ ഉപഭോഗവും നമ്മൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

1954-ൽ ആണ് നമ്മുടെ ഗ്രാമത്തിൽ ആദ്യമായി വൈദ്യുതി എത്തുന്നത്. അതുവരെ വീട്ടാവശ്യത്തിന് വിറകും, മണ്ണെണ്ണയും കാർഷിക മേഖലയിൽ കായികശേഷിയും മറ്റാവശ്യത്തിന് പെട്രോളിയം ഉല്പന്നങ്ങളുമാണ് നമ്മൾ ഉപയോഗിച്ചിരുന്നത്. ഇന്ന് വീടുകളിൽ പാചകാവശ്യത്തിന് വിറക്, ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നീ പ്രധാനപ്പെട്ട എല്ലാ ഉറവിടങ്ങളും ഉപയോഗിക്കുമ്പോൾ വെളിച്ചത്തിനായി മണ്ണെണ്ണയും വൈദ്യുതിയും ഉപയോഗിക്കുന്നു. എന്നാൽ വീട്ടുപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നാം വൈദ്യുതിയെ മാത്രം ആശ്രയിക്കുന്നു. കാർഷിക മേഖലയിൽ പ്രധാനമായും വൈദ്യുതിയും, ചില കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനത്തിന് പെട്രോളിയം ഉല്പന്നങ്ങളും ഉപയോഗിക്കുന്നു. വാണിജ്യ വ്യാവസായിക മേഖലകളിൽ വൈദ്യുതിയേയും ഗതാഗതത്തിന് പെട്രോളിയം ഉല്പന്നങ്ങളേയും ആശ്രയിക്കുന്നു.

പാചകാവശ്യത്തിന് വീടുകളിൽ കുറേയെങ്കിലും കാര്യക്ഷമമായി ഊർജ്ജം ഉപയോഗിക്കുന്നത്, ഗ്യാസ്, മണ്ണെണ്ണ എന്നിവയുടെ മേഖലയിലാണ്. പാചകാവശ്യത്തിന് നമ്മൾ ഏറ്റവും അധികം ആശ്രയിക്കുന്ന വിറകിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചുള്ള ഉപയോഗം ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പിന്റെ ആവിർഭാവത്തോടെ ആരംഭിച്ചിട്ടുണ്ടെങ്കിലും വ്യാപകമല്ല. സാധാരണഉപയോഗിക്കുന്നതിന്റെ 1/3 വിറകുമാത്രമേ ഇതിനാവശ്യമുള്ളു. കല്ലറയിൽ 525 വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് പുകയടിക്കുന്നതിലൂടെ സ്ത്രീകൾക്കുണ്ടാകുന്ന ശ്വാസകോശ രോഗങ്ങളെയും ഉദര രോഗങ്ങളെയും കുറയ്ക്കും വിറക് ലാഭിയ്ക്കാം എന്നത് വിറകിനു വേണ്ടി വൃക്ഷങ്ങളെ വെട്ടുന്നത് കുറയ്ക്കുകയും പരിസ്ഥിതി സംരക്ഷണത്തിന് സഹായകമായിത്തീരുകയും ചെയ്യും. ഐ.ആർ.ഇ. പി.യുടെ ഭാഗമായി കേന്ദ്ര ഗവൺമെൻറ് സബ്സിഡിയോടെ 50 രൂപയ്ക്ക് ഇത് വീട്ടിൽ സ്ഥാപിച്ചു കിട്ടുന്നത് നമ്മൾ പ്രയോജനപ്പെടുത്തണം. കേരള ശാസ്ത്രസാഹിത്യപരിഷത്ത് ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസ അർഹിക്കുന്നു. നല്ല പരിസ്ഥിതിയെ നിലനിർത്താൻ സഹായിക്കുന്ന ബയോഗ്യാസ് പ്ലാൻറുകളേയും പ്രോത്സാഹിപ്പിക്കണം. വൈദ്യുതി സ്റ്റൗ ചിലയിടത്തെങ്കിലും ഉപയോഗിക്കുന്നുണ്ട്. വൈദ്യുതി ക്ഷാമം നേരിടുന്ന ഇക്കാലത്ത് ഏറ്റവും സംപുഷ്ടമായ ഊർജ്ജരൂപം തീർത്തും കാര്യക്ഷമതയില്ലാതെ ഉപയോഗിക്കുന്ന ഈ രീതി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

കല്ലറ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തപ്പെടുന്നത് വൈയ്ക്കം 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ഏറ്റുമാനൂർ 66 കെ.വി. സബ് സ്റ്റേഷനിൽ നിന്നുമാണ്. കല്ലറ സബ് എഞ്ചിനീയർ ആഫീസിനും നീണ്ടൂർ സെക്ഷനാഫീസിനുമാണ് ഇതിന്റെ വിതരണ ചുമതല.

കല്ലറയിലെ വൈദ്യുതി കണക്ഷൻ

പട്ടിക 2 (5, 6)

	ട്രാൻസ് ഫോർമർ	ഗാർഹികം	വാണിജ്യ വ്യവസായം	കാർഷികം	ആകെ
കല്ലറ സെക്ഷൻ	13	1695	410	170	2275
നീണ്ടൂർ സെക്ഷൻ	3	80	2	10	92
ആകെ	16	1775	412	180	2367

അവലംബം - ദ്വിതിയ വിവരശേഖരണം

വൈദ്യുതിയുടെ ഉപഭോഗം വർദ്ധിക്കുന്നതിന് അനുസരിച്ച് ഉല്പാദനം വർദ്ധിക്കുന്നില്ല എന്നത് നമ്മളുപയോഗിക്കുന്ന വൈദ്യുതിയുടെ ഗുണനിലവാരം താഴ്ത്തിയിട്ടുണ്ട്. 16 ട്രാൻസ്ഫോർമറുകളിൽ നിന്നുമായി നമുക്ക് ഗാർഹികാവശ്യത്തിന് വിതരണം ചെയ്യപ്പെടുന്ന വൈദ്യുതി 250 വോൾട്ടേജിൽ കിട്ടേണ്ട സ്ഥാനത്ത് ഉപഭോഗം കൂടുതലുള്ള സന്ധ്യാസമയത്ത് 100-120 വോൾട്ടേജിൽ മാത്രമേ ലഭിക്കുന്നുള്ളു.

ട്രാൻസ്ഫോർമറുകൾ സ്ഥിതിചെയ്യുന്നത്

1. കളമ്പുകാട്	8. പെരുംതുരുത്ത്
2. എക്കമ്മേൽ	9. ഉദയംതറ
3. കാക്കത്തുരുത്ത്	10. ആനച്ചാംകുഴി
4. നീട്ടുകുന്ന്	11. കാളത്തോട് 1
5. ആത്താംതറ	12. കാളത്തോട് 2
6. മുല്ലമംഗലം	13. തറേത്താഴം
7. കല്ലറ നമ്പർ 2	14 താമരച്ചാൽ

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി നിലവിലുള്ള ട്രാൻസ്ഫോർമറുകൾ ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുകയോ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയോ ചെയ്യേണ്ടിയിരിക്കുന്നു. വൈദ്യുതി ക്ഷാമത്തിന് ശാശ്വത പരിഹാരം കാണേണ്ടത് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളാണെങ്കിലും ജനങ്ങളുടെ സഹകരണത്തോടെയുള്ള ആസൂത്രിത നീക്കത്തിലൂടെ ഇതിൻെറ രൂക്ഷത ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിയും.

ഉപഭോഗം ഏറ്റവും കൂടിയ സന്ധ്യാസമയത്ത് അത്യാവശ്യമില്ലാത്ത വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിക്കുക. ദക്ഷത കൂടിയ ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുക. ഉദ: 40 വോൾട്ടിൻെറ ഫ്ളൂറസെൻറ് ലാംബ് ഉപയോഗിച്ചാൽ വളരെ നാൾ നിലനിൽക്കുമെന്നു മാത്രമല്ല, 100 വോൾട്ടിൻെറ ബൾബ് നല്കുന്നതിനേക്കാൾ പ്രകാശവും ലഭിയ്ക്കും. ആദ്യം മുതൽമുടക്ക് കൂടിയാലും ദീർഘകാലനേട്ടം പരിഗണിക്കുമ്പോൾ അത് മെച്ചമായിരിയ്ക്കും. 300 രൂപയോളം വില വരുന്ന കോംപാക്ട് ഫ്ളൂസെൻറും ലാമ്പാണ് ഉപയോഗിക്കുന്നതെങ്കിൽ ഊർജ്ജ ഉപഭോഗം വീണ്ടും കുറഞ്ഞ് ഒമ്പത് വോൾട്ടിൽ എത്തുമെന്നു മാത്രമല്ല ദീർഘകാലം നില നിൽക്കുകയും കുറഞ്ഞ വോൾട്ടേജിൽ പ്രകാശിക്കുകയും ചെയ്യും. പഞ്ചായത്തിൻെറ സഹായത്തോടെ ഇത് പ്രചരിപ്പിക്കാവുന്നതാണ്. പ്രഷർകുക്കറിൻെറ ഉപയോഗവും ഊർജ്ജ ഉപഭോഗത്തിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കും. ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള കണക്ഷനുകളുടെ എണ്ണം ശേഷിക്കനുസരിച്ച് ക്രമീകരിക്കുക. ഇതിനായി പവർലൈൻ മാപ്പിംഗ് അത്യാവശ്യമായി നടത്തണം. വിതരണനഷ്ടം കുറയ്ക്കുവാനുള്ള നടപടികൾ ബോർഡിൻെറ ഭാഗത്ത് നിന്നും ഉണ്ടാകണം. കാലഹരണപ്പെട്ട ഉപകരണങ്ങൾക്ക് പകരം പുതിയവ സ്ഥാപിയ്ക്കണം. വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങൾ നിശ്ചിത നിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പു വരുത്തണം. ഉദാ: കേടു വന്ന കപ്പാസിറ്ററുകൾ മാറ്റി വെയ്ക്കുകയും ഇല്ലാത്തവയുടെ സ്ഥാനത്ത് പുതിയവ സ്ഥാപിക്കുകയും ചെയ്യുക. വൈദ്യുതി എത്താത്ത വീടുകളിൽ അതെത്തിക്കാനുള്ള നടപടികളും ഇതോടൊപ്പം ഉണ്ടാവണം.

16 ഫ്ളൂറസെൻറ് ലാമ്പുകൾ ഉൾപ്പെടെ നമ്മുടെ പഞ്ചായത്തിൽ 534 തെരുവ് വിളക്കുകളാണ് ഉള്ളത്. ഇതിലേക്കായി പഞ്ചായത്ത് പ്രതിമാസം 6400 രൂപ ചിലവാക്കുന്നു. എങ്കിലും പല പ്രധാന റോഡുകളിലും ഇപ്പോഴും വിളക്കുകൾ ഇല്ല. ഇത് പരിഹരിക്കുന്നതിനോടൊപ്പം കൂടുതൽ വെളിച്ചമാവശ്യമായ പ്രധാന കവലകളിലെങ്കിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഒരിക്കലും വറ്റാത്ത ഊർജ്ജ ഉറവിടമായ സൗരോർജ്ജമാണ്, നമുക്ക് ലഭ്യമായ മറ്റൊരു ഊർജ്ജസ്ത്രോതസ്. സാധനങ്ങൾ ഉണങ്ങാനാണ് നമ്മൾ പാരമ്പര്യമായി ഈ സ്രോതസിനെ ആശ്രയിച്ചിരുന്നത്. സൗരോർജ്ജം നേരിട്ടു വൈദ്യുതിയാക്കാനുള്ള സങ്കേതം നമുക്കിന്നു ലഭ്യമാണ്- സോളാർ പാനൽ പാരമ്പര്യേതര ഊർജ്ജവികസനത്തിന് പ്രവർത്തിക്കുന്ന അനർട്ട് വിലയേറിയ സോളാർ പാനലും അതിനോടു ബന്ധപ്പെട്ട വൈദ്യുത ഉപകരണങ്ങളും കേന്ദ്ര ഗവൺമെൻറു സബ്സിഡിയോടു കൂടി കടുത്തുരുത്തി ഓഫീസിൽ നിന്നും വിതരണം ചെയ്യുന്നു. വൈദ്യുതി എത്താത്തിടങ്ങളിൽ സോളാർ പാനൽ ഉപയോഗപ്പെടുത്തി വൈദ്യുതോപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതോടൊപ്പം കാർഷിക മേഖല ഉൾപ്പെടെയുള്ള മറ്റു പ്രദേശങ്ങളിലും അതിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കണം.

അനർട്ടിൻെറ ദക്ഷത കൂടിയ ഉപകരണങ്ങളുടെ കല്ലറയിലെ വിതരണം സംബന്ധിച്ച പട്ടിക

പട്ടിക 3 (5, 6)

ക്രമനമ്പർ	ഇനങ്ങൾ	പഞ്ചായത്തിൽ വിതരണം നടത്തിയ എണ്ണം
1	പുകയില്ലാത്ത അടുപ്പ്	525
2	കമ്മ്യൂണിറ്റി അടുപ്പ്	3
3	മണ്ണെണ്ണ സ്റ്റൗ	295
4	പ്രഷർകുക്കർ	206
5	സോളാർ ലാന്റേൺ	6
6	വാട്ടർ ഹീറ്റർ	1


അവലംബം - ദ്വതീയ വിവരശേഖരണം

ഇന്ത്യയിലെ ഏറ്റവും വലിയ ഊർജ്ജഉറവിടമായ കല്ക്കരി നമ്മുടെ ഗ്രാമത്തിൽ ഒരു രംഗത്തും ഉപയോഗിക്കുന്നില്ല. എന്നാൽ മണ്ണെണ്ണ, പെട്രോൾ തുടങ്ങിയ പെട്രോളിയം ഉല്പന്നങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള തീർന്നു പോകുന്ന ഉറവിടങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാൻ നമ്മൾ ശ്രദ്ധിക്കണം. കാര്യക്ഷമതയുള്ള മണ്ണെണ്ണ സ്റ്റൗ ഉപ

യോഗിക്കുക (അനർട്ടിന്റേതു വിതരണം ചെയ്യുക). മൈലേജ് കൂടിയ വാഹനങ്ങൾ ഉപയോഗിക്കുക. വാഹനങ്ങളുടെ റിപ്പയറിംഗ് ജോലികൾ കൃത്യമായി തീർത്ത് ഇന്ധന നഷ്ടം കുറയ്ക്കുക.


ഗ്രാമ സഭകളിൽ നിന്നും ലഭിച്ച ചില നിർദ്ദേശങ്ങൾ

1. കല്ലറയിൽ വൈദ്യുതി ബോർഡിന്റെ ഒരു സബ്സ് റ്റേഷൻ സ്ഥാപിക്കുക
2. ഒരു ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.
3. വോൾട്ടത വർദ്ധിപ്പിക്കാൻ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക
4. എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കുക.
5. പ്രധാനപ്പെട്ട എല്ലാ ഗ്രാമീണ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
6. തെരുവുവിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുക.
7. വൈദ്യുതി വിതരണവും നിയന്ത്രണവും പഞ്ചായത്തിനെ ഏല്പിക്കുക.



5.7.

പാർപ്പിടം സാമൂഹ്യക്ഷേമം



പാർപ്പിടം

പഞ്ചായത്തിലെ ഭൂരിഭാഗംജനങ്ങളും, കർഷകരും കർഷകത്തൊഴിലാളികളുമാണ്. കർഷകതൊഴിലാളികളിൽ സിംഹഭാഗവും, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ് കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് ഇവർ കുടിലുകളും ഇടത്തരം പാർപ്പിടവുമാണ് ഇവർക്കുള്ളത്. പഞ്ചായത്തിന്റെ 1,2,4,5 7 8 എന്നീവാർഡുകളിലെ ലക്ഷം വീടുകളിലും മറ്റു കോളനികളിലും അധികവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗമാണ്. താമസിയ്ക്കുന്നത്. ഗൾഫ് പണത്തിന്റെ അതിപ്രസരം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണ്ണായകമായ പങ്കുവഹിയ്ക്കുന്നു. എന്നാൽ ഗൾഫ് മലയാളികളുടെ പണം ക്രിയാത്മകമായ രീതിയിൽ പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിയുന്നില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഇത് ഒതുങ്ങിനിൽക്കുന്നു.

പഞ്ചായത്തിലെ 2804 വീടുകൾ ഉള്ളതിൽ 2490 വീടുകൾ ഭേദപ്പെട്ടതും ഇടത്തരവും ആണ്. 314 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്. ഇതിൽ പാടശേഖരങ്ങളിലെ പുറം ബണ്ടുകളിലും കരിനിലങ്ങളുടെ നികർത്തുഭൂമിയിലും സ്ഥിതിചെയ്യുന്ന കുടിലുകളുമുണ്ട്.

പട്ടിക 2

ഭവനനിർമ്മാണത്തെ സംബന്ധിച്ചവിവരം

വി.ഇ ആഫീസിലെ റെക്കാർഡിൽ നിന്ന്

വാർഡ് IRDP സർവേമ്പർ	വീട്ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവേ)	വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ കരിക്കാനുള്ള വീടുകൾ	അനുവദിച്ചവയിൽ ഇനിയും പൂർത്തി വീടുകളുടെ എണ്ണം	ഇനിയും അനുവദിക്കേണ്ട
I	153	47	29	18	153
II	24	3	1	2	24
III	40	5	4	1	40
IV	42	14	9	5	42
V	32	4	4	-	32
VI	10	3	1	2	10
VII	49	5	2	3	49
VIII	39	12	-	-	51
ആകെ		93	50	31	401

വീടുകളുടെ തരംതിരിവ് പട്ടിക 1 വാർഡ് തലത്തിൽ

വാർഡ്	വീടുകളുടെ എണ്ണം	കുടിൽ	കോളനി
I	391	116	1
II	321	7	3
III	361	14	1
IV	439	44	5
V	371	35	2
VI	330	5	-
VII	280	46	1
VIII	311	47	2
ആകെ	2804	314	14

നമ്മുടെ പഞ്ചായത്ത് 2748 ഹെക്ടർ സ്ഥലം വരുന്നതാണ്. അതിൽ 1404 ഹെക്ടർ കരഭൂമിയിലും 1258 ഹെക്ടർ വയലും 86 ഹെക്ടർ പുറംമ്പോക്ക് റോഡ് എന്നിവയുമാണ്. കരഭൂമിയിൽ പാർപ്പിടവിന്ന്യാസം ഏതാണ്ട് സമതുലനാവസ്ഥ നിലനിർത്തുമ്പോൾ, കരി നിലങ്ങളിൽ ചിലപ്രത്യേക ഭാഗങ്ങളിൽ മാത്രമേ പാർപ്പിട സൗകര്യമുള്ളൂ IRDP സർവ്വേപ്രകാരം ഈ പഞ്ചായത്തിൽ 389 പേർക്ക്വീടുകൾ ഉണ്ടാവണം. വാർഡ് അടിസ്ഥാനത്തിൽ ആവശ്യമായ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 3

JRY അനുസരിച്ച് പണിതവീടുകളുടെ എണ്ണം

അനുവദിച്ച വർഷം	വീടുകളുടെ എണ്ണം
90 - 91	5
91 - 92	6
93 - 94	14
94 - 95	3
95 - 96	1

അവലംബം പഞ്ചായത്ത് രജിസ്റ്റർ

ഭവനനിർമ്മാണ രംഗത്തു പ്രവൃത്തിയ്ക്കുന്ന സംഘങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. കടുത്തുരുത്തി ബ്ലോക്കിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം പ്രവൃത്തിക്കുന്നുണ്ട്. വിവിധ പഞ്ചായത്തിലെ ജനങ്ങൾ ഇതിൽ അംഗങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും നിരവധി അംഗങ്ങളുണ്ട്. എന്നാൽ സാധാരണക്കാർക്കും കൂലിവേലക്കാർക്കും ഇവിടെ നിന്ന് വായ്പ എടുത്ത് വീട് നിർമ്മിക്കുവാൻ കഴിയുന്ന തരത്തിലല്ല അവിടുത്തെ നടപടിക്രമങ്ങൾ. അമിതമായ പലിശയും സങ്കീർണ്ണങ്ങളായ നടപടിക്രമങ്ങളും, കടുത്ത ജാമ്യ വ്യവസ്ഥയുമാണ് ഇതിനു കാരണം. സ്ഥിരം വരുമാനക്കാർക്കും സാമ്പത്തിക ഭദ്രതയുള്ളവർക്കും മാത്രമേ ഈ സംഘം കൊണ്ടു പ്രയോജനമുള്ളൂ.

ഭൂമിയുടെ അനിയന്ത്രിതമായ വിലയും കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലയും കൂലിച്ചിലവും കാരണം സാധാരണക്കാരായ കർഷകർക്കും കർഷക തൊഴിലാളികൾക്കും വീടുവെയ്ക്കുക എന്നത് ഒരു സ്വപ്നമായി ഇന്നും അവശേഷിയ്ക്കുന്നു. ഇതിനു കാരണം പ്രധാനമായി ചൂണ്ടികാണിക്കാവുന്നത് വിദേശപണത്തിന്റെ സ്വാധീനം, രൂപയുടെ മൂല്യശോഷണം, കമ്പോള സംസ്കാരം, എന്നിവയാണ്.

കല്ലറ പഞ്ചായത്തിൽ 2, 4, 5 വാർഡുകളിലാണ് ലക്ഷ് വീടുകൾ സ്ഥിതിചെയ്യുന്നത്. ഇവയിൽ മൂന്നിലുമായി 150 കുടുംബങ്ങൾ താമസിക്കുന്നു. 25 വർഷത്തെ പഴക്കമുള്ള ഈ വീടുകൾ മിക്കതും വാസയോഗ്യമല്ല. ഏതാണ്ട് 600ൽപരം കുടുംബങ്ങൾ ഈലക്ഷം വീടുകളിൽ താമസിക്കുന്നു. ഇവിടെ കുടിവെള്ള ക്ഷാമം വളരെ രൂക്ഷമാണ്. കൂടാതെ കക്കൂസ്, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ തുലോം കുറവാണ്.

ലക്ഷം വീടുകളുടെ അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ ഇവിടെ ആദ്യമായി വേണ്ടത് അറ്റകുറ്റപണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുകയും കുടിവെള്ളത്തിന് ശാശ്വതമായി പരിഹാരംകാണുകയുമാണ്. നിയമം മൂലം ലക്ഷം വീടുകൾ കൈമാറ്റം ചെയ്യുന്നത് നിയന്ത്രിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ '5' വാർഡുകളിൽ നാലുസെന്റ് കോളനികൾ ഉണ്ട്. അവ എല്ലാംതന്നെ വളരെ പിന്നോക്കാവസ്ഥയിലാണ്. ഇതിൽ 8-ാം വാർഡിലെ ഉദിയന്തറക്കോളനിയുടെ ശോച്യാവസ്ഥ ഉടൻ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 12 ഹരിജൻ സെറ്റിൽമെൻറ് കോളനികൾ നിലവിലുണ്ട്. ഇവിടെയുള്ള വീടുകൾ എല്ലാംതന്നെ ഗവൺമെൻറിന്റെ ധനസഹായത്തിൽ നിർമ്മിച്ചവയാണ്. ഭവന നിർമ്മാണ രംഗത്ത് ഈ പഞ്ചായത്ത് വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ലക്ഷംവീട് കോളനികളുടെ അറ്റകുറ്റപണികൾ നടത്തുവാനോ നിലവിലുള്ള 4 സെൻറ് കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുവാനോ, ഹരിജൻകോളനികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനോ, പഞ്ചായത്ത് തലത്തിലോ സഹകരണ സംഘങ്ങൾ വഴിയോ യാതൊരു ശ്രമവും

ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ പ്രവൃത്തിയ്ക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങൾക്ക് ഉദാരമായ വായ്പാസൗകര്യങ്ങൾ ചെയ്തുകൊടുത്ത് പാർപ്പിട പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണേണ്ടതാണ്. ഭവനനിർമ്മാണരംഗത്തുള്ള അരാജകാവസ്ഥയ്ക്ക് ശാശ്വതപരിഹാരം കാണുന്നതിന് താഴെപറയുന്ന കാര്യങ്ങൾ പരിഗണിയ്ക്കാവുന്നതാണ്.

1) നിർമ്മിക്കുന്നവീടും, സ്ഥലവും ഈടായി വായ്പ അനുവദിക്കുക.
2) പലിശനിരക്കുകുറയ്ക്കുക
3) വായ്പതിരിച്ചടയ്ക്കാനുള്ള കാലാവധി ദീർഘിപ്പിയ്ക്കുക
4) ഭൂരഹിതർക്കും നിർദ്ധനർക്കും ഗവൺമെൻറിന്റെ പ്രത്യേക ഭവനനിർമ്മാണ പദ്ധതികൂടുതൽ സുതാര്യമാക്കുക.
5) ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുകയും അത്തരം വീടുകൾ നിർമ്മിക്കുന്നതിന് കൂടുതൽ പ്രചാരണം നടത്തുകയും ചെയ്യേണ്ടതാണ്.
6) സാധന സാമഗ്രികൾ നിർമ്മിക്കുവാൻ നിർമ്മിതിയുടെ യൂണിറ്റ് ആരംഭിയ്ക്കുക.
7. ഭവനനിർമ്മാണത്തിന് വായ്പകൾ നൽകുവാൻ ബാങ്കുകളിൽ പ്രത്യേക വിഭാഗം തുടങ്ങുക.
8) വികസനത്തിന് ഗ്രാമത്തിലെ വാർഡുകൾ തെരഞ്ഞെടുക്കുക.
9) ലക്ഷങ്ങൾ ചിലവിട്ട് വലിയ മണിമന്ദിരങ്ങൾ നിരമ്മിക്കുന്നത് നിയമം മൂലം നിയന്ത്രിക്കുകയും ഇങ്ങനെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഇന്നുള്ള നികുതി വർദ്ധിപ്പിക്കുകയും ചെയ്യുക.
10) ധനസഹായത്തിന്റെ തോത് വർദ്ധിപ്പിക്കുക. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ കഴിയുന്നു വെങ്കിൽ ഭവന നിർമ്മാണരംഗത്ത് മാറ്റങ്ങളുണ്ടാക്കുവാൻ കഴിയുന്നതാണ്.

തലചായ്ക്കാൻ ഇടമില്ലാത്ത ഒരുവിഭാഗവും തങ്ങളുടെ കൈവശമുള്ള പണത്തിന് ഉപയോഗമില്ലാതെ ലക്ഷങ്ങൾ മുടക്കി മണി മന്ദിരങ്ങൾ നിർമ്മിയ്ക്കുന്ന മറ്റൊരു വിഭാഗവും നമുക്കുചുറ്റും കാണാൻ സാധിക്കുന്ന ഒരു പ്രതിഭാസമാണ്.

ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനങ്ങളുടെ സഹകരണത്തോടും സഹായത്തോടും കൂടി പാർപ്പിടനിർമ്മാണരംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമം

സമൂഹത്തിലെ അശരണരുടേയും ആലംബഹീനരുടെയും ക്ഷേമം ഉറപ്പാക്കുന്നതിലേയ്ക്കായി കേന്ദ്ര-സംസ്ഥാന-പ്രാദേശിക ഭരണകൂടങ്ങൾ പല പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടി

പട്ടിക - ഒന്ന്

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുടെ വിവരം

ക്രമനമ്പർ	വാർഡ്	ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളതായി കണ്ടെത്തിയ കുടുംബങ്ങൾ	ഇതിൽ SC/ST ലഭിത്തവർ	സാമ്പത്തിക സഹായം	ഇതിൽ SC/ST	ദാരിദ്ര്യരേഖയ്ക്കുമുകളിൽ എത്തിയവർ	ദാരിദ്ര്യരേഖയ്ക്കുതാഴെ അവശേഷിക്കുന്നവർ
1	I	156	63	60	50	16	140
2	II	142	28	35	26	9	133
3	III	114	28	36	23	11	103
4	IV	219	35	50	30	10	209
5	V	206	20	67	18	26	180
6	VI	130	27	58	24	30	100
7	VII	110	25	55	20	12	98
8	VIII	112	23	48	18	9	103
ആകെ		1189	149	409	209	123	1066

അവലംബം ദ്വിതീയ വിവരശേഖരണം

രിക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നവരെ ഉദ്ധരിക്കുന്നതിനുള്ള ദാരിദ്ര്യനിരമ്മാർജ്ജന പദ്ധതിയും തൊഴിലാളി - തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധിബോർഡുകളിലൂടെ നടപ്പിലാക്കുന്നവയും ഇതിൽ പെടുന്നു. കൂടാതെ വനിതാ വികസനകോർപ്പറേഷൻ, പട്ടികജാതി വികസനകോർപ്പറേഷൻ എന്നിവയിലൂടെ നടപ്പിലാക്കുന്ന പരിപാടികളുമുണ്ട്.

ഈ പരിപാടികളിൽ ദാരിദ്ര്യ നിർമാർജന പരിപാടി മുഖേനയുള്ള സഹായങ്ങളും പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന നൽകുന്ന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭിക്കുന്നത് വനിതാ വികസന കോർപ്പറേഷനെക്കുറിച്ച് വനിതാ പ്രവർത്തകർക്കുപോലും വേണ്ടത്ര അറിവില്ലാത്തതിനാൽ കോർപ്പറേഷൻ വഴിനടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ ഒന്നുംതന്നെ നേടിയെടുക്കാൻ കഴിയുന്നില്ല. സഹായത്തിന് അർഹതയുള്ള ധാരാളം ആളുകൾ ഉണ്ടെങ്കിലും വളരെചെറിയ ഒരു വിഭാഗത്തിനു മാത്രമേ ഇത്തരം ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളു. ഐ.ആർ.ഡി.പി. സർവ്വെയിലൂടെ കണ്ടെത്തിയ ദാരിദ്ര്യരേഖയ്ക്കുതാഴെ കഴിയുന്നവരുടെ വാർഡുതിരിച്ചുള്ള വിശദവിവരവും സഹായം ലഭ്യമായവരുടെ വിശദവിവരവും താഴെ ചേർത്തിരിക്കുന്നു.

പട്ടികയിൽ നിന്നും 1189 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്ന വരായുണ്ടെന്നും ഇതിൽ നാളിതുവരെ 409 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുകയും അതുവഴി 123 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയതായും മനസ്സിലാക്കാൻ കഴിയും

പട്ടികയിൽ നിന്നും കഴിഞ്ഞ പദ്ധതിക്കാലത്തിനിടയ്ക്ക് 245 കുടുംബങ്ങൾക്കായി 1480253 രൂപ വായ്പയായി നൽകിയിട്ടുള്ളതായി കാണാം. ഐ.ആർ.ഡി.പി യിലൂടെയുള്ള സഹായം അർഹരായിട്ടുള്ളവർക്കു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പലപ്പോഴും കിട്ടുന്നില്ല. വായ്പ നൽകിക്കഴിഞ്ഞാൽ അതനുസരിച്ചുള്ള കാര്യങ്ങൾക്കു തന്നെയാണോ തുകവിനിയോഗിക്കുന്നതെന്ന് വിലയിരുത്തൽ നടത്തണം ഐ.ആർ.ഡി.പി രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ ബോധവക്കരണ പരിപാടികൾ ആവശ്യമാണ് എങ്കിൽ മാത്രമേ പദ്ധതികൾ പൂർണലക്ഷ്യം നേടുകയുള്ളു.

പട്ടിക - മൂന്ന്

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

ക്രമ നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്				
1	ഫിറ്റർ	2	1	1	-
2	വെൽഡിംഗ്	10	4	5	1
3	ഓട്ടോ മൊബൈൽ	1	-	1	-
4.	ഇലക്ട്രീഷ്യൻ	10	-	6	4
5	ടെയ്ലറിംഗ്	25	14	11	-
6	കാർപ്പൻറി	2	-	2	-
7	റേഡിയോ മെക്കാനിസം	5	-	4	1
8.	കമ്പോസിംഗ്	5	-	5	-
9	ഖാദി വീവിംഗ്	13	4	8	1
	ആകെ	73	23	43	7

അവലംബം ദ്വിതീയവിവരശേഖരണം

പട്ടിക - രണ്ട്

നടപ്പുപദ്ധതിക്കാലത്ത് ഐ.ആർ.ഡി.പി സഹായം ലഭിച്ചവരുടെ വിവരം.

വർഷം	സഹായം	ഇതിൽ ലഭിച്ചവർ	മറ്റുള്ളവർ SC/ST	സ്ത്രീകൾ	വായ്പത്തുക	സബ്സിഡി
രൂപ	രൂപ					
91-92	43	16	27	13	162752	126470
92-93	50	23	27	26	191939	130536
93-94	54	15	39	21	301145	253345
94-95	44	7	37	16	308483	238383
95-96	54	21	33	21	515934	263800
ആകെ	245	82	163	97	1480253	895034

അലംബം ദ്വതീയവിവരശേഖരണം

ട്രൈസം പരിപാടിയിലൂടെ 73 പേർ പരിശീലനം നേടിയെങ്കിലും 23 പേർ മാത്രമാണ് ആരംഗത്ത് തൊഴിലെടുക്കുന്ന 43 പേർ ഇതര തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്.

DWCRA പദ്ധതി പ്രകാരം രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 1994095-ൽ പ്രവർത്തനമാരംഭിച്ച റെഡിമെയ്ഡ് വസ്ത്രയൂണിറ്റും 1995-96-ൽ പ്രവർത്തനമാരംഭിച്ച പശു വളർത്തൽ യൂണിറ്റും. രണ്ടിലും പത്തുവീതം പേർ പ്രവർത്തിക്കുന്നു.

1995-ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ താഴെപറയുന്ന ധനസഹായങ്ങൾ നൽകപ്പെടുന്നു.

വാർധക്യകാല പെൻഷൻ

വികലാംഗപെൻഷൻ

വിധവാ പെൻഷൻ

തൊഴിലില്ലായ്മ വേതനം

കർഷകത്തൊഴിലാളി പെൻഷൻ

അർബുദരോഗ ചികിത്സാസഹായം

ക്ഷയരോഗം ചികിത്സാസഹായം

അങ്കനവാടികളും ബാലവാടികളും

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന 3 അങ്കനവാടികളും 3 ബാലവാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അങ്കനവാടി എന്നതാണ് ഐ.സി.ഡി.എസിന്റെ പ്രഖ്യാപിതലക്ഷ്യമെങ്കിലും അതിന്റെ അടുത്തെങ്ങുമെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇതിന് വിഘാതമായി നില്ക്കുന്ന ഒരു കാര്യം പുത്തൻ വിദ്യാഭ്യാസസംസ്കാരത്തിന്റെ കടന്നു കയറ്റമാണെന്നു തോന്നുന്നു. ഉള്ളവയ്ക്കുതന്നെ ആവശ്യമായ കെട്ടിട സൗകര്യമോ കളിപ്പാട്ടങ്ങളോ ഇല്ല. ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ ജോലി ഭാരം പ്രശ്നമാണ്. അതിനനുസരിച്ചുള്ള വേതനം ലഭിക്കുന്നുമില്ല. ഈ അവസ്ഥാവിശേഷം മാറ്റേണ്ടതുണ്ട്.

ക്ഷേമനിധികൾ

പഞ്ചായത്തിൽ കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലും കൈത്തൊഴിലാളി - വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിലും ഒക്കെ അംഗങ്ങളായി ചേർന്നിട്ടുള്ളവർ അനവധിയുണ്ട്. നിർമാണത്തൊഴിലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ കായികമായി വളരെ ബദ്ധപ്പാട് അനുഭവിക്കുന്നതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 ആക്കേണ്ടതാണ്. മുഴുവൻ തൊഴിലാളികൾക്കും വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാക്കുന്നതിനാ.യുള്ള പ്രവർത്തനങ്ങൾ നട്തതുന്നതോടൊപ്പം അവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടതുമാണ്. ആയതിലേക്ക് ഗൃഹസദസ്സുകളിലൂടെ സാക്ഷരതായജ്ഞ കാലഘട്ടത്തിലേതുപോലെ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കണം.

പൊതുവിതരണം

പഞ്ചായത്തിലാകെ 6 പൊതുവിതരണകേന്ദ്രങ്ങളും രണ്ടു സഹകരണ മാവേലി സ്റ്റോറും ഒരു സഹകരണ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഉത്സവകാ

പട്ടിക - 4

സി പി ഡബ്ലിയു വി സെൻററുകളുടേയും ഫീഡിംഗ് സെൻററുകളുടെ വിവരം

സെൻററിന്റെ പേര്	വാർഡ്	1 വയസിനും 2 വയസ്സിനും ഇടയിലുള്ളവർ	2 വയസ്സിനും 3 വയസ്സിനും ഇടയിലുള്ളവർ	3 വയസിനും 5 വയസ്സിനും ഇടയിലുള്ളവർ		ഗർഭിണികളുടെ എണ്ണം	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	അനുപൂരക പോഷകാഹാരം ലഭിക്കേണ്ട കുട്ടികൾ	അനുപൂരക പോഷകാഹാരം ലഭിക്കേണ്ട കുട്ടികൾ	അനുപൂരക പോഷകാഹാരം ലഭിക്കേണ്ട കുട്ടികൾ	ഇതിൽ S.C. S I
1. സിപിഡബ്ലിയുപി സെൻറർ കല്ലറ (വടക്ക്)	II	4	4	8	26	3	5	42	3	5	1
2. സിപിഡബ്ലിയുപി സെൻറർ,പെരുംന്തുരുത്ത്	VIII	-	7	1	13	1	1	21	1	1	2
3. സോഷ്യൽവെൽഫയർ ഫീഡിംഗ് സെൻറർ കല്ലറ തെക്ക്	V	22	13	6	23	4	12	64	4	12	30
ആകെ	26	24	15	62	8	18	127	8	18	33	

അവലംബം ദ്വതീയ വിവരശേഖരണം

ലങ്ങളിൽ സഹകരണ ബാങ്കുകളുടെ ചന്തകൾ അക്കാലത്തു നിയന്ത്രിതവിലയ്ക്ക് ജനങ്ങൾക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

റേഷൻ ഷോപ്പ് പൊതുവിതരണകേന്ദ്രമായതോടെ അതിന്റെ പ്രവർത്തനലക്ഷ്യം തന്നെ അവതാളത്തിലായിരിക്കുന്നു. അതുകൊണ്ടുതന്നെ പൊതുവിതരണ കേന്ദ്രം 1966-ലെ റേഷനിംഗ് ആക്ട് അനുസരിച്ചുള്ള " റേഷൻ ഷോപ്പ്" തന്നെയാക്കണം. റേഷൻ കാർഡ് ലഭ്യമാകുന്നതിലേക്കുള്ള നൂലാമാലകൾ ഒഴിവാക്കണം. ആയതിലേക്കുള്ള അധികാരം പഞ്ചായത്തിനു നൽകണം. ഉപഭോക്തൃവിദ്യാഭ്യാസം നൽകി ഈ മേഖല കാര്യക്ഷമമാക്കണം.

പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമപരിപാടികൾ കാര്യക്ഷമമായി നടത്തപ്പെടുനന്നില്ല.
2. അനർഹരായവർ സഹായധനം നേടിയെടുക്കുന്നു
3. വനിതാവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വനിതകൾ അജ്ഞരാണ്.
4. ക്ഷേമപദ്ധതികളുടെ സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
5. ഗുണഭോക്താക്കൾക്ക് വേണ്ടത്ര ബോധവക്കരണപരിപാടികൾ നടത്തപ്പെടുന്നില്ല.
6. ക്ഷേമനിധികളെക്കുറിചച്ച് ഭൂരിപക്ഷം തൊഴിലാളികൾക്കും ബോധമോ മതിപ്പോ ഇല്ല.
7. ഇതര സമുദായത്തിൽ പെട്ടവർക്കും രണ്ടാം ഗഡു ഐ.ആർ.ഡി.പി. സഹായം നൽകുന്നില്ല.
8. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വായനശാലകൾ സ്ഥാപിച്ച് ജനക്ഷേമ പരിപാടികൾ അറിയുവാനുള്ള അവസരം ഒരുക്കുന്നില്ല.
9. DWCRA യൂണിറ്റുകൾ വളരെക്കുറവ് ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമല്ല
10. അംഗൻവാടികൾ വളരെ കുറവ്.
11. അർഹരായ മുഴുവൻ ആളുകൾക്കും യഥാസമയം ം പെൻഷൻ ലഭിക്കുന്നില്ല.
12. അശാസ്ത്രീയമായ നിയമങ്ങൾ മൂലം പെൻഷൻ കിട്ടേണ്ടവർക്ക് അത് ലഭിക്കാതെ പോകുന്നു.
13. പൊതുവിതരണരംഗം കാര്യക്ഷമമല്ല.
14. ബാങ്കുകളുടെ സഹകരണം ഒട്ടും തന്നെ തൃപ്തികരമല്ല

സാധ്യതകൾ നിർദ്ദേശങ്ങൾ

ഐ.ആർ.ഡി.പി പരിപാടികൾ കാലോചിതമായി പരിഷ്ക്കരിക്കുക ഗുണഭോക്താക്കൾ സഹായധനം വിനിയോഗിക്കുന്ന ഘട്ടത്തിൽ തന്നെ പരിശോധനാരീതി നടപ്പിലാക്കാവുന്നതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സഹകരണവും മേൽനോട്ടവും ഉണ്ടാവണം.

പഞ്ചായത്തിൽ ഒരു സ്ഥിരം വിവരകേന്ദ്രം പ്രവർത്തിപ്പിക്കുക. വാർഡുകളിൽ വായനശാലകൾ സ്ഥാപിച്ച് വികസന പ്രവർത്തനങ്ങളെ ക്കുറിച്ചും അതു ലഭ്യമാക്കുന്ന ഏജൻസികളെക്കുറിച്ചും അറിവു നൽകുക.

പഞ്ചായത്തിൽ കൂടുതൽ കൂടുതൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

തൊഴിൽ പരിശീലനം നൽകാൻ കഴിയുന്ന ട്രൈസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുക.

അംഗനവാടികൾ ജനസംഖ്യാനുപാതികമായി സ്ഥാപിക്കുക. അങ്കനവാടികളിലെ ജീവനക്കാരെ ഗവ.ജീവനക്കാരായി അംഗീകരിക്കുകയും കൂടുതലാളുകളെ ഈ രംഗത്തേക്ക് ആകർഷിക്കുകയും ചെയ്യുക.

എല്ലാവാർഡുകളിലും ഡേകെയർ സെൻററുകൾ ആരംഭിക്കുക.

സാമൂഹ്യക്ഷേമ പെൻഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുക. പ്രായപൂർത്തിയായ മകനുണ്ട് എന്ന കാരണത്താൽ പെൻഷൻ തടയപ്പെടുന്ന രീതിമാറ്റണം.

പൊതുവിതരണ കേന്ദ്രം മാറ്റി റേഷൻ ഷോപ്പുകൾ പ്രവർത്തിപ്പിക്കുക.

തൊഴിൽ സംഘടനകളിലൂടെ മുഴുവൻ തൊഴിലാളികൾക്കും ക്ഷേമ നിധികളിൽ അംഗത്വം നേടുന്നതിനുവേണ്ട നടപടികൾ ചെയ്യുക.

ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തണം.

മുണ്ടാറിൽ ഒരു അംഗനവാടി സ്ഥാപിക്കുന്നതോടൊപ്പം ഒരു ലോവർ പ്രൈമറി സ്കൂളും സ്ഥാപിക്കണം.

അംഗൻവാടികളിലെ കുട്ടികൾക്കു പോഷകാഹാരത്തിനു നൽകുന്നതുക കാലോചിതമായി ഉയർത്തുക.

അനെർട്ടിലൂടെ ലഭ്യമാകുന്ന സാധനസാമഗ്രികളെക്കുറിച്ച് അറിവു പകർന്നുകൊടുക്കുക.

പഞ്ചായത്തിന്റെ തെക്കേ ഭാഗമായ പെരുന്തുരുത്തിലും വടക്കേയറ്റമായ മുണ്ടാറിലും ഓരോ മാവേലിസ്റ്റോറുകൾ ആരംഭിക്കുക.

സഹകരണ-ബാങ്കിംഗ് സ്ഥാപനങ്ങൾ സാമൂഹ്യ ബോധം ഉൾകൊള്ളുകയും ക്ഷേമപരിപാടികളുമായി പൂർണമായും സഹകരിക്കുകയും ചെയ്യുക.



5. 8.

സംസ്കാരം

ദേവാലയങ്ങളും അനൗപചാരിക വിദ്യാഭ്യാസവുമായിരുന്നു ഒരു ശതാബ്ദത്തിനു മുമ്പ് സംസ്കാര സ്രോതസ്സുകളായി ഇന്നാട്ടിൽ നിലനിന്നിരുന്നത്. വിവിധ ജാതി മത വിഭാഗങ്ങളുടെ കൂട്ടായ്മക്ക് പള്ളികളിലെയും അമ്പലങ്ങളിലെയും തിരുനാളുകളും ഉത്സവങ്ങളും കളമൊരുക്കിയിരുന്നു.

പുരാതന ക്ഷേത്രമായ കല്ലറക്കാവിലെ പടയണി മഹോത്സവത്തിൽ വിവിധ സമുദായങ്ങളുടെ കലാപ്രകടനങ്ങളായ മുടിയാട്ടം, അന്നം തുള്ളൽ, കാളകളി, പരിചമുട്ടുകളി, കോൽക്കളി, മുടിയേറ്റ് തുടങ്ങിയവ നടത്തിയിരുന്നു. പുരാതന അനുഷ്ഠാന കലയായ കളമെഴുത്തു പാട്ട് ഇന്നും നടക്കുന്നുണ്ട്. കല്ലറ പഴയപള്ളിയിൽ മാർഗ്ഗം കളി നടത്താറുണ്ട്. പുരാതന കലാവിശേഷങ്ങൾ പലതും കാലപഴക്കത്തിൽ ഇല്ലാതായി.

മൂന്നുനാലു ദശാബ്ദങ്ങൾക്കുമുമ്പ് പല അമച്വർ നാടകസംഘടങ്ങളും ഉദയം ചെയ്തു. ഇതിൽ പല കഥാപാത്രങ്ങളും ഇന്നാട്ടിലെ പ്രായം ചെന്നവരുടെ മനോമുകുരത്തിൽ ജീവസ്സുറ്റവയായി നിലകൊള്ളുന്നു. ഉദാഹരണമായി ശ്രീ. കെ. കെ. ശ്രീധരൻ നായരുടെ കമ്മത്തി, ശ്രീ. റ്റി. കെ. രാഘവന്റെ ബീരാൻ, ശ്രീ. എൻ. പീതാംബരന്റെ ആശാൻ, ശ്രീ. എ. എൻ വേലുവിന്റെ കാളകണ്ഠൻ, ശ്രീ. പി. ആർ. രവിവർമ്മ തിരുമുല്പാടിന്റെ വിശ്വാമിത്രൻ തുടങ്ങിയവ.

പ്രൊഫഷനൽ നാടക സംഘങ്ങളുടെയും സിനിമയുടെയും പ്രചാരം ഇവയ്ക്കു തിരശ്ശീലയിട്ടു കേരളീയ ദൃശ്യകലയായ കഥകളിയിലും ഈനാട് പിന്നിലായിരുന്നില്ല കഥകളി നടനായിരുന്ന കുറിച്ചി പരമേശ്വരൻ പിള്ള, കഥകളി പാട്ടുകാരനായ നാഗവള്ളിൽ തങ്കപ്പൻ നായർ, തെക്കെക്കുറ്റ് നാരായണൻ നായർ എന്നിവരുടെ പേരുകൾ സ്മരണീയമാണ്. പെരുന്തുരുത്തു കരയിൽ ഒരു കഥകളി ക്ലബ്ബും സജീവമായി പ്രവർത്തിച്ചിരുന്നു. സമീപകാലത്ത് കല്ലറ കേന്ദ്രമായി രൂപമെടുത്ത കലാരഞ്ജിനി ആർട്ട്സ് സൊസൈറ്റി വിവിധ കലാ പ്രദർശനങ്ങൾക്ക് വേദി ഒരുക്കിയിട്ടുണ്ട്. ദൃശ്യ ശ്രാവ്യമാധ്യമങ്ങളുടെ പ്രചാരം മൂലമോ ജനതയുടെ രുചിഭേദം മൂലമോ എന്തോ ഇവയുടെ പ്രവർത്തനം മന്ദീഭവിച്ചു. എന്നാൽ കല്ലറ ശാരദാക്ഷേത്രത്തിൽ എല്ലാവർഷവും നവരാത്രി സംഗീതോത്സവം മുടങ്ങാതെ നടക്കുന്നുണ്ട്.

കേരളത്തിലെ പ്രമുഖരായ കവികളും സാഹിത്യനായകന്മാരും പങ്കെടുത്ത പല സാംസ്കാരിക സമ്മേളനങ്ങളും ഈ ഗ്രാമത്തിൽ നടത്തിയിട്ടുണ്ട്. പ്രമുഖ സോഷ്യലീസ്റ്റു നേതാവായിരുന്ന ജയപ്രകാശ് നാരായണനും ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ വിനോബഭാവെയും നാലു ദശാബ്ദങ്ങൾക്കുമുമ്പ് ഈ ഗ്രാമത്തിൽ എത്തിയിട്ടുണ്ട്. വിനോബജിയുടെ ഭൂദാനപ്രസ്ഥാനത്തിൽ ആവേശം കൊണ്ട് പല വ്യക്തികളും ഭൂദാനം, ജീവൻ ദാനം തുടങ്ങിയവ നടത്തുകയുണ്ടായി. പ്രമുഖ സ്വാതന്ത്ര്യ സമര ഭടനായിരുന്ന ശ്രീ. കുറിച്ചി രാമൻ പിള്ളയുടെ ജന്മദേശം കല്ലറയാണ്. സർവ്വോദയ പ്രസ്ഥാനം, മദ്യവർജ്ജന സമിതി, ഖാദി ഗ്രാമവ്യവസായം എന്നീ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന വ്യക്തിയായിരുന്നു ശ്രീ. ഒ.കെ. പരമേശ്വരൻ പിള്ള.

സാംസ്കാരിക രംഗത്ത് ഗ്രന്ഥശാലകളുടെ സ്ഥാനം അദ്വിതീയമാണ്. 1945-ൽ ആണ് തിരുവിതാംകൂറിൽ ഗ്രന്ഥശാലാ പ്രസ്ഥാനം രൂപം കൊണ്ടത്. ഇതേകാലയളവിൽ തന്നെ കല്ലറ ദേശസേവിനി ഗ്രന്ഥശാല പ്രവർത്തനം ആരംഭിച്ചു. ഉദയം പേരൂർ ഗ്രന്ഥശാലയുടെ പ്രവർത്തനം നിലച്ചപ്പോൾ അതിന്റെ പുസ്തകങ്ങളും ഫർണിച്ചറും ഈ ഗ്രന്ഥശാലക്ക് മുതൻ കൂട്ടായി. ആദ്യത്തെ പ്രസിഡൻറ് ശ്രീ.

രവിവർമ്മ തിരുമുൽപ്പാടും സെക്രട്ടറി ശ്രീ. ബാലകൃഷ്ണപിള്ളയും ആയിരുന്നു. 1951-ൽ ആണ് ഈ ഗ്രന്ഥശാല രജിസ്റ്റർ ചെയ്തത്. ശ്രീ മാണിക്കവിലാസം സ്കൂളിന്റെ രജതജൂബിലി സ്മാരകമായി 1950-ൽ സ്ഥാപിച്ച ഗ്രന്ഥശാലയാണ് എസ്. എം. വി. ജൂബിലിസ്മരക ഗ്രന്ഥശാല ഇതിന്റെ സ്ഥാപകനും ആദ്യത്തെ പ്രസിഡൻറും കല്ലറയിൽ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ വിലപ്പെട്ട സംഭാവന നൽകിയ യശ:ശരീരനായ ശ്രീ കെ.ആർ. ബാലകൃഷ്ണപിള്ള ആയിരുന്നു. ഇതിനു ശേഷം പെരുന്തുരുത്തിൽ പ്രഭാത് ലൈബ്രറി ആൻറ് റീഡിംഗ് ക്ലബ്ബ്, സ്ഥാപിക്കപ്പെട്ടു. കൃഷി പുസ്തകകോർണർ, സ്പോർട്സ് ക്ലബ്ബ് തുടങ്ങിയവയും ഗ്രന്ഥ ശാലകളുടെ പ്രവർത്തന പരിധിയിൽ ഉണ്ട് എന്നാൽ ഇക്കാലത്ത് വായനാശീലം പൊതുവേ കുറഞ്ഞു വരുന്നതായി കാണപ്പെടുന്നു.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ പല ക്ലബ്ബുകളും കായിക, കലാരംഗത്തും സാമൂഹ്യ രംഗത്തും പ്രവർത്തിച്ചുവരുന്നുണ്ട്. 7-ാം വാർഡിലെ ഫ്രണ്ട്സ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, 8-ാം വാർഡിലെ ഉദയ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ് ഇവ ഓണം, ക്രിസ്തുമസ് കാലങ്ങളിൽ കലാകായിക മത്സരങ്ങൾ നടത്തുകയും സാമൂഹ്യ സേവന രംഗങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രഭാത് ലൈബ്രറിയോട് അനുബന്ധിച്ചുള്ള ക്ലബ് സാക്ഷരതാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഇതിനു പുറമെ 6-ാം വാർഡിൽ എസ്. എൻ. ക്ലബ്, 1-ാം വാർഡിൽ തൂലിക, 5-ാം വാർഡിൽ മുല്ലമംഗലം ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ് 5-ാം വാർഡിലെ സൂര്യാ ആർട്സ്ക്ലബ്ബ് തുടങ്ങിയവയും ഉണ്ട്. മുല്ലമംഗലം ക്ലബ്ബിനോടനുബന്ധിച്ച് വനിതാ സമാജവും പ്രവർത്തിച്ചുവരുന്നു. ഇവയിൽ ചില ക്ലബുകൾക്ക് സ്വന്തമായി കെട്ടിടമില്ല. അടുത്ത കാലത്ത് 'സഹൃദയവേദി' എന്ന ഒരു സാംസ്കാരിക സംഘടനയും ഉദയം ചെയ്തിട്ടുണ്ട്.

ഈ നാട്ടിലെ ജനസംഖ്യയിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും മാത്രമാണ് ഉൾക്കൊള്ളുന്നത്. ഈ ഗ്രാമത്തിന്റെ സവിഷേത ഇവിടെ കാണപ്പെടുന്ന സാമുദായിക സൗഹാർദ്ദവും രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സഹകരണവുമാണ്. മണ്മറഞ്ഞ തലമുറയുടെ സാമൂഹ്യ-സാംസ്കാരിക പാരമ്പര്യം വർത്തമാന-ഭാവി തലമുറയ്ക്ക് ഒരു ദീപസ്തംഭമാണ്.

പ്രശ്നങ്ങളും നിർദ്ദേശങ്ങളും


1. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന എസ്. എം. വി. ജെ. എസ്. ഗ്രന്ഥശാലക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ ഏഴായിരത്തിലധികം പുസ്തകങ്ങൾ ഉണ്ടെങ്കിലും 'എ' ഗ്രയിഡിനുള്ള ഗ്രാൻറ് ലഭിക്കുന്നില്ല. ചന്തപ്പറമ്പിനു സമീപം 2-ാം വാർഡിൽ വില്ലേജ് ഓഫീസ് പണിയുന്നതിനു വേണ്ടി നീക്കി വെച്ചിരിക്കുന്ന സ്ഥലത്ത് ഒരു കെട്ടിടം പണിത് മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കുക.
2. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഓരോ ഗ്രന്ഥ ശാലകൾ ആരംഭിക്കുക.
3. നിലവിലുള്ള ഗ്രന്ഥ ശാലകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വാർഡുമെമ്പറന്മാർ രക്ഷാധികാരികളായി യഥാസമയം തെരഞ്ഞെടുപ്പു നടത്തി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുക.
4. വാർഡുമെമ്പറന്മാരുടെ അംഗീകരാത്തോടെ മാത്രം പുതിയ അംഗങ്ങളെ ചേർക്കുക. പുസ്തകം നഷ്ടപ്പെടുത്തുന്നവരോട് നഷ്ടപരിഹാരം ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കണം.
5. ആനുകാലിക പ്രസിദ്ധീകരണങ്ങളും ഫർണിച്ചറും പുസ്തകങ്ങളും വാങ്ങുന്നതിന് പഞ്ചായത്തിൽ നിന്നും ഗ്രന്ഥശാലകൾക്ക് ഗ്രാൻറുനൽകണം.
6. സാംസ്കാരിക നിലയത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടം അതിനു പ്രയോജനപ്പെടുത്തുക. ഹോമിയോ ആശുപത്രി ആ കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കുക.
7. ഗ്രന്ഥശാലകളോടെ ക്ലബ്ബുകളോടോ അനുബന്ധിച്ച് എല്ലാ വാർഡുകളിലും സാംസ്കാരിക നിലയങ്ങൾക്കു വേണ്ടി ഹാളുകൾ നിർമ്മിക്കുകയും സാഹിത്യചർച്ചകൾ കവിയരങ്ങുകൾ അക്ഷരശ്ലോകസദസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുക.
8. അന്യം നിന്ന പ്രാചീനകലകൾ പുനരുദ്ധരിക്കുക.
9. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും ഗ്രന്ഥ ശാലകളിൽ വനിതകളെ കൂടുതലായി അംഗങ്ങളായി ചേർത്ത് അവരിൽ വായനാശീലം വളർത്തുകയും ചെയ്യുക.
10. ആസ്ഥാനമില്ലാത്ത ക്ലബ്ബുകൾക്ക് കെട്ടിടം പണിയുന്നതിന് സഹായം നൽകണം.
11. പഞ്ചായത്തുതലത്തിൽ കായിക കലാമത്സരങ്ങൾ നടത്തുവാൻ പദ്ധതി ആസൂത്രണം ചെയ്യുക.


12. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണം.

13. നീന്തൽ പരിശീലത്തിന് ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക.

14. പുകവലി നിർമ്മാർജ്ജനം, മദ്യനിരോധനം എന്നിവ നടപ്പിൽ വരുത്തുക.

വസ്ത്രം, പാർപ്പിടം, ആഹാരം എന്നിവയോടൊപ്പം മനുഷ്യന്റെ സമഗ്രമായ വികസനത്തിന് ശാരീരികവ്യായാമവും കലാപ്രവർത്തനങ്ങളും ഒഴിച്ചുകൂടാൻ വയ്യാത്ത ഘടകങ്ങളാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും കായിക പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ കളിസ്ഥലങ്ങളും ജലാശയങ്ങളും ധാരാളമുള്ള ഈ പ്രദേശത്ത് ഒരു സ്വിമ്മിംഗ് പൂളും വിശ്രമത്തിനും വിനോദത്തിനുമായി ഒരു പാർക്കും നിർമ്മിക്കേണ്ടത് ആവശ്യമാണ്. കേരളത്തിൽ പല ഗ്രാമങ്ങളും പുകയില, മദ്യം എന്നിവയുടെ ഉപയോഗത്തിൽ നിന്നും പൂർണ്ണമായി മുക്തിനേടിയിട്ടുണ്ട്. സമൂഹത്തിന് ശാപമായ ഈ വക കാര്യങ്ങളിൽ നിന്നും ഈ ഗ്രാമവും മുക്തി നേടുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഗ്രമങ്ങൾ ആരംഭിക്കേണ്ടതാണ്.





5. 9.

വനിതാക്ഷേമം

നമ്മുടെ സമൂഹത്തിൽ വനിതകൾക്ക് അനുഭവിക്കേണ്ടി വരുന്ന വേദനകളും ദുരിതങ്ങളും അനവധിയാണ്. ദരിദ്ര മഹാഭൂരിപക്ഷം നേരിടുന്ന എല്ലാ ചൂഷണങ്ങൾക്കും വിധേയരാകുന്നതോടൊപ്പം സ്ത്രീയെന്ന നിലയിൽ അനുഭവിക്കേണ്ടിവരുന്ന മർദ്ദനവും അവഹേളനവും അടിമത്തവും ഏറെയാണ്. ഇതിനെതിരെ വനിതാ വിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ അവർ അനുഭവിച്ചു പോരുന്ന ഇരട്ടചൂഷണം അറിയാതെ വീടുകളിൽ ഒതുങ്ങിക്കൂടുന്ന പ്രവണതയാണ് ദൃശ്യമാകുന്നത്. ജനസംഖ്യയുടെ പകുതിയോളം വരുന്ന ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ടല്ലാതെ യാതൊരു സാമൂഹ്യമാറ്റവും കൈവരിക്കാൻ കഴിയില്ല.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ മുൻകാലഘട്ടങ്ങളിലെപോലെ തന്നെ ഇന്നും സ്ത്രീ പങ്കാളിത്തം കുറവാണ്. രാഷ്ട്രീയരംഗത്തോ, സാംസ്കാരിക പ്രവർത്തനരംഗത്തോ സ്ത്രീ നേതൃത്വമില്ലായെന്നു തന്നെ പറയാം. ആഘോഷങ്ങളിലും സ്ത്രീപങ്കാളിത്തം പൊതുവെ കുറവാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ, അരശതാബ്ദത്തിനു മുമ്പ് വരെ നിലനിന്നിരുന്ന ഒരു ആചാരമായിരുന്നു പെൺകുട്ടികളുടെ താലികെട്ടുകല്ല്യാണം. അഥവാ വീടുകെട്ടുകല്ല്യാണം. യഥാർത്ഥ കല്യാണത്തേക്കാൾ ഈ കെട്ടുകല്ല്യാണത്തിനു വളരെയധികം പ്രാധാന്യം നൽകിയിരുന്നു കുടിപള്ളിക്കൂടങ്ങളിലൂടെയായിരുന്നു പെൺകുട്ടികളുടെ ആദ്യകാല വിദ്യാഭ്യാസം. ഇതുതന്നെ അധഃസ്ഥിതവിഭാഗങ്ങൾക്ക് അപ്രാപ്യമായിരുന്നു. വിദ്യാഭ്യാസം നേടണ്ടതിന്റെ ആവശ്യകത സമൂഹത്തിന് അറിയില്ലായിരുന്നു. പൊതു വിദ്യാഭ്യാസരംഗത്ത് ഇന്നു നല്ല നിലയിൽ പ്രവർത്തിച്ചു പോരുന്ന എസ്.എം.വി.എൻ.എസ്.എസ്. ഹൈസ്കൂൾ ആരംഭിച്ചത് പെൺകുട്ടികൾക്കായുള്ള വിദ്യാലയമായിട്ടായിരുന്നുവെന്നത് വിരോധാഭാസമായിതോന്നാം.

പഞ്ചായത്തിൽ 6462 സ്ത്രീകളും 6529 പുരുഷന്മാരുമാണുള്ളത്. സ്വാതന്ത്ര്യ പൂർവ്വകാലഘട്ടത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പരിമിതമായ സൗകര്യങ്ങളാണ് ലഭിച്ചിരുന്നതെങ്കിൽ ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സൗകര്യങ്ങളുമില്ലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ ജോലി അടുക്കളജോലിയിലൊതുങ്ങി. പെൺകുട്ടികളെ സ്ക്കൂളിലെത്തിക്കാൻ യശഃശരീരയായ ശ്രീമതി മാണിക്യത്തമ്മ തുടങ്ങിയവർ നേതൃത്വപരമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസസിദ്ധിയിലൂടെ തൊഴിൽ മേഖലയിൽ അല്പമാത്രമായ പങ്കാളിത്തം നേടുന്നതിന് അക്കാലത്തു കഴിഞ്ഞു. ഇന്നും ഉന്നത ജോലികളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്കൂൾ, കോളേജ് അധ്യാപനരംഗത്തു മാത്രമാണ് സ്ത്രീപങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലുള്ളത്.

പട്ടിക (5.9) 1

ആകെ എണ്ണം	പ്രധാനം A 367	ഭാഗികം 377	ആകെ A 916
സ്ത്രീകൾ	1319	205	1696
പുരുഷൻ	3048	172	3220
തൊഴിൽ പങ്കാളിത്ത നിരക്ക്			
പുരുഷൻ	48.67%		ആകെ 37.41%
സ്ത്രീ	26.81%		

പട്ടികയിൽ നിന്നും വ്യക്തമാവുന്നത് തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായ ക്രൂരമായ അവഗണന നിലനില്ക്കുന്നുവെന്നാണ്. സ്ത്രീകൾ ക്കെതിരായി നില്ക്കുന്ന ശക്തികളെ നേരിട്ടു പരാജയപ്പെടുത്തിക്കൊണ്ട് സ്ത്രീയെ എല്ലാ നിലയിലും ശക്തയാക്കിക്കൊണ്ടു മാത്രമേ സമൂഹഭദ്രത കൈവരിക്കാനാവൂ. ഇതു സാധ്യമാവണമെങ്കിൽ പൊതുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം വളരെയധികമാവേണ്ടതുണ്ട് ജനാധിപത്യ മഹിളാ അസ്സോസിയേഷന്റെ മൂന്നു യൂണിറ്റുകളും കേരള മഹിളാ സംഘത്തിന്റെ ഒരു യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു കൂടാതെ വിവിധ സാമൂദായികസംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളും ഉണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ യൂണിറ്റുകളിൽ സജീവമായി പ്രവർത്തിക്കുന്ന വനിതാഅംഗങ്ങളും പഞ്ചായത്തിലുണ്ട്. എന്നാൽ 80-കളുടെ അവസാനത്തിൽ നടത്തപ്പെട്ട സാക്ഷരതായജ്ഞത്തിലും ഇപ്പോൾ സജീവമായി നടന്നുവരുന്ന യൂറീക്കാ-ശാസ്ത്രകേരളം വിജ്ഞാനോത്സവത്തിലും സമതാ കലാജാഥാസംഘാടനത്തിലും വനിതാശില്പശാലയിലുമൊക്കെ നേതൃത്വപരമായ പങ്ക് വഹിക്കാൻ വനിതകൾ മുന്നോട്ട് വന്നിരുന്നു. ഇപ്പോൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിൽ ഈ പങ്കാളിത്തം നിലനിർത്താൻ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്.

വനിതകളുടെ മാത്രമായി - തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. - D.W.C.R.A യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. പല കുടുംബങ്ങളിലും യഥാർത്ഥ കുടുംബനാഥകൾ സ്ത്രീകൾആണ്. പ്രീ -ഡിഗ്രി തലംവരെ പഠനത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികൾ ആണ് മുൻപിൽ. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ഥിതി മറിച്ചാണ്. സാക്ഷരതായജ്ഞത്തിലൂടെ സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യാൻ ഒരു പരിധിവരെ കഴിഞ്ഞിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കാതിരുന്നതിനാൽ സ്ത്രീകൾ വീണ്ടും നിരക്ഷരതയുടെ പിടിയിലകപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള കടന്നാക്രമണങ്ങൾ പൊതുവേ പഞ്ചായത്തിൽ കുറവാണെങ്കിലും ബസ്സുകളിൽ തീയേറ്ററുകളിൽ ഓഫീസുകളിൽ ഒക്കെ ചെറിയതോതിലെങ്കിലും സ്ത്രീ പീഡിപ്പിക്കപ്പെടുന്നുണ്ട്. സ്ത്രീ പീഡനക്കേസുകളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

1. കല്ലറ പഞ്ചായത്തിലെ വനിതാക്ഷേമത്തിന് വെല്ലുവിളിയായി നിലനിൽക്കുന്ന മുഖ്യ പ്രശ്നം തൊഴിൽ മേഖലയെ സംബന്ധിച്ചുള്ളതാണ്. കാർഷിക മേഖലയിലാണ് ഭൂരിപക്ഷം സ്ത്രീകളും തൊഴിലെടുക്കുന്നത്. കാർഷികമേഖല ഒരു തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ ഉള്ള തൊഴിൽ നിലനിത്തുന്നതിന് സ്ത്രീകൾ പാടുപെടുന്നു. അതുപോലെ ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുകയും ചെയ്യുന്നു. വിദ്യാലയങ്ങളിൽ മാത്രം ആണ് വിവേചനം ഇല്ലാത്തത്.

പട്ടിക (5.9) 2

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ
കൃഷിപ്പണിണി	80/100	40/60
നിർമ്മാണത്തൊഴിൽ	100/1 25	80/100
തയ്യൽ	50/80	30 /50

2. സാമൂഹ്യരംഗത്ത് വളരെ പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുകൊണ്ടു വന്നാലേ പൊതു ജീവിത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്ക്വഹിക്കാൻ കഴിയൂ. ഏറ്റെടുക്കുന്ന ജോലി ഭംഗിയായും തൃപ്തികരമായും പൂർത്തീകരിക്കുവാൻ കഴിയുമെങ്കിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ സ്ത്രീകൾ പൊതുവേ വിമുഖതകാട്ടാറുണ്ട്. അതുപോലെ സ്ത്രീകളെ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുവാൻ പുരുഷന്മാർ മടികാണിക്കാറുണ്ട്. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കന്നതിനുള്ള ആത്മവിശ്വാസക്കുറവാകാം സ്ത്രീകളുടെ പ്രശ്നം. സമൂഹത്തിലെ പാതിവരുന്ന വിഭാഗം ആണ് സ്ത്രീകളെന്നും അതുകൊണ്ടുതന്നെ പുരുഷന്മാർക്കുള്ള സകലവിധ അവകാശാധികാരങ്ങൾക്കും തങ്ങൾ അർഹരാണെന്നബോധം സ്ത്രീകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പുരുഷനുള്ളതുപോലെ തന്നെ ബുദ്ധിയും സാമർത്ഥ്യവും തങ്ങളും ആർജ്ജിച്ചിട്ടുണ്ടെന്നും അത് പ്രകടിപ്പിക്കാനുള്ള ഇഛാശക്തി തങ്ങൾക്കും ഉണ്ടെന്ന് സ്ത്രീതെളിയിക്കേണ്ടിയിരിക്കുന്നു.
3. സമൂഹത്തിലെ പുരുഷമേധാവിത്വം പ്രധാന പ്രശ്നം ആണ്. പുരുഷൻ മദ്യപിച്ചതിനുശേഷമുള്ള പീഡനങ്ങൾ മറുവശത്തും.
4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം പലപ്പോഴും സ്ത്രീകൾക്ക് ലഭിക്കുന്നില്ല. തൊഴിൽ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾ അജ്ഞരാണ്. പരിശീലനത്തിന് സൗകര്യങ്ങളും ഇല്ല.
5. സർക്കാരും വിവിധ ഏജൻസികളും നടത്തുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് സ്ത്രീകൾക്ക് വ്യ

ക്തമായ അറിവില്ല.

6. വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് വേണ്ടത്ര ഭൗതിക സൗകര്യങ്ങൾ ഇല്ല.
7. പഠനപ്രവർത്തനങ്ങളിൽ ഒഴിച്ച് പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം തീരെയില്ല. കലാകായികരംഗങ്ങളിലൂടെ വളർന്നു വന്ന വനിതകൾ ആരുംതന്നെ പഞ്ചായത്തിൽ ഇല്ലെന്നു പറയാം.
8. പൊതുവിദ്യാഭ്യാസം നേടുന്നതിൽ ആൺകുട്ടികളോടൊപ്പം പെൺകുട്ടികളും ഉണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരത്തിന്റെ കാര്യത്തിൽ പെൺകുട്ടികൾ പിന്നിലാണ്. അതുകൊണ്ട് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടുതലായി കണ്ടുവരുന്നു.
9. 'തുല്യജോലിക്ക് തുല്യവേതനം' എന്നത് ഏട്ടിലെ പശുവാണ്. പഞ്ചായത്തിലെ കൂലിനിരക്കുകൾ പലസ്ഥലത്തും പലതാണ്. തൊഴിൽ തർക്കങ്ങളും കൂലിത്തർക്കങ്ങളും ഉണ്ടാവാറുണ്ട്.
10. മാദ്ധ്യമങ്ങളിലൂടെയുള്ള കടന്നാക്രമണം സ്ത്രീകളെ കൂടുതൽ കൂടുതൽ അപകർഷതാബോധമുള്ള വരാക്കിത്തീർക്കുന്നു.

ആദ്യമായി സ്ത്രീപ്രശ്നങ്ങളെ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കയും ആണ് വേണ്ടത്. ഇന്ന് ഏതു സമൂഹത്തിന്റെയും രീതിതന്നെയാണിത്. അങ്ങനെ വിമോചനത്തിനുള്ള മാർഗ്ഗം അവകാശസംരക്ഷണ സമരമാണെന്ന് സ്ത്രീ തിരിച്ചറിയേണ്ടതുണ്ട്.

സാദ്ധ്യതകൾ

1. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ വർധിച്ച പങ്കാളിത്തമുണ്ടാക്കാൻ അവർക്കായി പ്രത്യേക ബോധവത്കരണ പരിശീലനപരിപാടികൾ നടത്തുക.
2. പൊതുരംഗത്ത് കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ പ്രസ്ഥാനങ്ങളുടെ നേതൃനിരയിലേക്ക് കൊണ്ടുവരിക.
3. പൊതുപ്രവർത്തനരംഗത്ത് അല്പമാത്രമായുള്ള പരിചയമാണെങ്കിൽപോലും ഉള്ളമുമ്പരിചയം പുതിയതലമുറയ്ക്ക് പങ്കുവയ്ക്കാൻ വനിതകൾ തയ്യാറാകുക. ഇതിലൂടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള ആത്മവിശ്വാസം വനിതകളിൽ ഉണ്ടാകാം.
4. പഞ്ചായത്ത് തലത്തിൽ വനിതകൾക്കായി ഒരു സമിതി രൂപീകരിക്കുക. ഇതിന്റെ നേതൃത്വത്തിൽ പരിശീലനം, ബോധവത്കരണം, കലാകായിക മത്സരങ്ങൾ ഒക്കെ സംഘടിപ്പിക്കാൻ കഴിയും.
5. സ്ത്രീകൾക്കുമാത്രമായുള്ള സഹകരണസംഘങ്ങൾ സ്ഥാപിക്കുക - തൊഴിൽ സംരഭങ്ങളും - ഉദാ: - റെഡിമെയ്ഡ് ഗാർമെന്റ്സ്, പലഹാരനിർമ്മാണം, കറിപൗഡർ, നാളികേരം ഉല്പന്നങ്ങൾ, പാൽ ഉല്പന്നങ്ങൾ, നെല്ല് പുഴുങ്ങികുത്ത്, പച്ചക്കറിതോട്ടം etc
6. പഞ്ചായത്തിലെDWCRA യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുക.
7. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളുടെ സംരക്ഷണാർത്ഥം വിവിധ വാർഡുകളിൽ ഡെ.കെയർ സെൻററുകൾ സ്ഥാപിക്കുക.
8. തൊഴിലധിഷ്ഠിത കോഴ്സുകൾ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

നിർദ്ദേശങ്ങൾ

1. കാർഷികമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരം നേടുകയും ചെയ്യുക. അങ്ങനെ തൊഴിൽ ഉറപ്പുവരുത്തുക.
2. ഉല്പാദനപരമായ സ്വയം തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കായി തുടങ്ങുക.
3. പഞ്ചായത്ത് തലത്തിൽ വനിതാ വേദി രൂപീകരിക്കുക. അതിന്റെ കീഴിൽ മാതൃസംഗമം സമിതികൾ, മറ്റു വനിതാ സമാജങ്ങൾ തുടങ്ങിയവ പ്രവർത്തിപ്പിക്കുക.
4. സഹകരണസംഘങ്ങൾ രൂപീകരിക്കുക.
5. മുണ്ടാറിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സബ് സെൻറർ പ്രവർത്തിപ്പിക്കുക.
6. മുണ്ടാറിൽ രെു ലോവർ പ്രൈമറി സ്കൂൾ ആരംഭിക്കുക.
7. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും വനിതകളെ അവിടെ എത്തിച്ച് വായനാശീലം വളർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
8. തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
9. സ്ത്രീകൾക്കായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
10. സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തുക.

11. മാധ്യമങ്ങളിലൂടെ സ്ത്രീയെ അവഹേളിക്കുന്ന പരസ്യങ്ങളും മറ്റും നിരോധിക്കുക.

12. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുകയും പഠനോപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

13. രക്ഷാകർതൃസമിതികൾ, മാതൃസംഗമ സമിതികൾ എന്നിവ ശക്തിപ്പെടുത്തികൊണ്ട് പെൺകുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധ്യതകൾ വർധിപ്പിക്കുക.

14. ബാലവാടികൾ അല്ലെങ്കിൽ അംഗനവാടികൾ ഇല്ലാത്ത എല്ലാ വാർഡുകളിലും ഇവ സ്ഥാപികകുക.

15. എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീപ്രൈമറി സ്കൂളുകൾ സ്ഥാപിക്കുക.

16. മുണ്ടാറിലും പെരുംതുരുത്തിലും ഓരോന്നും കല്ലറയിൽ രണ്ടു വാർഡുകൾക്ക് ഒന്ന് എന്ന നിലയിലും ഡെ കെയർ സെൻററുകൾ സ്ഥാപിക്കുക. - (ശിശുസംരക്ഷണാലയങ്ങൾ)

17. സാക്ഷരതാ തുടർപരിപാടികൾ നടപ്പിലാക്കുക.

18. സാമ്പത്തിക പരാധീനതകൾമൂലം പഠനം നിർത്തേണ്ടിവന്ന പെൺകുട്ടികളെ കണ്ടുപിടിച്ച് തുടർവിദ്യാഭ്യാസത്തിന് ഏർപ്പാടുണ്ടാക്കുക.

19. S S L C, P D C തുടങ്ങിയ പരീക്ഷകൾക്ക് തോറ്റ് പഠിത്തം നിർത്തിയ പെൺകുട്ടികളെ വീണ്ടും പരീക്ഷയെഴുതുവാൻ പ്രേരിപ്പിക്കുക വേണ്ട സഹായം ചെയ്തുകൊടുക്കുകയും വേണം.

21. കുടുംബക്ഷേമ മാർഗങ്ങൾ സ്ത്രീകൾമാത്രം സ്വീകരിക്കുന്ന രീതിമാറ്റി പുരുഷന്മാർ അവ സ്വീകരിക്കുന്നതിനുവേണ്ട ബോധവത്ക്കരണം നടപ്പാക്കുക.

22. പഞ്ചായത്തിലെ മുഴിവൻ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.


23. വനിതാവികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വനിതകൾക്ക് ലഭ്യമാകാവുന്ന ധനസഹായപദ്ധതികളെക്കുറിച്ച് അറിവു പകരുക.

24. പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്ന ബസുകൾ മത്സരയോട്ടം നിറുത്തി സമയനിഷ്ഠ പാലിച്ച് യാത്രാത്തിരക്ക് കുറയ്ക്കുവാൻ നടപടികൾ സ്വീകരിക്കുക. ഇങ്ങനെ സ്ത്രീകൾ ബസുകളിൽ അനുഭവിക്കുന്ന പീഡനങ്ങൾക്ക് അറുതി വരുത്തുക. ബസിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്ന 40% സീറ്റുകൾ അവർക്കുതന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുക.

24. സ്ത്രീകൾക്കായി ജോലി സംവരണം ഏർപ്പെടുത്തുക.

25. ധനസഹായത്തുകകൾ / പെൻഷൻ തുകകൾ ഒക്കെ കാലോചിതമായി വർധിപ്പിക്കുക.

26. ആശുപത്രികളിൽ എത്തുന്ന രോഗികളിലധികവും സ്ത്രീകളാണ്. പഞ്ചായത്തു പ്രദേശത്ത് ഒരു കുടുംബക്ഷേമകേന്ദ്രം സ്ഥാപിച്ച് പഞ്ചായത്തിലെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം നേടുക.



5. 10.

സഹകരണരംഗം

കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി, കല്ലറ പഞ്ചായത്തിലും സഹകരണസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 1099 ധനുമാസം 12-ാംതീയതി അന്നത്തെ തിരുവിതാംകൂർ റഗുലേഷൻ പ്രകാരം സ്വദേശസംരക്ഷിണി കല്ലറ പരസ്പരസഹായസംഘം നമ്പർ 582 എന്ന പേരിലായിരുന്നു ഈ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്. ക്ലിപ്തരഹിതതയോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമായിരുന്നു ഇത്.

അക്കാലത്ത് ഈ സംഘത്തിന്റെ പ്രവർത്തനത്തിൽ മുൻപന്തിയിലുണ്ടായിരുന്നത് ചീങ്ങനാപുരത്ത് ഗോവിന്ദപിള്ള, മുതൽ പേരായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തിനുശേഷം, ശ്രീ.കെ.കെ.ശ്രീധരൻ നായർ, ഏ.എൻ വേലു തുടങ്ങിയവർ ഇതിന്റെ നേതൃത്വം ഏറ്റെടുക്കുകയുണ്ടായി. എന്നാൽ പഴയകാലത്തേപ്പോലെ തന്നെയായിരുന്നു ഇതിന്റെ പ്രവർത്തനം തുടർന്നു പോന്നിരുന്നത്. ഇത്തരത്തിൽ ഒരു കാര്യംകൂടി ഓർമ്മയിൽ വരുന്നത് ഇവിടെ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. അന്ന് ഇവിടെയുള്ള ഹരിജനങ്ങൾക്കു മാത്രമായി ഒരു ഹരിജൻ സൊസൈറ്റി നിരപ്പേൽ ശ്രീ കുഞ്ഞിലാന്റെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്നു ടിസാഥാപനം കാലക്രമേണ ഇല്ലാതായി.

1963ൽ 3123-ാം നമ്പർ കല്ലറ വില്ലേജ് സർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ ഒരു സ്ഥാപനംകൂടി രജിസ്റ്റർ ചെയ്തു. 1963ൽ ഗവൺമെൻറിന്റെ പരിഷ്കാരം നടപ്പിൽ വന്നതോടുകൂടി എല്ലാ സംഘങ്ങളേയും സർവ്വീസ് സഹകരണസംഘങ്ങളാക്കി മാറ്റി. കർഷകർക്കു വളം കീടനാശിനി എന്നിവ മുൻ പറഞ്ഞ 582-ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിൽ കൂടിയായിരുന്നു വിറ്റുകൊണ്ടിരുന്നത്. ആദ്യമായി ഈ സംഘത്തിനാണ് കല്ലറയിൽ FACT യുടെ വളക്കടക്ക് ലൈസൻസ് കിട്ടിയത്. ആദ്യകാലങ്ങളിൽ നാമമാത്രമായ കാർഷിക വായ്പവിതരണം മാത്രമേയുണ്ടായിരുന്നുള്ളു. ക്രമേണ സ്വർണ്ണപണയ വായ്പ നിക്ഷേപപദ്ധതികൾ, പദ്ധതി വായ്പകൾ എന്നീ വായ്പകൾ വിതരമം ചെയ്തുതടങ്ങി.

582-ാം നമ്പർ സർവ്വീസ് ബാങ്കിന്റേയും, 3123-ാം നമ്പർ കല്ലറ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിന്റേയും പ്രവർത്തനപരിധി പുനർനിർണ്ണയം ചെയ്തുകൊണ്ട് 12.7.1972ൽ ഗവൺമെൻറുത്തരവുണ്ടായയെങ്കിലും പഴയ രീതിയിൽ തന്നെ അംഗങ്ങളെ ചേർത്തുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ 8 വാർഡുകളിൽ 1, 2, 3, 4, എന്നീ വാർഡുകളും 5-ാം വർഡിന്റെ ചെരുംതുരുത്ത് പോസ്റ്റ് ഒഴിവുള്ള ഭാഗവും 58-ാം നമ്പർ ബാങ്കിനും 6, 7, 8 വാർഡുകളും 5-ാം വാർഡിന്റെ പെരുംതുരുത്ത് പോസ്റ്റൽ അതിർത്തിയും 3123-ാം നമ്പർ ബാങ്കിനുമാണ്. 1-ാം വാർഡിന്റെ "മുണ്ടാർ പ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് മുണ്ടാർ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നംമ്പർ 3311 എന്ന പേരിൽ" വേറൊരു സംഘംകൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

2, 6, 8 എന്നീ വർഡുകളിൽ ഓരോക്ഷീര വ്യവസായസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 5-ാം വാർഡിൽ റബ്ബർ ഉൽപാദകസഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണാശുപത്രി പ്രവർത്തനരഹിതമാണ്.

കല്ലറപഞ്ചായത്തിലെ 3-ാം വർഡിൽ തന്നെ ഒരു കൂട്ടുകൃഷി സഹകരണസംഘവും, ഒരു ബാംബൂ കെയൻ വർക്കേഴ്സ് സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സഹകരണബാങ്കുകളുടെ പ്രവർത്തനം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 വായ്പാസംഘങ്ങളും വിവിധയിനം വായ്പകൾ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വളം, കീടനാശിനി, കൺസ്യൂമർ മാവേലിസ്റ്റോറുകൾ, IRDP വായ്പകൾ, മറ്റുകാർഷികേതര വായ്പകൾ എന്നീ മേഖലകളിൽ മേൽപറഞ്ഞ ബാങ്കുകൾ പ്രവർത്തിക്കുന്നു. ഉൽപാദന വിപണനരംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഇവിടത്തെ സാധാരണകർഷകർക്ക് കൂടുതൽ പ്രയോജനം കിട്ടുന്നതിന് അത്യന്താപേക്ഷിതമാണ്. ഈ പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സഹകരണാശുപത്രിയുടെ ശോച്യാവസ്ഥ എത്രയും വേഗം പരിഹരിക്കേണ്ടതായും ഉണ്ട്.

വായ്പാ സഹകരണസംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധ	വ്യക്തി അംഗത്വം	ഓഹരി മൂലധനം	IMBP	നിക്ഷേപം	കാർഷികം	കാർഷികേതരം	പ്രവർത്തന മൂലധനം	കുടിശ്ശിക	ലാഭം	നഷ്ടം	ജീവനക്കാർ സ്ഥിരം	മാറ്റമുള്ളവർ
കല്ലറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 582 കല്ലറ സൗത്ത് പി.ഒ	15.7.1099 (ME)	കല്ലറ പഞ്ചായത്ത് വാർഡ് 1, 2, 3, 4, 5 നെറ കല്ലറസൗത്ത് ഭാഗവും	2950	501130	75000	4672100	1265980	2620398	8 ലക്ഷം	2000000	-		5	ഇല്ല
3123-ാം നമ്പർ കല്ലറ വില്ലേജ് സഹകരണ ബാങ്ക് ക്ലിപ്തം	4.3.51	കല്ലറപഞ്ചായത്ത് 6,7,8; 5-ാം വർഡിന്റെ 1 ഭാഗവും	3621	626210	50000/-	10320805	4238843	5218618	16518692	2444895	-		8	ഇല്ല
എസ്.സി.ബി നമ്പർ 3311 മുണ്ടാർ	21.4.1954	മുണ്ടാർ ഭാഗം	1850	173590	5000	195790	640474	-	864741	517000	-		2	ഇല്ല

ക്ഷീരസംഘങ്ങൾ

സംഘത്തിന്റെ പേര്	ശേഖരിക്കുന്ന പാൽ Lir/Year	പ്രദേശത്ത് പാൽ Lir/Year	പുറത്തേക്ക് വിൽക്കുന്ന പാൽ Lir/Year	അംഗങ്ങൾ കൊടുക്കുന്ന
K.122 (D) പെരുംതുരുത്ത് ക്ഷീരോൽപാദക സംഘം	93358	36851	56506	314
കല്ലറസൗത്ത് ക്ഷീരോൽ പാദകസംഘം NoK.122 (D)	136032	57314	78718	386
റബർഉൽപാദക സഹ.സംഘം KRPCS No. 38/93				
കല്ലറ നോർത്ത് ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ കെ. 5 (1)	36453	13968	22485	
ആകെ അംഗങ്ങൾ	144			
ഉല്പാദിപ്പിക്കുന്ന റബ്ബർ ആണ്ടിൽ	20000 kg			

സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

വായ്പാസംഘങ്ങൾ നേരിടുന്ന പ്രധാനപ്രശ്നം വർദ്ധിച്ചുവരുന്ന കുടിശ്ശികയാണ്. കുടിശ്ശിക വർദ്ധിക്കുന്നതനുസരിച്ച് പ്രവർത്തനം മന്ദീഭവിക്കുന്നു. അതുമൂലം കുടിശ്ശികയില്ലാത്ത അംഗങ്ങൾക്കും യഥാസമയം വായ്പകൊടുക്കുവാൻ പറ്റാത്ത സ്ഥിതിയിലാണ്. അതുപോലെ തന്നെ നിക്ഷേപത്തിന്റെ അപര്യാപ്തതയും ഉണ്ട്. എന്നാൽ കിട്ടുന്ന നിക്ഷേപം കാര്യക്ഷമമായി വിവിധ രംഗങ്ങളിൽ വിനിയോഗിക്കുകയും വേണം. ജില്ലാസഹകരണബാങ്കുകളുടെ പ്രവർത്തനം പ്രാധമികബാങ്കുകൾക്ക് പ്രയാജനകരമല്ല. ജില്ലാബാങ്കുകളുടെ വ്യക്തിഗതവായ്പ വിതരണം ലഭിക്കാത്ത ബ്രാഞ്ചുകളുടെ രൂപീകരണം. പ്രാഥമിക ബാങ്കുകളെ കാര്യമായി ബാധിച്ചുകൊണ്ടിരുക്കുന്നു. കൂടിയ നിരക്കിൽ പലിശക്കു വാങ്ങിക്കുന്ന നിക്ഷേപങ്ങൾ ജില്ലാബാങ്കിൽ കുറഞ്ഞ പലിശക്ക് നിക്ഷേപിക്കേണ്ട ഗതികേടിലാണ് മിക്കസംഘങ്ങളും.

നിക്ഷേപങ്ങൾക്ക് പരിരക്ഷ ലഭിക്കുന്ന വ്യവസ്ഥകൾ ഇപ്പോൾ നടപ്പിലായിട്ടുണ്ട്. തന്നെയുമല്ല ദേശസാൽകൃത ബാങ്കുകൾ നൽകുന്നതിനേക്കാൾ കൂടിയ പലിശയും സഹകരണബാങ്കുകൾ നൽകുന്നുണ്ട്. അതുകൊണ്ട് നിക്ഷേപകർക്ക് കൂടുതൽ പ്രയോജനകരമായ വിധത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്കുകളിൽ നിക്ഷേപിച്ചാൽ ഈ ബാങ്കുകളെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയും.

മിക്കസഹകരണബാങ്കുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നതായാണ് സഥിതിവിവരക്കണക്കുകൾകാണിക്കുന്നത്; പലിശയിനത്തിനുള്ള അസന്തുലിതാവസ്ഥയും ഭീമമായ കുടിശ്ശികയും ഇതിന് കാരണങ്ങളാണ്. പുതിയ ഉദാരവൽക്കരണ നയം കൊണ്ട് സംഘങ്ങൾക്ക് ഗുണത്തേക്കാൾ ഏറെ ദോഷമാണ്. ദേശസാൽകൃത ബാങ്കുകൾക്ക് കേന്ദ്ര ഗവൺമെൻറ് റിവോൾവിംഗ്ഫണ്ട് സ്വരൂപിച്ച് അവയെ സഹായിക്കുമ്പോൾ സഹകരണസംഘങ്ങളെ ഉയർച്ചയിലെത്തിക്കാൻ യാതൊന്നുംതന്നെ ചെയ്യുന്നില്ല. ബോർഡിന്റെ ഈ രംഗത്തെ പ്രവർത്തനം കേരളത്തിലെ സംഘങ്ങൾക്ക് ഒട്ടും തന്നെ ഗുണകരമല്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ഫണ്ടുകൾ അതാതു സ്ഥലത്തെ പ്രാഥമിക ബാങ്കുകളിൽ നിക്ഷേപിക്കേണ്ടതാണ്.
2. ഒന്നലധികം സംഘങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ അമാൽഗമേഷൻ മുഖാന്തിരം ഒരു സംഘമായിപ്രവർത്തിക്കുവാൻ നിയമത്തിലെ വ്യവസ്ഥകൾ ഗവൺമെൻറുതന്നെ വിനിയോഗിക്കണം.
3. നിക്ഷേപങ്ങളും മറ്റും സ്വീകരിക്കുന്നതുപോലെതന്നെ വിവിധ പദ്ധതികൾ നടപ്പാക്കുവാൻ ഉള്ളഅധികാരം അതതു ബാങ്കുകൾക്ക് നല്കുന്നതാണ്. ഓഹരി എടുക്കുന്നതിനുള്ള പരിധി എടുത്തുകളയണം.
4. ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻ പ്രത്യേകഫണ്ട് DCB/DSCB/PACs/ സംയുക്തമായി ചേർന്ന് സ്വരൂപിക്കണം.
5. കല്ലറപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രവർത്തനരഹിതമായിക്കിടക്കുന്ന സഹകരണാശുപത്രി പുനരുദ്ധരിക്കുവാൻ പഞ്ചായത്തും ഗവൺമെൻറും ഒത്തൊരുമിച്ച് പ്രവർത്തിക്കണം.
6. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ചു വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം.
7. ഇപ്പോഴുള്ള തെരഞ്ഞെടുപ്പ് രീതി മാറ്റി ഭീമമായ ചെലവുകൾ കുറക്കുക. അതുപോലെതന്നെ പൊതുയോഗംകൂടുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.
8. കാർഷിക വായ്പക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് ഒരു വ്യക്തിക്ക് വിളനാശം സംഭവിച്ചാലും സഹായം ലഭിക്കുമെന്നതുറപ്പുവരുത്തുക.
9. വായ്പലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.
10. ആഡിറ്റ്ഫീസ് നിർത്തലാക്കുക.
11. സഹകരണസംഘങ്ങളിൽ ഗവൺമെൻറ് ഓഹരി എടുക്കുന്നത് 10 ലക്ഷം രൂപയെങ്കിലും ആക്കുക.
12. കൺസ്യൂമർസ്റ്റോർ / വളം കീടനാശിനി എന്നിവക്ക് ക്യാഷ്ക്രഡിറ്റ് അനുവദിക്കണം.
13. ആർബിട്രേഷൻഫീസ് മുമ്പേർ അടക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണം.
14. പ്രത്യേക സാഹചര്യങ്ങളിൽ നിക്ഷേപങ്ങൾ മടക്കികൊടുക്കുവാൻ ബുദ്ധിമുട്ടുവരുമ്പോൾ ആയവകൊടുക്കുവാൻ ജില്ലാ ബങ്ക് ക്യാഷ്ക്രഡിറ്റ് അനുവദിക്കണം.

പട്ടികജാതി/ വർഗ ക്ഷേമം

5. 11.

കേരളത്തിലെ ജനസംഖ്യയുടെ 11%-നുമേൽ വരുന്ന പട്ടികജാതി/വർഗ വിഭാഗങ്ങൾ പുരാതനകാലം മുതൽക്കേ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസമേഖലകളിൽ വളരെയധികം പിന്നോക്കാവസ്ഥയിൽ കഴിഞ്ഞുവരുന്നു. വിദ്യാഭ്യാസ സാമൂഹികരംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് അഭിലഷണീയമായ പുരോഗതി നേടുവാൻ ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സാമൂഹികരംഗത്ത് ഒട്ടനവധി അടിച്ചമർത്തലുകൾക്കും സാമ്പത്തികരംഗത്ത് ധാരാളം ചൂഷണങ്ങൾക്കും മുൻ കാലഘട്ടങ്ങളിൽ ഇവർ വിധേയരായിട്ടുണ്ട്. പിൽക്കാലത്ത് സാമൂഹ്യ പുരോഗതി നേടിയെടുക്കുന്നതിൽ 1957-ലെ ശ്രീ. ഇ. എം.എസിന്റെ നേതൃത്വത്തിലുണ്ടായ ജനകീയ സർക്കാർ കൊണ്ടുവന്ന് 1976-ൽ പ്രാബല്യത്തിലായ കേരള ഭൂപരിഷ്ക്കരണനിയമം വിപ്ലവകരമായ പങ്കുവഹിച്ചു. ഐക്യകേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥയിൽ കാതലായ മാറ്റം വരുത്തിയ നിയമമായിരുന്നു അത്. കേരളത്തിലെ ഭൂവുടമാബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റം വന്നു. ജന്മിവ്യവസ്ഥയ്ക്ക് അന്ത്യം കുറിച്ചു. കുടിയാന്മാർക്ക് സ്വന്തമായി കൃഷി ഭൂമി ലഭിച്ചു. കുടിയാൻമാർ അങ്ങനെ സ്ഥലമുടമകളായി. ജന്മിമാരുടെ ഭൂമിയിൽ കുടിയേറി പാർത്തിരുന്ന കർഷകത്തൊഴിലാളികളെ ഒഴിപ്പിക്കാൻ വയ്യാതായി. അവർക്കെല്ലാം പത്തുസെന്റ് സ്ഥലം വീതം ലഭിച്ചു. അതുപോലെ മുൻ കാലഘട്ടങ്ങളിൽ അനുഭവിക്കേണ്ടിവന്ന തീണ്ടൽ, തൊടീൽ തുടങ്ങിയ പല ഉച്ചനീചത്വങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും ഒരു പരിധിവരെ മോചനം നേടുവാൻ ഈ വിഭാഗത്തിന് സാധിച്ചിട്ടുണ്ട് എല്ലാ ജാതിമത വിഭാഗങ്ങളുടെയും എല്ലാത്തരം ചടങ്ങുകളിലും ഈ വിഭാഗത്തെ പങ്കെടുപ്പിക്കുന്നു. പൊതുചടങ്ങുകളിൽ തരക്കേടില്ലാത്ത പരിഗണന ലഭിക്കുകയും ചെയ്യുന്നു. എങ്കിലും ഈ വിഭാഗങ്ങളുടെ കുടുംബങ്ങളിൽ നടക്കുന്ന എല്ലാവിധ ചടങ്ങുകളിലും ഇതര മതസ്ഥർ പൂർണമായ അർത്ഥത്തിൽ പങ്കെടുക്കുന്നില്ല. തൊട്ടുകൂടായ്മയും മറ്റും സമൂഹത്തിന്റെ ബാഹ്യതലത്തിൽനിന്ന് ഉച്ചാടനം ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിലും മനസുകളിൽ പലപ്പോഴും ആ സ്വഭാവം ഇപ്പോഴും വാഴുന്നുണ്ടോ?

കല്ലറ പഞ്ചായത്തിൽ 12991 ജനങ്ങൾ അധിവസിക്കുന്നു. ഇതിൽ 18.7% പട്ടികജാതി/വർഗ വിഭാഗങ്ങളാണ്. ഇവർ 12 അംഗീകൃത കോളനികളിലും 4 അംഗീകാരത്തിനായി സമർപ്പിച്ചുള്ള കോളനികളിലായും ബാക്കി കുടുംബങ്ങൾ മറ്റു വിഭാഗങ്ങളുമായി ഇടകലർന്നുമാണ് ജീവിച്ചുപോരുന്നത്. ആകെ 2435 പട്ടികജാതി അംഗങ്ങളും 57 പട്ടികവർഗ അംഗങ്ങളുമാണുള്ളത്.

സംസ്കാരം

വളരെ സമ്പന്നമായ ഒരു സംസ്കാരത്തനിമ പേറുന്നവരാണിവർ. മുൻ കാലഘട്ടങ്ങളിൽ ഈ ഗ്രാമത്തിലെ ഉൽസവങ്ങൾക്ക് കൊഴുപ്പേകിയിരുന്ന ഇവരുടെ കലാരൂപങ്ങളായ മുടിയാട്ടം, കോൽക്കളി, കാളകളി തുടങ്ങിയവ അന്യംനിന്ന നിലയിലായിരിക്കുന്നു. അതുപോലെ വയലേലകൾക്ക് ഉണർത്തുപാട്ടുകളായിരുന്ന ഞാറുനടീൽപ്പാട്ടുകളും കൊയ്ത്തുപാട്ടുകളും പഴങ്കഥയായി മാറിയിരിക്കുന്നു. ഇക്കൂട്ടരുടെ അധീനതയിൽ രണ്ടും അഞ്ചും വാർഡുകളിൽ ഓരോ ശിവക്ഷേത്രവും ആറാം വാർഡിൽ ഒരു ദുർഗ്ഗാഭഗവതി ക്ഷേത്രവും മൂന്നാം വാർഡിൽ ശ്രീഭദ്രവിലാസം ക്ഷേത്രവും പ്രവർത്തിച്ചുവരുന്നു. പ്രാചീന കലകളുടെ പരിപോഷണാർത്ഥം ഈ ക്ഷേത്രങ്ങൾ സംരക്ഷിക്കേണ്ടിയിരിക്കുന്നു. തീണ്ടലും തൊടീലും കൊടികുത്തിവാണിരുന്ന കാലത്ത് ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസം നേടുന്നതിന് സ്ഥാപിച്ച ഹരിജൻ വെൽ

ഫെയർ സ്കൂളാണ് ഇന്നത്തെ ഗവൺമെൻറ് ഹരിജൻ വെൽഫെയർ സ്കൂൾ.

ഈ വിഭാഗത്തെ സാമൂഹികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടുവരുന്നതിന് അവർക്കു മാത്രമായുള്ള പല ക്ഷേമപരിപാടികളും സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നുണ്ട്. പട്ടികജാതി വികസനവകുപ്പും പട്ടികവർഗ വികസനവകുപ്പുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പട്ടികജാതി വികസനവകുപ്പിൻെറ പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ വികസനവകുപ്പിൻെറ ഗിരിവർഗ പദ്ധതിയും ഇവർക്കു മാത്രമായുള്ള ക്ഷേമപരിപാടികളാണ്. എന്നാൽ ഇത്തരം പദ്ധതികളെ സംബന്ധിച്ചു വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതിയുടെ അശാസ്ത്രീയമായ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഇക്കൂട്ടർക്കു കഴിയുന്നില്ല. സർക്കാർ കാലാകാലങ്ങളായി നൽകിവരുന്ന പല സൗജന്യങ്ങളും ഭാഗികമായിട്ടാണെങ്കിൽപോലും സാമൂഹ്യനേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇനിയും ധാരാളം അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കുന്നതിനായി അവശേഷിക്കുന്നുമുണ്ട്.

വിദ്യാഭ്യാസം

പഞ്ചായത്തിലെ ജനങ്ങളുടെ സാക്ഷരതാ ശതമാനം 94 ആണ്. ഇതിൽ പട്ടികജാതിക്കാരുടേത് 84 ഉം പട്ടികവർഗക്കാരുടേത് 84 ഉം ആകുന്നു.

പട്ടിക – 2

സാക്ഷരതാ നിലവാരം (ശതമാനം)

ജനവിഭാഗം	സ്ത്രീ	പു	ആകെ
പട്ടികജാതി	79	88	84
പട്ടികവർഗം	79	88	84
മറ്റുള്ളവർ	90	97	94

1990-ലെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലൂടെ പഞ്ചായത്തിലെ ഇതര ജനവിഭാഗങ്ങളോടൊപ്പം സാക്ഷരത നേടാൻ കഴിഞ്ഞുവെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ നില തൃപ്തികരമല്ല. എസ്. എസ്. എൽ. സി.ക്കോ പി. ഡി. സി.ക്കോ അപ്പുറം പഠിക്കാൻ പലരും തയ്യാറാകുന്നില്ല. പഞ്ചായത്തുപ്രദേശത്തെ സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് വളരെ കുറവാണ്. കൊഴിഞ്ഞുപോകുന്നവരിൽ അധികവും ഈ വിഭാഗത്തിൽപെടുന്നവരാണ്. ഒന്നാം വാർഡിൻെറ ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം പൊതുവിദ്യാഭ്യാസം നേടുന്നതിൽനിന്നും ഈ വിഭാഗത്തെ അകറ്റിനിർത്തുന്നു. വർഷങ്ങൾക്ക് മുൻപ് ആ പ്രദേശത്ത് ഒരു സ്കൂൾ പ്രവർത്തിച്ചിരുന്നുവെന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധാലുക്കളല്ല. മുൻ കാലഘട്ടങ്ങളിൽ തീണ്ടൽ, തൊടീൽ തുടങ്ങിയ കാരണങ്ങളാലും സാമ്പത്തിക ബുദ്ധിമുട്ടുകളാലും ധാരാളമാളുകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിട്ടുണ്ട്. എന്നാൽപോലും വിദ്യാഭ്യാസരംഗത്ത് എടുത്തുപറയത്തക്ക നേട്ടങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ജില്ലയിലെ മറ്റു പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ നേട്ടം മികച്ചതാണെന്നു വരുന്നു. ചില സൂചനകൾ താഴെ ചേർക്കുന്നു.

- പെരിയാകുളങ്ങര കുട്ടി – ജനറൽ സീറ്റിൽനിന്ന് പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.
- കെ. കുഞ്ഞുപണിക്കർ – ആദ്യമായി എസ്. എസ്. എൽ. സി. പാസായി.
- കുട്ടപ്പൻ മഠത്തിപ്പറമ്പിൽ – ആദ്യത്തെ സർക്കാർ ജീവനക്കാരൻ.
- യു. ഡി. ചെല്ലപ്പൻ – പഞ്ചായത്തിലെയെന്നല്ല ജില്ലയിലെ തന്നെ ആദ്യത്തെ ക്ലാസ് ഒന്ന് ഉദ്യോഗസ്ഥൻ.
- ടി. കെ. രാഘവൻ – ആദ്യത്തെ ഡിഗ്രിക്കാരൻ.
- ഡോ. (മിസ്സിസ്) വി. കെ. രാധാമണി – ബിന്ദു നഴ്സിംഗ് ഹോം നടത്തുന്നു.
- ടി. കെ. ഗോപാലൻ – കല്ലറ ഗ്രാമപഞ്ചായത്തിൻെറ പ്രഥമ പ്രസിഡൻറ്.
- കെ. പത്മനാഭൻ – കല്ലറ പഞ്ചായത്തിൻെറ ദീർഘകാലത്തെ വൈസ് പ്രസിഡൻറ്.
- ടി. കെ. ചെല്ലമ്മ – ആദ്യത്തെ ഡിഗ്രിക്കാരി
- കെ. പി. പ്രതാപൻ ബ്ലോക്ക് പഞ്ചായത്ത് മെംബർ.

കൂടാതെ ഡോക്ടർമാർ, എൻജിനീയർമാർ, മറ്റു സാങ്കേതിക തുറകളിൽ പ്രവർത്തിക്കുന്നവർ ഒക്കെ പട്ടികജാതി/വർഗ വിഭാഗത്തിൽ ഇന്നുണ്ട്.

പട്ടിക 3

ക്രമ നമ്പർ	തലം സ്റ്റാൻഡേർഡ്	പെൺ	ആൺ	ആകെ
1	I	22	20	42
2	II	19	15	34

3	III	27	15	42
4	IV	26	14	40
5	V	28	21	49
6	VI	28	36	64
7	VII	22	35	57
8	VIII	38	36	74
9	IX	31	34	65
10	X	34	32	66
	ആകെ	258	275	533

1996-97 അദ്ധ്യയനവർഷത്തിൽ 553 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇത് പഞ്ചായത്തിലെ കുട്ടികളുടെ 18.3% വരും. എസ്. എസ്. എൽ. സി., പി. ഡി. സി. എന്നിവയ്ക്കു തോറ്റാൽ വീണ്ടും പരീക്ഷയെഴുതാൻ പല വിദ്യാർത്ഥികളും ശ്രമിച്ചു കാണുന്നില്ല.

പി. ഡി. സി.ക്ക് ഉപരിയായി വിദ്യാഭ്യാസം നേടിയവരുടെ എണ്ണം വളരെ പരിമിതമാണ്. ഈ അവസ്ഥാവിശേഷം മാറ്റിയെടുക്കേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും പാടത്തും പറമ്പിലും പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ്. ഈ വിഭാഗം വലിയൊരു ഭീഷണിയെ നേരിടുകയാണ്. നെൽകൃഷി ആദായകരമല്ലെന്നും കൂടുതൽ ശ്രമകരമാണെന്നുമുള്ള ന്യായം പറഞ്ഞുകൊണ്ട് ഭൂരിപക്ഷം നെൽവയലുകളും ഇന്ന് കൃഷിയിറക്കാതെ തരിശിടപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ ഈ തുറയിൽ പണിയെടുത്തിരുന്ന ഈ വിഭാഗത്തിന് വർഷത്തിൽ വേണ്ടത്ര പണി ലഭിക്കാതായിരിക്കുന്നു. പുത്തൻ തലമുറ കൂടുതൽ കൂലി കിട്ടുന്ന മറ്റു തൊഴിലുകൾ തേടി നടക്കുകയും ചെയ്യുന്നു. ഇതിനൊരു മറുവശമെന്ന നിലയിൽ കൃഷിത്തൊഴിലാളിക്ക് മാന്യമായ കൂലി ലഭിക്കാതായിരിക്കുന്നു. കാർഷികമേഖലയിലെ തൊഴിൽ വേനൽക്കാല സമയങ്ങളിൽ ആകയാൽ ബാക്കി കിട്ടിയിരുന്ന സമയത്ത് ഇവർ ഉപതൊഴിലുകളായി മുൻകാലങ്ങളിൽ ചെയ്തുപോന്നിരുന്ന പായ് നെയ്ത്ത് തീരെ ഇല്ലാതായിരിക്കുന്നു. കാരണം കൈതയോല സംരക്ഷിക്കപ്പെടുന്നില്ലയെന്നതാണ്. ഇങ്ങനെ സ്വന്തം തൊഴിൽമേഖലയിൽനിന്നും അന്യവത്ക്കരിക്കപ്പെടുന്ന ഗുരുതരമായ സ്ഥിതി സംജാതമായിരിക്കുന്നു. നെൽകൃഷി ആദായകരമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് കൃഷിപ്പണി, പായ് നെയ്ത്ത്, പനമ്പ്/കൊട്ട നെയ്ത്ത് തുടങ്ങിയ തൊഴിലുകൾ ഉറപ്പുവരുത്തുന്നതോടൊപ്പം മറ്റു തൊഴിൽ സംരംഭങ്ങൾ കണ്ടെത്തി ആരംഭിക്കുകയും ചെയ്താൽ മാത്രമേ നാടിന്റെ സാമൂഹ്യപുരോഗതിക്ക് ആക്കം കൂട്ടുവാൻ കഴിയൂ.

പാർപ്പിടം

പഞ്ചായത്തിൽ ഇനിയും വീടുകളില്ലാത്ത പട്ടികജാതി/വർഗ കുടുംബങ്ങളുണ്ട്. ഭവനനിർമ്മാണ ഗ്രാന്റ്, ഭവനനിർമ്മാണ വായ്പ, ലക്ഷംവീട് ഇവയിലൂടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഭവന വായ്പയെടുത്ത് പലരും കടക്കെണിയിൽ അകപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ ആധാരം ബന്ധപ്പെട്ട ഓഫീസുകളിലാകയാൽ മറ്റു ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയും നിലവിലുണ്ട്. ഭവനനിർമ്മാണ സാമഗ്രികളുടെ അമിത വില കാരണം അനുവദിക്കപ്പെടുന്ന തുകകൊണ്ട് വീട് നിർമ്മിക്കുക അസാദ്ധ്യമായിരിക്കുന്നു. ഇതു കാരണം പണി പൂർത്തിയാകാത്ത വീടുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു. സ്വന്തമായി സ്ഥലമില്ലാത്ത പട്ടികജാതി/വർഗക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള സഹായം ലഭ്യമാക്കാതെ എല്ലാവർക്കും പാർപ്പിടമെന്നത് സാധിതപ്രായമാകില്ല.

ക്രമ നമ്പർ	കോളനിയുടെ പേര്	വാർഡ്
1	പാറയിൽ കോളനി	1
2	പുലയ കോളനി	1
3.	വടക്കേടത്തു വടക്കേപ്പറമ്പു കോളനി	2
4.	വാലയിൽ കോളനി ഐ.എച്ച്.ഡി.പി.	2
5.	ലക്ഷംവീട് കോളനി	2
6.	തറക്കുന്നേൽ ലക്ഷം വീട്	4
7.	കൊതവറക്കുന്ന് ലക്ഷംവീട് കോളനി	4
8	കൊതവറക്കുന്ന് ലക്ഷംവീട് കോളനി	4
9	കാവിമറ്റം ലക്ഷംവീട് കോളനി	4
10	കാവിമറ്റം 4 സെൻറ് കോളനി	4
11	അഞ്ചക്കർ കോളനി	5
12	വലിയപറമ്പു കോളനി	5
13	ചെരിവുപറമ്പ് സെറ്റിൽമെൻറ് കോളനി	3
14.	ശാസ്താംകുന്ന് സെറ്റിൽമെൻറ് കോളനി	7
15.	കോലാടപ്പറമ്പ് കോളനി	8
16	ഉദിയംതറ കോളനി	8

ഭൂരിപക്ഷം കോളനികളിലും ആവശ്യത്തിന് കക്കൂസില്ല, വൈദ്യുതിയില്ല, പൊതുനിരത്തില്ല, കുടിവെള്ളമില്ല. ഒറ്റപ്പെട്ട വീടുകളുടെയും അവസ്ഥ ഇതുതന്നെ.

പ്രശ്നങ്ങൾ:

- നിരക്ഷരത പൂർണ്ണമായും നിർമാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല.
- വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല.
- കാർഷികമേഖല തകർച്ചയെ നേരിടുന്നു. തൊഴിൽ കുറയുന്നു. ഉൽപാദനം കുറയുന്നു. ജീവിതം കൂടുതൽ കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
- എല്ലാ കുടുംബങ്ങൾക്കും വീടുകളില്ല. സ്വന്തമായി സ്ഥലമില്ല. ഭവനവായ്പത്തുക അപര്യാപ്തമാകയാൽ വീടുനിർമ്മാണം പൂർത്തീകരിക്കാതെ വായ്പത്തുക ധൂർത്തടിക്കുന്നു.
- കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.
- ആരോഗ്യ സംരക്ഷണ സംവിധാനം അപര്യാപ്തം.
- സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സൗകര്യമില്ല.
- പട്ടികജാതി/വർഗ ക്ഷേമത്തിനായുള്ള പദ്ധതികളെക്കുറിച്ച് അജ്ഞത
- ഐ.ആർ.ഡി.പി. തുടങ്ങിയവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
- വ്യവസായം, കച്ചവടം, സ്വയംതൊഴിൽ തുടങ്ങിയവ തുടങ്ങുന്നതിനുള്ള വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.
- പൊതുശ്മശാനം വേണ്ടത്രയില്ല.
- ചികിൽസാ ധനസഹായം, വിവാഹധനസഹായം ഇവ ലഭിക്കുന്നില്ല.
- കടക്കെണിയിൽ അകപ്പെടുന്നു.
- സാങ്കേതിക പരിശീലനം ലഭിക്കുന്നതിനാവശ്യമായ സ്ഥാപനങ്ങൾ ഇല്ല.
- ഡെ കെയർ സെൻററുകൾ ഇല്ല.
- കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ല.
- മൂണ്ടാറിൽ വിദ്യാഭ്യാസ സൗകര്യം, ആരോഗ്യ സേവന സൗകര്യം, വാർത്താവിനിമയ സൗകര്യം ഇവ ഇല്ല.

സാദ്ധ്യതകൾ:

സാമൂഹ്യ പുരോഗതിക്കുള്ള മുന്നുപാധിയെന്ന നിലയിൽ സാക്ഷരതാ തുടർപരിപാടികൾ ആരംഭിക്കണം. ആയതിലേക്ക് ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ സേവനം പ്രയോജനപ്പെടുത്തണം. അവർക്ക് നാമമാത്രമായെങ്കിലും പഞ്ചായത്തിൽനിന്നും പ്രതിഫലം നൽകണം. പട്ടികജാതി വിദ്യാർത്ഥികൾക്ക് അതാതു സ്കൂളുകളിൽ സ്പെഷ്യൽ ട്യൂഷൻ നിർബന്ധമായും നടപ്പിലാക്കണം.

കുടിവെള്ളം:

ഒന്ന്, നാല്, അഞ്ച്, എട്ട് വാർഡുകളിൽ കുടിവെള്ളക്ഷാമമുണ്ട്. മുണ്ടാറിൽ പൈപ്പുലൈൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ടാപ്പുകളിൽനിന്നും ജലം ലഭിക്കുന്നില്ല. രണ്ടാം വാർഡിൽനിന്നോ ഒന്നാം വാർഡിൻെറ മെയിൻകരയിൽനിന്നോ വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നതിനുള്ള നടപടി ഉണ്ടാവണം. അതേപോലെ 4, 5, 8 വാർഡുകളിൽ ഉയരമുള്ള പ്രദേശത്ത് പമ്പ് ഹൗസ് സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്താം. കിണറുകൾ കുഴിച്ച് ജലം ലഭ്യമാക്കാവുന്നിടങ്ങളിൽ അങ്ങനെ ചെയ്യണം.

ആരോഗ്യം

പഞ്ചായത്തിൽ ഒരു പ്രാഥമികരോഗ്യ കേന്ദ്രം സ്ഥാപിക്കുക. മുണ്ടാറിലും പെരുന്തുരുത്തിലും സബ് സെൻററുകൾ എല്ലാ ദിവസവും പ്രവർത്തിപ്പിക്കുക. മിച്ചഭൂമി കണ്ടെടുത്ത് പൊതുശ്മശാനം സ്ഥാപിക്കുക. പഞ്ചായത്തിൽ എലിനശീകരണവാരം ആചരിക്കണം.

വൈദ്യുതി

പഞ്ചായത്തിലെ പതിനാറു കോളനികളിലേയും 19 വീടുകൾ വൈദ്യുതീകരിക്കാനുണ്ട്. ഈ വീടുകൾ വൈദ്യുതീകരിക്കണം. ഇതിനാവശ്യമായ പരിപാടികൾ തയ്യാറാക്കണം.

പട്ടികജാതി വിഭാഗങ്ങളുടെ പുരോഗതിയെ ലാക്കാക്കിയുള്ള ക്ഷേമപരിപാടികളെക്കുറിച്ചു അവരിൽ അവബോധം ജനിപ്പിക്കാൻ ബോധവത്ക്കരണ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. ഹരിജനക്ഷേമവകുപ്പും പട്ടികജാതി വികസന കോർപ്പറേഷനും ഏകോപിപ്പിച്ച് പ്രവർത്തിക്കണം. ധനസഹായ, വായ്പാ പദ്ധതികളുടെ വ്യവസ്ഥകൾ ഉദാരമാക്കണം. ഗുണഭോക്താക്കളെ തക്കസമയത്ത് കണ്ടെത്തി പഞ്ചായത്തിലൂടെ തന്നെ വായ്പകൾ ലഭ്യമാക്കണം. വ്യവസ്ഥകൾ ലഘൂകരിക്കണം. മാനദണ്ഡങ്ങൾ മാറണം. വേണ്ടസമയത്ത് വിലയിരുത്തൽ നടത്തണം. മേൽനോട്ടം ഉണ്ടാവണം.


നിർദ്ദേശങ്ങൾ:


- കാർഷികമേഖലയിലെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് പരിഹാരം തേടുകയും ആ മേഖലയുടെ

അഭിവൃദ്ധി ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ട് തൊഴിൽസാധ്യത വർദ്ധിപ്പിക്കുക.

- പുതിയ പുതിയ തൊഴിൽസംരംഭങ്ങൾ ആരംഭിക്കുക – നെല്ല്, പുഴുങ്ങി കുത്തി അരിയാക്കൽ, കാലിത്തീറ്റ, കറിപൗഡർ നിർമ്മാണം, റെഡി മെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയവ.
- പായ്നെയ്ത്ത്, കൊട്ട നെയ്ത്ത് മുതലായവ വ്യാവസായികാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- പഞ്ചായത്തിലെ പെൺകുട്ടികൾക്ക് പ്രത്യേകിച്ച് കോളനികളിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകി അവരുടേതായ സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ എല്ലാവിധ സഹായങ്ങളും ചെയ്തു കൊടുക്കുക.
- പഞ്ചായത്ത് പ്രദേശത്ത് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങുക, തയ്യൽ, ഗാർമെൻറ് മേക്കിംഗ്, പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മാണം തുടങ്ങിയവ – കുട്ടികൾക്ക് സ്റ്റൈപ്പൻഡ് നൽകണം.
- പട്ടികജാതി/വർഗക്കാരുടെ ക്ഷേമപദ്ധതികൾക്ക് ജനസംഖ്യാനുപാതികമായ തുക നീക്കിവയ്ക്കുക. അവർക്കായുള്ള തുക വക മാറ്റി ചെലവഴിക്കാതിരിക്കുക. ഉദാ: പാലം, റോഡ് മുതലായവ.
- ജനസംഖ്യാനുപാതികമായി സംവരണത്തോത് ഉയർത്തുകയും സംവരണം പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും വേണം. സംവരണത്തോത് ഉയർത്താതെ പട്ടികജാതി ലിസ്റ്റിൽ ഇനിയും മറ്റു സമുദായങ്ങളെ ഉൾപ്പെടുത്തരുത്.
- തൊഴിൽ സന്തുലനം നടത്തുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി ത്വരിതപ്പെടുത്തുക.
- ഗവ. ധനസഹായത്തോടെ പ്രവർത്തിക്കുന്ന എല്ലാ ഗവൺമെൻറ്/അർദ്ധഗവൺമെൻറ് സ്ഥാപനങ്ങളിലും കോർപ്പറേഷൻ ബോർഡുകളിലും സംവരണം നടപ്പിലാക്കുക.
- പട്ടികജാതിക്കാർക്കായി പ്രത്യേക സഹകരണസംഘങ്ങൾ സ്ഥാപിക്കുക – കൃഷിയുപകരണങ്ങൾ, പായ് നെയ്ത്ത്, കൊട്ട നെയ്ത്ത്, ബുക്ക് ബയൻഡിംഗ് മുതലായവ.
- വീടു നിർമ്മിക്കാനുള്ള ധനസഹായവും, ധനവായ്പത്തുകയും വർദ്ധിപ്പിക്കുക. വീടു നിർമ്മിക്കുന്നതോടൊപ്പം കക്കൂസുണ്ടാക്കാനും വൈദ്യുതീകരിക്കാനുമുള്ള സഹായംകൂടി ചെയ്യുക. മുൻകാലങ്ങളിൽ നിർമ്മിച്ച് ജീർണാവസ്ഥയിലായ വീടുകൾ പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകുക.
- വീടു പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിത വായ്പ അനുവദിക്കുക.
- പട്ടികജാതി വികസനവകുപ്പു മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
- പഞ്ചായത്തിൽ പ്രീ മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.
- ഡെ കെയർ സെൻറർ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ സ്ഥാപിക്കുക.
- കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുക. മുണ്ടാറിൽ പൈപ്പുജലം എത്തിക്കുക. അഞ്ചും നാലും എട്ടും വാർഡുകളിൽ പമ്പുഹൗസുകൾ സ്ഥാപിക്കുക.
- അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ സേവനം കോളനി നിവാസികൾക്ക് ലഭ്യമാക്കാൻ ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കുക.
- എല്ലാ കോളനികളിലും ടി. വി. സെറ്റുകൾ സ്ഥാപിക്കുക.
- സെറ്റിൽമെൻറ് കോളനികളായി പ്രഖ്യാപിക്കുന്നതിനുപകരം ഒറ്റപ്പെട്ട വീടുകളായി കണ്ട് അവയുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ ഉണ്ടാക്കുക.
- പട്ടികജാതിക്കാരെ ജോലിക്കെടുത്തതിനുശേഷം തൊഴിൽ പരിശീലനത്തിന് അയയ്ക്കുക.
- ഇടയ്ക്കുവച്ചു വിദ്യാഭ്യാസം നിർത്തിവയ്ക്കാൻ നിർബന്ധിതരായ കുട്ടികൾക്ക് വീണ്ടും പഠിക്കുവാനും പരീക്ഷ എഴുതുവാനും വേണ്ട ഏർപ്പാടുകളുണ്ടാക്കുക.
- ധനകാര്യസ്ഥാപനങ്ങൾ, പട്ടികജാതി/വർഗ വിഭാഗങ്ങളിൽനിന്ന് കുറഞ്ഞ പലിശ ഈടാക്കാനുള്ള നടപടികൾ തയ്യാറാക്കുക.
- ഇക്കൂട്ടരുടെ ആരാധനാലയങ്ങൾക്ക് സംരക്ഷണവും – പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായവും ചെയ്യുക.
- കൈവശഭൂമിക്ക് പട്ടയം നൽകുക.

- മുണ്ടാറിലേക്ക് റോഡു നിർമ്മിക്കുക.
- പൊതുശ്മശാനമില്ലാത്ത മുണ്ടാർ, പെരുംതുരുത്ത് എന്നിവിടങ്ങളിൽ അവ നിർമ്മിക്കുകയും ഉള്ളവയ്ക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും വേണം.
- തുടർ സാക്ഷരതാ പരിപാടി നടപ്പിലാക്കുക.
- പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വായനശാലകൾ സ്ഥാപിക്കുക.
- പ്രാചീന കലകളെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
- മുണ്ടാറിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുക.
- അടിസ്ഥാന പ്രശ്നങ്ങളായ വീട്, കുടിവെള്ളം, വെളിച്ചം, ആരോഗ്യസംവിധാനം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പരിപാടികൾ നടത്തുക. ഇതിനു വേണ്ടി എ. സി. പി. തുക വഴിമാറ്റി ചെലവു ചെയ്യാതിരിക്കുക.





5. 12. വിഭവ സമാഹരണം

3ാന്നാംഗ്രേഡ് പഞ്ചായത്തായ കല്ലറ, വരുമാനത്തെക്കാൾ കൂടുതൽ ചെലവു വരുന്നതുകൊണ്ട് സാമ്പത്തികമായി ദരിദ്രപഞ്ചായത്താണ്. ഭൂപ്രകൃതിയനുസരിച്ച് ഏകദേശം പകുതിഭാഗം സ്ഥലങ്ങളും നെൽകൃഷി ചെയ്യുന്ന നിലങ്ങളാണ്. ഭൂരിഭാഗം ജനങ്ങളും സാമ്പത്തികമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും ഇടത്തരക്കാരുമാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളോ വ്യവസായ സ്ഥാപനങ്ങളോ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറച്ചു മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളു.

പഞ്ചായത്തിന്റെറ തനതു വരുമാനങ്ങളിൽ പ്രധാനപ്പെട്ടവ കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയവയാണ്.

95.96 വർഷത്തെ പ്രധാന വരുമാന മാർഗ്ഗങ്ങൾ

പട്ടിക - 1 (5 - 12)

ഇനം	തുക
കെട്ടിടനികുതി -	1,47,254-30
തൊഴിൽനികുതി -	99020.00
വിനോദനികുതി -	5,106-85
അധിക വിനോദനികുതി -	3,965-25
പ്രദർശനനികുതി -	1,560-00
പ്രദർശനനികുതിയിന്മേലുള്ള സർചാർജ് -	420-00
ചന്ത വരവ് -	3025.00
ലൈസൻസ് ഫീസ് -	2836.00
വസ്തുകൈമാറ്റ നികുതി-75% -	7191.00
അടിസ്ഥാന നികുതി -	53733.00

സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	-	122462.00
സംഭാവന	-	25,000.00
ഡെപ്പോസിറ്റ്	-	8307.00
മറ്റുള്ളവ	-	402718.25
ആകെ	-	882598.65
അവലംബം	-	ക്യാഷ്ബുക്ക്(ദ്വിതീയവിവരശേഖരണം)

മറ്റുപഞ്ചായത്തുകളെപ്പോലെ കല്ലറ പഞ്ചായത്തിലും പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതിക്ക് നിയമ പ്രകാരമുള്ള നികുതി നിർണ്ണയിക്കപ്പെടുന്നില്ല. കെട്ടിടത്തിന്റെറ മതിപ്പുവിലയുടെയോ വാർഷിക വാടകയുടെയോ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കപ്പെടുമ്പോൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമുണ്ടാകുന്നില്ല. കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെറ വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കും.

വിനോദ നികുതി, അധിക വിനോദ നികുതി എന്നിവയിൽ നിന്നുള്ള വരുമാനം യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. നിയമ പ്രകാരമുള്ള നികുതി ചുമത്തുകയും അവ കർശനമായി പിരിച്ചെടുക്കുകയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

സർക്കാർ അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവ പൊതുവേ കുറവായ ഈ പഞ്ചായത്തിൽ തൊഴിൽ നികുതിയിൽ നിന്നുള്ള വരുമാനം കുറവാണ്.

പട്ടിക - 2 (5 - 12)

സേവനമേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

	വിദ്യാഭ്യാസം		ആരോഗ്യം		മറ്റുസേവന മേഖലകൾ		
	സർക്കാർ	സ്വകാര്യം	സർക്കാർ	സ്വകാര്യം	സർക്കാർ	സഹകരണം	സ്വകാര്യം
സ്ഥാപനങ്ങൾ	4	4	2	4	13	3	1
ജീവനക്കാർ	35	95	9	6	50	29	13

അവലംബം - ദ്വതീയ വിവരശേഖരണം

കല്ലറ പഞ്ചായത്തിന് 95-96 വർഷം

വിവിധ ഇനങ്ങളിലായി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള ഗ്രാൻറുകൾ താഴെ പറയുന്നവയാണ്.

പട്ടിക - 3 (5-12)

വി.ആർ.എം. ഗ്രാൻറ്	എം.ഐ.ഗ്രാൻറ്	വി.റ്റി.സി	75% ഡ്യൂട്ടി	ജെ.ആർ.വൈ	അൺടൈഡ് ഫണ്ട്.	അടിസ്ഥാന നുകുതി
15776.00	5500.00	177315.00	7191.00	249,900	279030.00	53733.00

വിവിധ ഇനങ്ങളിലായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ചെലവഴിക്കപ്പെടുന്നില്ല എന്നു കാണുന്നു. ഇക്കാര്യത്തിൽ കാര്യക്ഷമമായ ഒരു പ്രവർത്തനം ഉണ്ടാകേണ്ടതാണ്. സർക്കാരിൽ നിന്നും നിയമപരമായിട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട നികുതികൾ പലപ്പോഴും യഥാസമയം ലഭിക്കുന്നില്ല. അതുപോലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന നല്കി ഗ്രാൻറുകൾ നല്കുന്നതിനും നടപടി ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തുവക ഒരു പബ്ലിക് മാർക്കറ്റ് നിലവിലുണ്ട്. ആയതിൽ നിന്നും 12,193 രൂപ വരവ് ഉണ്ട്. (95-96) സ്വകാര്യമാർക്കറ്റിൽ നിന്നും 2790 രൂപവരവ് ഉണ്ട്. വണ്ടിത്താവളങ്ങളോ അറവുശാലകളോ നിലവിലില്ല.

95-96 വർഷം പഞ്ചായത്ത്രാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും കല്ലറ പഞ്ചായത്തിന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ.

പട്ടിക - 4 (5-12)

വകുപ്പ്		തുക
മൃഗസംരക്ഷണം	-	12392.00
ആരോഗ്യം	-	387.00
കൃഷി	-	2230723.00
പൊതുമരാമത്ത്	-	21,900.00
ഹരിജനക്ഷേമം	-	6500.00
ക്ഷീരവികസനം	-	3060.00
സാമൂഹ്യക്ഷേമം	-	7950.00
ആകെ	-	2282912.00

അവലംബം - ദ്വിതീയവിവരശേഖരണം.

ചെലവിനങ്ങൾ

95-96 വർഷത്തെ പഞ്ചായത്തിൻെറ പ്രധാന ചെലവിനങ്ങൾ താഴെ പറയുന്നവയാണ്.

പട്ടിക - 5 (5-12)

ഇനം		തുക
ഭരണം	-	475961.05
പൊതുമരാമത്ത്	-	33761.50
വിദ്യാഭ്യാസം	-	6404.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	-	2555.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	-	53744.00
മറ്റുള്ളവ	-	123584.30
ആകെ	-	696009.85

അവലംബം - ദ്വിതീയ വിവരശേഖരണം

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്തിൽ ഭരണപരമായ ചെലവ് വർദ്ധിച്ചിരിക്കുന്നത് വികസന പ്രവർത്തനങ്ങൾക്ക് മാന്ദ്യമുണ്ടാക്കുന്നുണ്ട്.

പൊതുമരാമത്തു പണികൾക്കുവേണ്ടി ചെലവഴിക്കപ്പെടുന്നത് വി.റ്റി.സി, വി.ആർ.എം, എം.ഐ ഗ്രാൻറുകളായി കിട്ടുന്ന തുകകൾ മാത്രമാണെന്ന് കാണുന്നു.

തെരുവുവിളക്കുകൾ കത്തിക്കുന്നതിന് പഞ്ചായത്ത് ഭീമമായ തുക മുടക്കുന്നുണ്ടെങ്കിലും വിളക്കുകൾ യഥാ സമയം കത്തിക്കുന്നതിനോ ഫ്യൂസായ ബൾബുകൾ മാറുന്നതിനോ ഉള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ നടപടികൾ തൃപ്തികരമല്ല.

പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന സഹകരണബാങ്കുകളും ദേശസാൽകൃത ബാങ്കുകളും പഞ്ചായത്തുമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ വികസന പ്രക്രിയയിൽ ഒരു വമ്പിച്ച മാറ്റം തന്നെ ഉണ്ടാക്കുവാൻ കഴിയും.

താഴെപറയുന്ന വിവിധതരം ബാങ്കുകൾ കല്ലറയിൽ പ്രവർത്തിക്കുന്നുണ്ട്.

ബാങ്കിന്റെ പേര്	വാർഡ്
കല്ലറ സർവ്വീസ് സഹകരണബാങ്ക്, ക്ലിപ്തം നമ്പർ 582 കല്ലറപഞ്ചായത്ത്	3
കല്ലറ വില്ലേജ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 3123 "	6
സ്റ്റേറ്റു ബാങ്ക് ഓഫ് ട്രാവൻകൂർ "	3
സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ് "	1
മുണ്ടാർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 3311	1

മേൽ പറഞ്ഞ എല്ലാ ബാങ്കുകളിലും നല്ല നിലയിലുള്ള നിക്ഷേപം ഉള്ളതായി കണക്കാക്കുന്നു. ടി ബാങ്കുകളിൽ സഹകരണ ബാങ്കുകൾ തന്നെ ഒന്നേമുക്കാൽ കോടിയോളം രൂപ വിവിധയിനം വായ്പകളായി നൽകിയിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകൾ വായ്പ നൽകുന്നതിൽ തൃപ്തികരമായ ഒരു സമീപനം സ്വീകരിച്ചുകാണുന്നില്ല. ഈ പ്രവണത മാറ്റി എടുക്കേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. (തെരുവുവിളക്കുകൾ കത്തിക്കുന്നതിന് സേവനനികുതി ഏർപ്പെടുത്തുക തുടങ്ങിയവ)
2. ഭരണച്ചെലവിലെ വർദ്ധനവ്.
3. പദ്ധതികൾ നടപ്പിലാക്കുന്നതിന് അനാവശ്യമായ കാലതാമസം. (ഉദാ: അൺടൈഡ് ഫണ്ട്)
4. സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ - എല്ലാ വികസന പ്രവർത്തനങ്ങളും ഗവർമെൻറും പഞ്ചായത്തും ജനപ്രതിനിധികളും ചെയ്യട്ടെ എന്ന ജനങ്ങളുടെ മനോഭാവം.
5. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
6. സുതാര്യതക്കുറവ്

സാദ്ധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കാൽ - നികുതി നിർണ്ണയിക്കുന്നതിന് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിക്കുകയും അവ യഥാസമയം ഈടാക്കുകയും ചെയ്യുക.
2. തെരുവു വിളക്കുകൾ കത്തിക്കുന്നതിന് സേവന നികുതി ഏർപ്പെടുത്തുക. അത് പരിപാലിക്കുന്ന ജോലികൾ പഞ്ചായത്തിന് നല്കുക.
3. പഞ്ചായത്തിൽ നിലവിലുള്ള മാർക്കറ്റുകൾ പരിഷ്ക്കരിക്കുകയും വണ്ടിത്താവളങ്ങൾ, കശാപ്പുശാലകൾ എന്നിവ ഏർപ്പെടുത്തിയും വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.
4. വൻകിട കെട്ടിട നിർമ്മാണത്തിന് പ്രത്യേക നികുതി ഏർപ്പെടുത്തുക.
5. പഞ്ചായത്തു പ്രദേശത്ത് ഒരു സെൻറു കരഭൂമിക്ക് 5000 രൂപ മുതൽ 50,000 രൂപവരെ വിലയുണ്ട്. എന്നാൽ വസ്തു കൈമാറ്റ നികുതിയായി ലഭിക്കുന്ന തുക തുലോം കുറവാണ്. വസ്തു കൈമാറ്റനികുതി നിശ്ചയിക്കുന്നത് യഥാർത്ഥവിലയുടെ അടിസ്ഥാനത്തിൽ ആക്കുകയും, ആയതു നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നല്കുകയും ചെയ്യുക.
6. മാനവശേഷി ശരിയാംവണ്ണം ഉപയോഗിച്ച് സന്നദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
7. നമ്മുടെ നാടുകളിൽ നിന്നും വിദേശങ്ങളിൽ പോയിജോലി ചെയ്യുന്നവരുടെ സമ്പാദ്യം ഉല്പാദന മേഖലകളിലേക്ക് തിരിച്ചുവിടുക.

മേൽ സൂചിപ്പിച്ച സാധ്യതകൾ ശരിയായ രീതിയിൽ വിനിയോഗിച്ചാൽ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുവാൻ കഴിയും.

ഉപസംഹാരം

വിസ്തൃതിയിലും ജനസംഖ്യയിലും എന്ന പോലെ വരുമാനത്തിലും ഏറ്റവും പിന്നിലാണ് കല്ലറ പഞ്ചായത്തിന്റെ സ്ഥാനം. ജനങ്ങളുടെ തൊഴിലും വരുമാനവും പ്രധാനമായി നെൽകൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പറയത്തക്ക വ്യവസായ യൂണിറ്റുകളോ മറ്റു തൊഴിൽ മേഖലകളോ പഞ്ചായത്തിൽ ഇല്ല.

ചരിത്രത്തിൽ ആദ്യമായി പഞ്ചായത്തിന്റെ പോരായ്മകളും ആവശ്യങ്ങളും സ്വയം ചർച്ച ചെയ്യുവാനും പോംവഴി നിർദ്ദേശിക്കുവാനും ജനങ്ങൾക്ക് അവസരം കൈവന്നിരിക്കുകയാണ്. പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി വസ്തുനിഷ്ഠമായി വിശകലനം ചെയ്തുകൊണ്ടുവേണം ഇതാരംഭിക്കുവാൻ.

1996 സെപ്തംബർ 8-ാം തീയതി നടത്തപ്പെട്ട ജനകീയാസൂത്രണ പദ്ധതിയുടെ പ്രധാന പ്രവർത്തകരുടെ പരിശീലനം മുതൽ ഈ വികസന റിപ്പോർട്ട് അവതരണംവരെയുള്ള കാലയളവിൽ നടന്ന ശ്രമകരമായ പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാം ഘട്ടം വരയേ ആകുന്നുള്ളു. പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ നൂറുകണക്കിനാളുകളുടെ നിരന്തരമായ അദ്ധ്വാനം ഇതിന്റെ പിന്നിലുണ്ട്. കൂടാതെ ഈ നാട്ടിലെ സമസ്ത മേഖലകളിലും ഉൾപ്പെട്ട സമാദരണീയരായ അനേകം മാന്യവ്യക്തികളെ നേരിൽ കണ്ടും അല്ലാതെയും ശേഖരിച്ച വിലപ്പെട്ട വിവരങ്ങളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ട് രൂപീകരണത്തിന് ഒട്ടൊന്നുമല്ല സഹായിച്ചിട്ടുള്ളത്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ നല്കിയിട്ടുണ്ട്.

ഇതു ഒരു നൂതന സംരംഭമായതിനാൽ ഇതിനെ സംബന്ധിച്ചു മുൻപരിചയം ആർക്കും ഉണ്ടാകുവാൻ വഴിയില്ല. അതുകൊണ്ടു തന്നെ പ്രവർത്തകർ ഈ റിപ്പോർട്ട് കുറ്റമറ്റതാക്കുവാൻ എത്രകണ്ട് അക്ഷീണപ്രയത്നം ചെയ്തിട്ടുണ്ടെങ്കിലും ഇതിൽ പോരായ്മകൾ കണ്ടേക്കാം. എല്ലാ വിഭാഗീയ ചിന്താഗതികൾക്കും അതീതമായി നമ്മുടെ പ്രദേശത്തിന്റെ സമഗ്രവികസനം എന്ന ഒറ്റ ലക്ഷ്യത്തിനു വേണ്ടി ഏകമനസ്സായി പ്രവർത്തിച്ച് ഈ റിപ്പോർട്ട് കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും തുടർന്ന് നടക്കുവാൻ പോകുന്ന മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുന്ന 35-40% വരുന്ന ഫണ്ടുപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുൻഗണനാക്രമത്തിൽ നടപ്പിലാക്കി ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമേകുവാനും നമ്മുടെ പ്രദേശത്തിന്റെ ക്ഷേമൈശ്വരങ്ങളുടെ ഒരു നാഴികക്കല്ലാകുവാനും ഈ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

റ്റി.കെ. ഗോപാലൻ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്.

സൂചകങ്ങൾ

----------	പഞ്ചായത്തു അതിർത്തി
• • •	വില്ലേജ് അതിർത്തി
--.....--	വാർഡ് അതിർത്തി
	തോടുകൾ
	ടാർ റോഡുകൾ
••••••••	പഞ്ചായത്തുവഴി
	ക്രിസ്ത്യൻ പള്ളി
	ഹിന്ദു ക്ഷേത്രം
LPS	പ്രൈമറി സ്കൂൾ
UPS	അപ്പർ പ്രൈമറിസ്കൂൾ
HS	ഹൈസ്കൂൾ
PO	തപാലാഫീസ്
VO	വില്ലേജ് ഓഫീസ്
GP	ഗ്രാമപഞ്ചായത്ത് ഓഫീസ്
LR	ഗ്രന്ഥശാല

RR	വായനശാല
SIB	സൗത്തു ഇൻഡ്യൻ ബാങ്ക്
SBT	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
SCB	സർവ്വീസ് സഹകരണബാങ്ക്
CH	സഹകരണ ആശുപത്രി
C	കന്യകാമഠം
KVC	ഗോസംവർദ്ധനകേന്ദ്രം
M	ചന്ത
W	പൊതുകിണർ
CT	സിനിമാ തിയേറ്റർ
AH	ആലോപ്പതി ഹോസ്പിറ്റൽ
FWC	കുടുംബക്ഷേമകേന്ദ്രം
HD	ഹോമിയോ ഡിസ്പൻസറി
] [	പാലം


അധികാരം ജനങ്ങളിലേക്ക്